32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

NOT OUR MERIT BUT HIS GRACE · KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

August 09, 2024 | Vol. XXXII No. 32 | Periodicals Postage Paid




SINCE 1924

MC ROAD, THIRUVALLA | 0469-2602221 | +91-97783 02221


THRISSUR | THODUPUZHA | KOTTAYAM | KOLLAM | PALA | WWW.PULIMOOTTILONLINE.COM

FOR ONLINE SHOPPING: ALMARAH_BY_PULIMOOTTIL



വയനാടിന് കൈത്താങ്ങായതിൽ ചിക്കാഗോ സീറോ മലബാർ രൂപതക്ക് നന്ദി അറിയിച്ചുകൊണ്ട് കടുത്തുരുത്തി എംഎൽഎ അഡ്വ. മോൻസ് ജോസഫ് ചിക്കാഗോ സെന്റ് തോമസ് സീറോ മലബാർ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് പിതാവിനെ സന്ദർശിച്ചപ്പോൾ. വികാരി ജനറാൾ ഫാ. ജോൺ മേലേപ്പുറം, പ്രയത്ന ഡയറക്ടർ ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി, കേരളാ എക്സ്പ്രസ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലി, ഫോമാ വൈസ് പ്രസിഡണ്ട് സണ്ണി വള്ളിക്കളം എന്നിവരാണ് സമീപം. (വാർത്ത 11–ാം പേജിൽ)


KUNNATHA INJURY LAWYERS
Free Consultation/Case Evaluation
ATLANTA : 404 633 4200
CHICAGO: 312 757 4700
EXPERIENCE PERSONAL ATTENTION RESULTS
Salu K. Kunnatha
Reena Emmanuel
Joshua Opdycke
Dedicated Lawyers Handling Serious Injuries and Wrongful Death Cases
Over 50 years of Combined Experience
No legal fees until we collect compensation for you
Millions recovered for our clients each year!
ATLANTA
1800 Century Boulevard NE, Suite 1750 Atlanta, GA 30345 Ph: 404 633 4200
CHICAGO
708 Church St, Suite 235 Evanston, IL 60201 Ph: 312 757 4700
www.kunnathalaw.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


MIDWEST WINDOWS & DOORS
45% OFF FOR WINDOWS
40% OFF FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com

32nd Year of Service 2024

Price $1.00

NOT OUR MERIT BUT HIS GRACE · KERALA EXPRESS

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 അതിപിന്നാക്കക്കാർക്ക് മുൻഗണന
6 ഉത്തരേന്ത്യയിലും പ്രളയക്കെടുതി
9 ഫോമാ കൺവൻഷൻ ഒരുക്കങ്ങൾ പൂർത്തിയായി
15 ഫൊക്കാന കൺവൻഷൻ ഓർമ്മകൾ
19 കാരുണ്യത്തിന്റെ കൈത്താങ്ങായി ...

### മുല്ലപ്പെരിയാർ:
## സുരക്ഷാകരാറിന്റെ നിയമസാധുത പരിശോധിക്കുന്നു



കട്ടപ്പന: മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട് ഇതുവരെ ഉണ്ടായിരുന്ന ഡാം സുരക്ഷാ തർക്കം കരാറിന്റെ നിയമസാധുതയിലേക്കു ഗതിമാറുന്നു. കുമളി ടൗണിനു സമീപം ആവനവച്ചാലിൽ കേരള വനം വകുപ്പ് മെഗാ പാർക്കിംഗ് കോംപ്ലക്സ് നിർമിച്ചതിനെതിരെ 2014-ൽ തമിഴ്നാട് നൽകിയ കേസിലാണ് വാദത്തിൽ ഗതിമാറ്റം ഉണ്ടായിരിക്കുന്നത്.

മുല്ലപ്പെരിയാർ ഡാം കാലപ്പഴക്കത്താൽ ബലക്ഷയമായെന്നും ഡാം ഡികമ്മീഷൻ ചെയ്യണമെന്നുള്ള കേസുകൾ നിലനിൽക്കെയാണ് മുല്ലപ്പെരിയാർ പാട്ടക്കരാറിന്റെ നിയമസാധ്യത പുതിയ വിഷയമായി സുപ്രീംകോടതി പരിഗണിച്ചിരിക്കുന്നത്. (ശേഷം 24-ാം പേജിൽ)

## വയനാട് പുനരധിവാസത്തിന് ടൗൺഷിപ് നിർമിക്കും

തിരുവനന്തപുരം: ഉരുൾപൊട്ടൽ ദുരന്തത്തിൽ തകർന്നടിഞ്ഞ വയനാട്ടിലെ ചൂരൽമല, മുണ്ടക്കൈ നിവാസികളെ പുനരധിവസിപ്പിക്കാൻ സുരക്ഷിതസ്ഥലം കണ്ടെത്തി ടൗൺഷിപ് നിർമിക്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. വലിയ അധ്വാനവും മികച്ച ആസൂത്രണവും ആവശ്യമായ ഈ ഉദ്യമം അതിവേഗം പൂർത്തിയാക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. വലിയ ജനവാസമേഖലയാണു മറഞ്ഞുപോയത്. അതിനു പകരം കൂടുതൽ സുരക്ഷിതമായ മറ്റൊരു പ്രദേശം കണ്ടെത്തി ടൗൺഷിപ് നിർമിക്കാനുള്ള ചർച്ചകൾ ഭരണതലത്തിൽ ആരംഭിച്ചു. മാതൃകാപരമായ രീതിയിൽ പുനരധിവാസപദ്ധതി അതിവേഗം പൂർത്തിയാക്കും. നിലവിൽ രക്ഷാപ്രവർത്തനത്തിനാണ് ഊന്നൽ. പുനരധിവാസത്തിനായി ഉടൻ വിശദപദ്ധതിരേഖ തയാറാക്കും. ദുരന്തം മൂലം വെള്ളാർമല സ്കൂളിൽ പഠനം മുടങ്ങിയിരിക്കുകയാണ്. കുട്ടികളുടെ വിദ്യാഭ്യാസം തുടരാനുള്ള സംവിധാനമേർപ്പെടുത്തും.

### വയനാട് ദുരന്തം: മണ്ണിലാണ്ടവർക്കായി വീണ്ടും തെരച്ചിൽ
# തിരിച്ചറിയാത്തവരെ ഒന്നിച്ചു സംസ്കരിച്ചു

കൽപ്പറ്റ: ഉരുൾപൊട്ടൽ തകർത്ത മുണ്ടക്കൈയിലും ചൂരൽമലയിലും നടത്തുന്ന രക്ഷാപ്രവർത്തനം ഏഴാം ദിനത്തിലേക്ക്. ചാലിയാറിൽ മൃതദേഹങ്ങൾക്കായി തെരച്ചിൽ തുടരുകയാണ്. ആഗസ്റ്റ് നാലിന് ചാലിയാർ പുഴയിൽ നടത്തിയ തെരച്ചിലിൽ രണ്ട് മൃതദേഹങ്ങളും 10 ശരീര ഭാഗങ്ങളും കണ്ടെത്തിയിരുന്നു. തിരിച്ചറിയാത്ത എട്ട് മൃതദേഹങ്ങൾ സംസ്കരിച്ചു. മരണസംഖ്യ 387 ആയി. കണ്ടെത്താനുള്ളത് 180 പേരെ. ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടുള്ളത് 221 മരണം.

നാടിന്റെ സ്നേഹവും ബഹുമാനവും ഏറ്റുവാങ്ങിയാണ് ഇവർ പിറന്ന നാടിനോടു വിടപറഞ്ഞത്. പോസ്റ്റ്മോർട്ടം നടപടികൾക്കുശേഷം ഫ്രീസറുകളിൽ സൂക്ഷിച്ചിരുന്ന തിരിച്ചറിയാനാകാത്ത 500 മുതൽ 508 വരെ നമ്പർ രേഖപ്പെടുത്തിയ മൃതദേഹങ്ങൾ സർവമത പ്രാർത്ഥനയ്ക്കുശേഷം മേപ്പാടിയിലെ പുത്തുമലയിൽ എന്നേക്കുമായി മണ്ണിൽ മറഞ്ഞു. ക്രൈസ്തവ, ഹിന്ദു, മുസ്ലിം മതവിഭാഗങ്ങൾക്കു പത്തുമിനിറ്റ് വീതമാണ് പ്രാർത്ഥനയ്ക്കു സമയം അനുവദിച്ചത്. മേപ്പാടി കമ്യൂണിറ്റി ഹാളിൽ സൂക്ഷിച്ചിരുന്ന മൃതദേഹങ്ങൾ ആംബുലൻസുകളിലാണ് പുത്തുമലയിൽ ഒരുക്കിയ കുഴിമാടങ്ങളിൽ എത്തിച്ചത്. ദുരന്തനിവാരണ നിയമമനുസരിച്ച് ഹാരിസൺ മലയാളം പ്ലാന്റേഷനിൽ കണ്ടെത്തിയ 64 സെന്റ് സ്ഥലത്താണ് ഇവർക്ക് അന്ത്യവിശ്രമം ഒരുക്കിയത്. ഇവിടെ 30-ഓളം പേരെ സംസ്കരിക്കുന്നതിനുള്ള കുഴിമാടങ്ങളാണ് തയാറാക്കിയിരുന്നത്.

67 പേരുടെ മൃതദേഹങ്ങളാണ് തിരിച്ചറിയാൻ സാധിക്കാതെ മേപ്പാടിയിൽ സൂക്ഷിച്ചിരിക്കുന്നത്. ചിലരെയെങ്കിലും തിരിച്ചറിയാൻ സാധിക്കുമെന്ന ബന്ധുക്കളുടെ ആകുലത കണക്കിലെടുത്ത് എല്ലാ മൃതദേഹങ്ങളും ഒരുമിച്ച് സംസ്കരിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയായിരുന്നു. ഒടുവിലാണ് തിരിച്ചറിയാൻ സാധിക്കാത്തതും ബന്ധുക്കളാരും അവകാശവാദം ഉന്നയിക്കാത്തതുമായ എട്ട് മൃതദേഹങ്ങൾ പുത്തുമലയിൽ സംസ്കരിക്കാൻ തീരുമാനിച്ചത്. മൃതദേഹങ്ങളുടെ ജനിതക പരിശോധനകളും ഡിഎൻഎ പ്രൊഫൈലും തയാറാക്കിയിരുന്നു.



ഉരുൾപൊട്ടൽ ദുരന്തത്തിൽ മരിച്ച തിരിച്ചറിയാത്ത മൃതദേഹങ്ങൾ സംസ്കരിക്കാൻ പുത്തുമലയിലെ ഹാരിസൺ മലയാളം പ്ലാന്റേഷനിൽ ഒരുക്കിയ കുഴിമാടങ്ങൾ

അന്ത്യോപചാരം അർപ്പിക്കാൻ നൂറുകണക്കിന് ആളുകൾ പുത്തുമലയിൽ എത്തിയിരുന്നു. മൃതദേഹങ്ങൾക്ക് ആദരവർപ്പിക്കാൻ റോഡിന് ഇരുവശത്തും നിരവധിയാളുകൾ കാത്തുനിന്നു. മന്ത്രിമാരും എംഎൽഎമാരും മറ്റു ജനപ്രതിനിധികളും അന്ത്യോപചാരം അർപ്പിക്കാൻ എത്തിയിരുന്നു. സംസ്കാരത്തിനുശേഷം കുഴിമാടത്തിൽ സ്ഥാപിക്കുന്ന കല്ലുകളിൽ മൃതദേഹത്തിന്റെ നമ്പർ രേഖപ്പെടുത്തി.

ബെയ്‌ലി പാലം കടന്ന് ചൂരൽമലയിലേക്കും മുണ്ടക്കൈയിലേക്കുമുള്ള പ്രവേശനം നിയന്ത്രിക്കുമെന്ന് റവന്യൂ മന്ത്രി കെ. രാജൻ പറഞ്ഞു. കൂടുതൽ ആളുകൾ വരുന്നത് തെരച്ചിലിനും സന്നദ്ധ പ്രവർത്തനത്തിനും മറ്റും ബുദ്ധിമുട്ടുണ്ടാക്കുന്ന സാഹചര്യത്തിലാണിത്. ദുരന്തത്തിൽ മരിച്ചവരുടെ മൃതശരീരങ്ങളും ശരീരഭാഗങ്ങളും തിരിച്ചറിയുന്നതിനുള്ള ശാസ്ത്രീയ പരിശോധനയ്ക്കായി ബന്ധുക്കളുടെ രക്തസാംപിൾ ശേഖരണം മേപ്പാടിയിൽ ആരംഭിച്ചു.

## ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന രാജിവെച്ചു

ധാക്ക: ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന രാജിവെച്ചു. ഷെയ്ഖ് ഹസീനയും സഹോദരിയും ഇന്ത്യയിലെത്തിയതായാണ് വിവരം. ഇതിനു പിന്നാലെ രാജ്യത്തിന്റെ നിയന്ത്രണം സൈന്യം ഏറ്റെടുത്തു. രാജ്യത്ത് ഉടൻ ഇടക്കാല സർക്കാർ രൂപീകരിക്കുമെന്ന് ബംഗ്ലാദേശ് ചീഫ് ഓഫ് ആർമി സ്റ്റാഫ് വേക്കർ ഉസ്സമാൻ പ്രഖ്യാപിച്ചു. എല്ലാ രാഷ്ട്രീയ പാർട്ടികളെയും ഉൾപ്പെടുത്തിയാകും സർക്കാരെന്നും പാർട്ടികളുമായി നടത്തിയ അടിയന്തര ചർച്ചയിൽ ഇക്കാര്യത്തിൽ ധാരണയായെന്നും അദ്ദേഹം അറിയിച്ചു.



പ്രതിസന്ധി പരിഹരിക്കാൻ പ്രസിഡണ്ട് മുഹമ്മദ് ഷഹാബ്ബുദാദീനുമായി ചർച്ച നടത്തിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഔദ്യോഗിക വസതിയിൽനിന്നും ഹസീന സുരക്ഷിത കേന്ദ്രത്തിലേക്ക് മാറി. ബംഗ്ലാദേശിൽ സർക്കാരിനെതിരെ പ്രക്ഷോഭം ശക്തമായ സാഹചര്യത്തിലാണ് നീക്കമെന്നു രാജ്യാന്തര മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തു. പ്രധാനമന്ത്രിയുടെ രാജി ആവശ്യപ്പെട്ട് ആയിരക്കണക്കിന് പ്രക്ഷോഭകാരികൾ ധാക്കയിലെ സെൻട്രൽ സ്ക്വയറിലെത്തി. ഭരണകക്ഷിയായ അവാമി ലീഗിന്റെ പ്രവർത്തകരും പ്രതിഷേധക്കാരും തമ്മിലുള്ള സംഘർഷത്തിൽ നൂറിലധികം പേർ കൊല്ലപ്പെട്ടു.

സാഹചര്യം മോശമാണെന്ന് ബംഗ്ലാദേശ് നിയമമന്ത്രി മാധ്യമങ്ങളോട് പ്രതികരിച്ചു. ധാക്ക വിടുന്നതിന് മുമ്പ് പ്രസംഗം (ശേഷം 24-ാം പേജിൽ)




**മണ്ണെടുപ്പ്: പരിസ്ഥിതി അനുമതി വേണ്ടെന്ന് കേന്ദ്രസർക്കാർ**

ന്യൂഡൽഹി: സുപ്രീം കോടതിയിൽനിന്നു കടുത്ത വിമർശനം നേരിട്ടിട്ടും വികസ

# പട്ടികജാതി സംവരണം: അതിപിന്നാക്കക്കാർക്ക് മുൻഗണന

ന്യൂഡൽഹി: പട്ടികജാതി (എസ്‌സി) വിഭാഗങ്ങളിലെ അതിപിന്നാക്ക സമുദായക്കാർക്കു സംവരണത്തിന്റെ മെച്ചം കൂടുതൽ കിട്ടും വിധം ഉപവർഗീകരണം ആകാമെന്നു സുപ്രീംകോടതിയുടെ ഏഴംഗ ഭരണഘടനാ ബെഞ്ച് ഭൂരിപക്ഷ വിധിയിലൂടെ (6–1) വ്യക്തമാക്കി. ഉപവർഗീകരണം സാധ്യമല്ലെന്നും പട്ടികജാതി ലിസ്റ്റ് തയാറാക്കേണ്ടത് ഭരണഘടനയുടെ 341–ാം വകുപ്പു പ്രകാരം രാഷ്ട്രപതിയുടെ അധികാരമാണെന്നുമുള്ള 2004–ലെ വിധി (ഇ.വി. ചിന്നയ്യയും ആന്ധ്രപ്രദേശ് സർക്കാരും തമ്മിലുള്ള കേസ്) റദ്ദാക്കിക്കൊണ്ടാണ് ഈ സുപ്രധാന വിധി.

ഉപവിഭാഗങ്ങളുടെ പ്രാതിനിധ്യക്കുറവ് ശാസ്ത്രീയവും കൃത്യവുമായ ഡേറ്റയുടെ അടിസ്ഥാനത്തിൽ സാധൂകരിക്കാൻ സർക്കാരിനു കഴിയണമെന്നു ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി. തീരുമാനം തോന്നുംപടിയോ രാഷ്ട്രീയ താൽപര്യങ്ങളാലോ ആകരുത്.

ഒരു ഉപവിഭാഗത്തിനു മാത്രമായി മുഴുവൻ സംവരണവും അനുവദിക്കാൻ കഴിയില്ല. തീരുമാനം കോടതിയുടെ പരിശോധനയ്ക്കു വിധേയമായിരിക്കുമെന്നും വ്യക്തമാക്കി. ഏഴംഗ ബെഞ്ചിലെ ജസ്റ്റിസ് ബേല എം. ത്രിവേദി മാത്രമാണ് ഭിന്നവിധിയെഴുതിയത്.

2010–ലെ പഞ്ചാബ്–ഹരിയാന ഹൈക്കോടതി വിധി ചോദ്യംചെയ്തു പഞ്ചാബ് സർക്കാർ നൽകിയതുൾപ്പെടെയുള്ള 23 ഹർജികൾ ബെഞ്ച് പരിഗണിച്ചു. എസ്‌സി സംവരണത്തിൽ 50 ശതമാനം വാൽമീകി, മസാബി സിഖ് വിഭാഗക്കാർക്ക് ഉപസംവരണം ചെയ്തുള്ള പഞ്ചാബ് സർക്കാരിന്റെ 2006–ലെ പിന്നാക്ക സംവരണ നിയമത്തിലെ ചട്ടം പഞ്ചാബ്–ഹരിയാന ഹൈക്കോടതി 2010–ൽ റദ്ദാക്കിയിരുന്നു. ഇതിനെതിരായ ഹർജികളാണ് സുപ്രീംകോടതി പരിഗണിച്ചത്. പട്ടികജാതികളിൽതന്നെ ഏറ്റവും പിന്നാക്കമായവർക്കായി നിശ്ചിതശതമാനം സംവരണം ഏർപ്പെടുത്താൻ സംസ്ഥാനങ്ങൾക്ക് അധികാരമുണ്ടെന്നു

(ശേഷം 24–ാം പേജിൽ)

## ദേശീയ ദുരന്തം എന്നൊന്നില്ലെന്ന് ബിജെപി

തിരുവനന്തപുരം: വയനാട് ഉരുൾപൊട്ടലിനെ എന്തുകൊണ്ട് കേന്ദ്രസർക്കാർ ദേശീയ ദുരന്തമായി പ്രഖ്യാപിക്കുന്നില്ല എന്നാണ് രാഷ്ട്രീയ ചർച്ച. ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെ ആവശ്യപ്പെടുമ്പോൾ ദേശീയ ദുരന്തം എന്നൊന്നില്ലെന്നാണ് ബിജെപിയുടെ നിലപാട്. ദേശീയ ദുരന്തമായി പ്രഖ്യാപിക്കാൻ നിബന്ധന ഇല്ലെന്ന യുപിഎ സർക്കാരിന്റെ കാലത്ത് ആഭ്യന്തര സഹമന്ത്രിയായിരുന്ന മുല്ലപ്പള്ളി രാമചന്ദ്രൻ വ്യക്തമാക്കിയിരുന്നു. അതും ബിജെപി ചൂണ്ടിക്കാണിക്കുന്നു.

2013–ൽ ഉത്തരാഖണ്ഡ് ദുരന്തം സംബന്ധിച്ച ചോദ്യത്തിനാണ് മുല്ലപ്പള്ളി രാമചന്ദ്രൻ ലോക്സഭയിൽ മറുപടി നല്കിയത്. രാജ്യത്തുണ്ടാകുന്ന ഗുരുതര പ്രകൃതി ദുരന്തത്തെ ദേശീയ ദുരന്തമായി പ്രഖ്യാപിക്കാൻ സർക്കാർ എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ എന്നായിരുന്നു ചോദ്യം. കേന്ദ്രസർക്കാരിന്റെ മാർഗനിർദേശത്തിൽ ദേശീയ ദുരന്തമായി പ്രഖ്യാപിക്കാൻ നിബന്ധന ഇല്ലെന്നാണ് അന്ന് മുല്ലപ്പള്ളി രാമചന്ദ്രൻ നല്കിയ മറുപടി. ദുരന്തമുണ്ടാകുമ്പോൾ ആവശ്യമായ രക്ഷാപ്രവർത്തനവും ദുരിതാശ്വാസ പ്രവർത്തനവും നടത്തേണ്ട പ്രാഥമിക ഉത്തരവാദിത്തം സംസ്ഥാന സർക്കാരിനാണെന്നും മുല്ലപ്പള്ളി രാമചന്ദ്രൻ മറുപടിയിൽ പറഞ്ഞിരുന്നു.

ഓരോ ദുരന്തത്തിന്റെയും വ്യാപ്തി, തീവ്രത, ആവശ്യമായ ദുരിതാശ്വാസ സഹായത്തിന്റെ അളവ്, വിഷയം കൈകാര്യം ചെയ്യാൻ സംസ്ഥാന സർക്കാരിന്റെ കഴിവ് തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ചാണ് കേന്ദ്രം ഒരു ദുരന്തത്തെ അതീവഗൗരവമുള്ള ദുരന്തമായി പരിഗണിക്കുകയെന്നു സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ ദേശീയ ദുരന്തമായി പ്രഖ്യാപിക്കാൻ നിശ്ചിത മാനദണ്ഡമില്ല.

അതേസമയം അതീവ ഗൗരവമുള്ള ദുരന്തത്തിന് ദേശീയ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും (എൻഡിആർഎഫ്) കൂടുതൽ സഹായവും പരിഗണിക്കുമെന്നും മറുപടിയിൽ പറഞ്ഞിരുന്നു.

## ഈ ദുരന്തം മനുഷ്യനിർമിതം: ഗാഡ്ഗിൽ

മുംബൈ: ക്വാറികളുടെ നിരന്തരപ്രവർത്തനവും പാറപൊട്ടിക്കലുമാണു വയനാട്ടിലെ ഉരുൾപൊട്ടലിനു പ്രധാന കാരണമെന്നും ഉണ്ടായതു മനുഷ്യനിർമിത ദുരന്തമാണെന്നും പരിസ്ഥിതി ശാസ്ത്രജ്ഞൻ മാധവ് ഗാഡ്ഗിൽ. ഇതിൽ സർക്കാരിനും പങ്കുണ്ട്. പ്രദേശത്തെ റിസോർട്ടുകളും അനധികൃത നിർമാണവും നിയന്ത്രിക്കാൻ കഴിഞ്ഞില്ല. പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ ഇപ്പോഴും നിർമാണങ്ങൾ നടക്കുന്നു. പ്രകൃതിയെ മറന്നുള്ള നിർമാണങ്ങൾക്കു കൂട്ടുനിൽക്കുകയാണു സർക്കാർ. ക്വാറികൾ ഇടതടവില്ലാതെ പ്രവർത്തിക്കുന്നതാണ് ഉരുൾപൊട്ടലിന്റെ മുഖ്യ കാരണം. അതുതന്നെയാണു വയനാട്ടിലും കണ്ടത്. പാറപൊട്ടിക്കൽ മണ്ണിന്റെ ബലം കുറച്ചു. അതിശക്തമായ മഴവന്നതോടെ ഇതു ദുരന്തത്തിൽ കലാശിച്ചു. കേരളത്തിലെ പരിസ്ഥിതി ലോല പ്രദേശങ്ങളിൽ നിർമാണ പ്രവർത്തനങ്ങൾ നിയന്ത്രിച്ചില്ലെങ്കിൽ ഇനിയും അപകടങ്ങൾ ഉണ്ടാകുമെന്നു മുന്നറിയിപ്പു നൽകിയ അദ്ദേഹം ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് ഇപ്പോൾ ചർച്ചയാകുന്നുണ്ടെങ്കിൽ നല്ലതാണെന്നും പൂണെയിൽ പ്രതികരിച്ചു.

## അവയവം കൊണ്ടുപോകാൻ മാർഗനിർദേശം

ന്യൂഡൽഹി: അവയവമാറ്റ ശസ്ത്രക്രിയക്കായി അവയവങ്ങൾ കൊണ്ടുപോകുന്നതിന് ആദ്യമായി മാർഗനിർദേശവുമായി കേന്ദ്ര ആരോഗ്യ മന്ത്രാലയം. അവയവങ്ങളുമായി പോകുന്ന വിമാനങ്ങൾക്ക് ടേക്ക് ഓഫിനും ലാൻഡിങ്ങിനും മുൻഗണന നല്കുന്നതടക്കമുള്ള നിർദേശങ്ങളാണ് ഇതിലുള്ളത്. ഗതാഗതം കാര്യക്ഷമമാക്കുന്നതിലൂടെ അവയവമാറ്റം പരമാവധിയാക്കാനും കൈമാറ്റശസ്ത്രക്രിയകൾക്ക് കാത്തിരിക്കുന്നവർക്ക് പ്രതീക്ഷ നല്കാനും കഴിയുമെന്ന് കേന്ദ്ര ആരോഗ്യസെക്രട്ടറി അപൂർവചന്ദ്ര പറഞ്ഞു.

വിമാനമാർഗം കൊണ്ടുപോകാൻ ടേക്ക് ഓഫിനും ലാൻഡിങ്ങിനും മുൻഗണന നല്കാൻ എയർ ട്രാഫിക് കൺട്രോളിനോട് വിമാനക്കമ്പനികൾക്ക് അഭ്യർത്ഥിക്കാം. മുൻനിര സീറ്റുകളും നല്കാം. മെഡിക്കൽ ഉദ്യോഗസ്ഥർക്ക് വൈകി ചെക്ക–ഇൻ ചെയ്യാം. ലക്ഷ്യസ്ഥാനത്തുള്ള വിമാനത്താവളത്തെ വിവരമറിയിക്കണം. വിമാനത്തിൽ അവയവമുണ്ടെന്ന് ഫ്ളൈറ്റ് ക്യാപ്റ്റന് അറിയിപ്പും നല്കാം. അവയവം കൊണ്ടുപോകാൻ മെഡിക്കൽ ഉദ്യോഗസ്ഥരെ സഹായിക്കാൻ ട്രോളികൾ എയർലൈൻ ക്രൂ ക്രമീകരിക്കണം. ആംബുലൻസിന് റൺവേ വരെ പോകാം.

അവയവം കൊണ്ടുപോകുന്നതിന് തടസ്സങ്ങളില്ലാത്ത ഹരിത ഇടനാഴി രൂപപ്പെടുത്താനും മേൽനോട്ടം വഹിക്കാൻ ഒരു പോലീസ് ഓഫീസറെ നോഡൽ ഓഫീസറായി നിയമിക്കാനും നിർദേശമുണ്ട്. ഹരിത ഇടനാഴി നിർണയിക്കുമ്പോൾ അധികാരപരിധി, സുരക്ഷാ ആശങ്കകൾ, അവയവദാനത്തിന്റെ പ്രാധാന്യം എന്നിവയെക്കുറിച്ച് ട്രാഫിക് പോലീസിനെ ബോധവത്കരിക്കണം. മെട്രോയിലൂടെ അവയവം കൈമാറുമ്പോൾ മെട്രോ ട്രാഫിക് കൺട്രോൾ ഇതിന് മുൻഗണന നല്കണം. അവയവപ്പെട്ടി ശരിയായ സ്ഥാനത്തും കൃത്യതയിലും സൂക്ഷിക്കണം. 'ശ്രദ്ധയോടെ കൈകാര്യം ചെയ്യുക' എന്ന ലേബലൊട്ടിക്കണം. സീറ്റ്ബെൽറ്റ് ഉപയോഗിച്ച് സുരക്ഷിതമാക്കണം.

നീതി ആയോഗ്, വിവിധ മന്ത്രാലയങ്ങൾ, വിദഗ്ദ്ധർ എന്നിവരുമായി കൂടിയാലോചിച്ചാണ് മാർഗനിർദേശങ്ങൾ വികസിപ്പിച്ചതെന്ന് നാഷണൽ ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (നോട്ടോ) ഡയറക്ടർ ഡോ. അനിൽകുമാർ പറഞ്ഞു.

## നാസയുടെ ബഹിരാകാശദൗത്യത്തിൽ രണ്ട് ഇന്ത്യക്കാർ



പ്രശാന്ത് ബാലകൃഷ്ണൻ നായർ, ശുഭാൻഷു ശുക്ല

ബംഗളൂരു: ഇന്ത്യയുടെ ബഹിരാകാശ ദൗത്യമായ ഗഗൻയാനുമുമ്പ് ബഹിരാകാശത്തേക്കു പറക്കാൻ വ്യോമസേനാ പൈലറ്റുമാരായ ലക്നോ സ്വദേശി ശുഭാൻഷു ശുക്ലയും മലയാളിയായ പ്രശാന്ത് ബാലകൃഷ്ണൻ നായരും. ഒക്ടോബറിൽ നടക്കുന്ന നാസയുടെ നാലാം സ്വകാര്യ ബഹിരാകാശദൗത്യത്തിലാണ് ഇരുവരും അന്താരാഷ്ട്ര ബഹിരാകാശ കേന്ദ്രത്തിലേക്ക് പോകുക. നാസയ്ക്കുവേണ്ടി അമേരിക്കയിലെ ഹ്യൂസ്റ്റൺ ആസ്ഥാനമായുള്ള സ്വകാര്യ കമ്പനിയായ ആക്സിയം സ്പേസാണ് ദൗത്യം നടത്തുന്നത്. ആക്സിയം–4 എന്ന ഈ ദൗത്യത്തിൽ ശുഭാൻഷു ശുക്ല പ്രൈം മിഷൻ പൈലറ്റും പ്രശാന്ത് ബാലകൃഷ്ണൻ നായർ ബാക്കപ്പ് മിഷൻ പൈലറ്റുമാണ്. ഇതു സംബന്ധിച്ച് ഇന്ത്യൻ ബഹിരാകാശ ഏജൻസിയായ ഐഎസ്ആർഒയുടെ ഹ്യൂമൻ സ്പേസ് ഫ്ളൈറ്റ് സെന്ററും നാസയും ആക്സിയം സ്പേസും കരാറിൽ ഒപ്പിട്ടു. അമേരിക്കയുടെ പെഗ്ഗി വിറ്റ്സൺ (കമാൻഡർ), പോളണ്ടിന്റെ സാവോസ് ഉസ്നാൻസ്കി (മിഷൻ സ്പെഷലിസ്റ്റ്), ഹംഗറിയുടെ ടിബോർ കപു (മിഷൻ സ്പെഷലിസ്റ്റ്) എന്നിവരും ആക്സിയം–4 ദൗത്യസംഘത്തിൽ ഉൾപ്പെടുന്നു.

ആക്സിയം–4 ദൗത്യത്തിനിടയിൽ 14 ദിവസം അന്താരാഷ്ട്ര ബഹിരാകാശകേന്ദ്രത്തിൽ ചെലവിടുന്ന സംഘം ശാസ്ത്ര ഗവേഷണത്തിലും സാങ്കേതിക പ്രദർശനത്തിലും പരീക്ഷണങ്ങളിലും ഏർപ്പെടും. ഉത്തർപ്രദേശിലെ ലക്നോ സ്വദേശിയാണ് ശുഭാൻഷു ശുക്ല. പാലക്കാട് നെന്മാറ പഴയഗ്രാമം സ്വദേശിയാണ് പ്രശാന്ത് ബാലകൃഷ്ണൻ നായർ.

വ്യോമസേനയിലെ ഗ്രൂപ്പ് ക്യാപ്റ്റന്മാരായ ശുഭാൻഷു ശുക്ലയും പ്രശാന്ത് ബാലകൃഷ്ണനുമുൾപ്പെടെ നാലുപേരാണ് ഇന്ത്യയുടെ അടുത്തവർഷം നടക്കാനിരിക്കുന്ന ബഹിരാകാശ ദൗത്യത്തിൽ പങ്കെടുക്കുന്നത്. ദൗത്യത്തിനായി ഇരുവരും ബംഗളൂരുവിലെ ഇസ്രോയുടെ ബഹിരാകാശ യാത്രിക പരിശീലനകേന്ദ്രത്തിൽ പരിശീലനത്തിലാണ്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 32
August 09, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008) is published Weekly for $54.00 per year by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്‌വചനം**

ഒരു നല്ല ഗ്രന്ഥശാല ഒരു നല്ല സർവ്വകലാശാലയാണ്.
**കാർലൈൽ**

വിജയിക്കുന്നു എന്നതിൽ എല്ലാമില്ല; എന്നാൽ വിജയിക്കാനുള്ള പരിശ്രമത്തിൽ എല്ലാമുണ്ട്.
**സിഗ് സിഗ്‌ലാർ**

# LOOKING FOR INVESTORS

ബാംഗ്ലൂരിലും കേരളത്തിലും കോളേജുകൾ ഉള്ള പ്രമുഖ വിദ്യാഭ്യാസഗ്രൂപ്പ് വിപുലീകരിക്കുന്നതിനായി ഇൻവെസ്റ്റേഴ്സിനെ തേടുന്നു.

നിലവിൽ **MBA MCA BBA BCOM B-Pharm D-Pharm** എന്നീ കോഴ്സുകളാണ് ഉള്ളത്.



Best Return higher than Bank Deposit & Stock

Website - www.kap.ac.in
Email - operations@kap.ac.in

Connect for further details:
**Ms.SUBBY RENISH**
(Head of Operations)
Ph: (+91)9241330444
**KERALA ACADEMY OF PHARMACY**
Kandala Near Kattakada Trivandrum
Kerala - 695512

# K.O. JOSE & ASSOCIATES, INC.



*Certified Public Accountants*



K.O. JOSE, CPA

- Compilation
- Setup Small Business Corporations
- Personal & Business Income Taxes
- Free Electronic Filing
- Non-Profit Tax Exemption from IRS
- Install Accounting Packages
- Retirement and Estate Planning

**Tel: 847-724-3020 • Cell: 847-833-6038**

CPA℠ America Counts on CPAs

taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com





Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

# Trusted Representation Achieves Aggressive Financial Results

- ★ Over $ 50M Recovered and Collected For Our Clients
- ★ Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★ Free Confidential Consultation On All Matters Home Visits Available
- ★ Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

**312-855-0511**

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

**Fee Discounts Available To Malayalee Clients On Specific Cases**

BBB A+ Rating Better Business Bureau

AV PREEMINENT® Peer Rated for Highest Level of Professional Excellence 2024

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# വയനാടിന്റെ കദനഭാരം

കേരളം വീണ്ടുമൊരു പ്രകൃതിദുരന്തത്തിനുമുന്നിൽ ഞെട്ടിത്തകർന്നു നിൽക്കുകയാണ്. മനുഷ്യനിസ്സഹായതയുടെ കരളലിയിക്കുന്ന ദൃഷ്ടാന്തങ്ങൾക്ക് ഇത്തവണ വേദിയായത് വയനാടാണ്. 2018-ലെ പ്രളയത്തിനുശേഷം കേരളത്തിനേൽക്കുന്ന ഏറ്റവും വലിയ ആഘാതമാണിത്. ജൂലൈ 30-ന് പുലർച്ചെ ചൂരൽമലയിലും മുണ്ടക്കൈയിലുമുണ്ടായ ഉരുൾപൊട്ടലുകൾ സൃഷ്ടിച്ച നാശം വിവരണാതീതമാണ്. ദുരന്തം ബാക്കിയാക്കിയ യാഥാർത്ഥ്യങ്ങളെ നേരിടാൻ ഒരു നാടിന്റെ സംവിധാനങ്ങളാകെ പെടാപ്പാടു തുടരുകയാണ്. അതിതീവ്രമഴയിൽ രക്ഷാപ്രവർത്തനം അത്യന്തം ദുഷ്കരമായി. ഉരുൾപൊട്ടലിൽപ്പെട്ട ഒട്ടേറെപ്പേരുടെ മൃതദേഹങ്ങൾ കിലോമീറ്ററുകൾക്കപ്പുറം മലപ്പുറം നിലമ്പൂരിലെ പോത്തുകൽ ഭാഗത്ത് ഒഴുകിയെത്തിയെന്നതുതന്നെ ദുരന്തത്തിന്റെ വ്യാപ്തി വ്യക്തമാക്കുന്നു.

പരിസ്ഥിതിലോല മേഖലകളെ നാം എത്രത്തോളം കരുതലോടെ കാത്തുസൂക്ഷിക്കുന്നുവെന്ന ചോദ്യം ഈ ദുരന്ത പശ്ചാത്തലത്തിൽ വീണ്ടും പ്രസക്തമാകുന്നു. വയനാട് ചുരത്തിലെ ഗതാഗതക്കുരുക്ക് അഴിക്കാനുദ്ദേശിച്ചു വിഭാവനം ചെയ്യുന്ന ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി-തുരങ്ക പാത ഇപ്പോൾ ഉരുൾപൊട്ടലുണ്ടായ മേഖലയിലൂടെയാണു കടന്നുപോകുന്നത്. വയനാട്ടിലെ വലിയ വികസനപ്രവർത്തനങ്ങൾക്കെല്ലാംമുൻപ് കൃത്യമായ പഠനം നടത്തിയിരിക്കണമെന്നുകൂടി ഇപ്പോഴത്തെ ദുരന്തം ഓർമിപ്പിക്കുന്നു. പശ്ചിമഘട്ടം ആകെ തകർക്കപ്പെട്ടിരിക്കുന്നുവെന്നും ഇനിയും നടപടിയെടുത്തില്ലെങ്കിൽ കേരളത്തെ കാത്തിരിക്കുന്നതു വൻദുരന്തമാണെന്നും അതിനു നാലോ അഞ്ചോ വർഷം മതിയാകുമെന്നും 2019-ൽ വയനാട് പുത്തുമലയിൽ ഉരുൾപൊട്ടിയപ്പോൾ അവിടെയെത്തിയ പ്രമുഖ പരിസ്ഥിതിശാസ്ത്രജ്ഞൻ മാധവ് ഗാഡ്ഗിൽ മുന്നറിയിപ്പു നൽകിയിരുന്നു.

ഓരോ ദുരന്തവും അതിനെ നേരിടാനുള്ള നമ്മുടെ ശേഷി അളക്കുന്ന പരീക്ഷ കൂടിയാണെന്നു കേരളം ഇനിയെങ്കിലും തിരിച്ചറിയണം. ഏതു സാഹചര്യത്തെയും എത്രയുംവേഗം നേരിടാനുള്ള ദുരന്തനിവാരണ സംവിധാനങ്ങൾ ഒരുക്കുകയും വേണം. മുന്നറിയിപ്പു സംവിധാനങ്ങൾ സുസജ്ജമാക്കിയും ജില്ലാതലത്തിൽ ദുരന്തനിവാരണ സമിതികൾ ശക്തിപ്പെടുത്തിയും തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തിയും നമുക്കു പ്രകൃതിദുരന്തങ്ങളുടെ ആഘാതം കുറയ്ക്കാം. പ്രകൃതിദുരന്ത നിവാരണശേഷി ജനങ്ങളിൽ വർധിപ്പിക്കുന്നതിനും പരിസ്ഥിതിയോട് ഇണങ്ങി ദുരന്തങ്ങളെ അതിജീവിക്കുന്നതിനുമായി കേരളത്തിലെ ആദ്യ ലിവിങ് ലാബ് ഇരിട്ടി താലൂക്കിലെ കണിച്ചാർ പഞ്ചായത്തിൽ സ്ഥാപിക്കുന്നതുപോലുള്ള കാര്യങ്ങൾ പ്രതീക്ഷ തരുന്നുണ്ട്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ശിപാർശയിലാണ് ഈ പദ്ധതി. പദ്ധതിയുടെ വിജയസാധ്യത ഉറപ്പാക്കി, വയനാട്ടിലടക്കം പ്രകൃതിദുരന്ത സാധ്യതയേറിയ പ്രദേശങ്ങളിലെല്ലാം ഇതു സ്ഥാപിക്കാൻ വൈകിക്കൂടാ.

പ്രകൃതിയെ ഹനിക്കാതെയുള്ള വികസനമെന്നത് നമുക്കിപ്പോഴുമൊരു അപരിചിത ആശയമായതിനാൽ ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കുമെന്നേ കരുതാനാകൂ. തുടർച്ചയായി മഴപെയ്യുകയും മലയിൽ വെള്ളമിറങ്ങി നിറയുകയും ചെയ്താൽപ്പിന്നെ ഉരുൾപൊട്ടാൻ അധികം സമയംവേണ്ടാ. എന്നാൽ, കൃത്യമായി ഇന്നദിവസം, ഇന്നയിടത്ത് ഉരുൾപൊട്ടും എന്നു മുൻകൂട്ടി പ്രവചിക്കാൻമാത്രം ശാസ്ത്രം വളർന്നിട്ടില്ലെന്ന് ദുരന്തനിവാരണ രംഗത്തെ വിദഗ്ധർ പറയുന്നു. ഈ തുറയിലെ പരിമിതസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനാകട്ടെ കേരളത്തിലെ സാഹചര്യത്തിൽ വൈഷമ്യവുമുണ്ട്. ഇവിടുത്തെ ഓരോ ഭൂപ്രദേശത്തെയുംപറ്റിയുള്ള വിശദമായ വിവരങ്ങളുടെ അഭാവമാണതിനു തടസ്സമാകുന്നത്. അതുകൊണ്ടുതന്നെ, ഉരുൾപൊട്ടലിനു കാരണമാകുന്ന പ്രവർത്തനങ്ങൾ പരമാവധി ചുരുക്കുക എന്നതുമാത്രമാണ് സുസ്ഥിരപോംവഴി. വികസനഭ്രാന്തിന്റെയും ധനമോഹത്തിന്റേതുമായ സവിശേഷ കേരളീയ സാഹചര്യത്തിൽ അതിനും പരിമിതികളുണ്ട് എന്നു പറയാതെവയ്യ.

വയനാട്ടിലെ രക്ഷാപ്രവർത്തനത്തിലുണ്ടായ ആദരണീയമായ നാട്ടൊരുമ നമ്മുടെ ആത്മവിശ്വാസത്തിന്റെ മഹനീയമുദ്രയാകുന്നു. ദുരന്തത്തിൽ ജീവൻ വെടിഞ്ഞവരുടെ ഉറ്റവരെയും ഉരുൾപൊട്ടലിൽ മറ്റു നാശനഷ്ടങ്ങളുണ്ടായവരെയും സ്നേഹസാഹോദര്യങ്ങളോടെ ചേർത്തുപിടിക്കുകയാണിപ്പോൾ കേരളത്തിനു ചെയ്യാവുന്നത്; അവർ ഒറ്റയ്ക്കല്ലെന്നും സർക്കാരും സമൂഹവും ഒപ്പമുണ്ടെന്നും ഹൃദയപൂർവം നമുക്കു പറയാം.

മനുഷ്യൻ പ്രകൃതിയെ മനസ്സിലാക്കാതെ പ്രവർത്തിക്കുന്നിടത്തോളം ഉരുൾപൊട്ടൽപോലുള്ള ദുരന്തങ്ങൾ ആവർത്തിക്കുമെന്നതാണ് സങ്കടകരമായ യാഥാർത്ഥ്യം. കാലാവസ്ഥാവ്യതിയാനം ഈ സാധ്യതയെ കൂടുതൽ പ്രബലമാക്കുകയുംചെയ്യും. ഈ പോക്കുപോയാൽ, നമുക്കു പരിചിതമല്ലാത്ത പ്രകൃതിദുരന്തങ്ങൾപോലും വിദൂരമല്ലാത്ത ഭാവിയിൽ ഇവിടെ സംഭവിച്ചേക്കുമെന്നു മുന്നറിയിപ്പു നൽകുന്നവരുണ്ട്. ഏതു ആപത്സാധ്യതയെയും നേരിടാൻ നാം സജ്ജരായിരിക്കണം എന്നർത്ഥം. ഒപ്പം, ദുരകൾ മാറ്റിവെച്ച്, പ്രകൃതിയോടു നീതിപുലർത്താൻ സന്നദ്ധത കാണിക്കുകകൂടിയായാൽ നന്നായി.

# ഉത്തരേന്ത്യയിലും പ്രളയക്കെടുതി

ന്യൂഡൽഹി: ഉത്തരേന്ത്യയിലും വ്യാപക പ്രളയക്കെടുതി. ഡൽഹി ഉൾപ്പെടെ ഏഴു സംസ്ഥാനങ്ങളിൽ തുടരുന്ന കനത്ത മഴയെത്തുടർന്നുണ്ടായ പ്രളയക്കെടുതിയിൽ 32-ഓളം പേർ മരിച്ചു. നിരവധി പേരെ കാണാതായി. ഹിമാചൽപ്രദേശിലും ഉത്തരാഖണ്ഡിലുമാണ് ഏറെ നാശമുണ്ടായത്.

ഹിമാചൽപ്രദേശിൽ രണ്ടു വ്യത്യസ്ത സംഭവങ്ങളിലായി മേഘവിസ്ഫോടനത്തെത്തുടർന്നുണ്ടായ ഉരുൾപൊട്ടലിൽ മൂന്നുപേർ മരിക്കുകയും 50 പേരെ കാണാതാകുകയും ചെയ്തിട്ടുണ്ട്. സിംല ജില്ലയിലെ രാംപുർ സബ് ഡിവിഷനിൽപ്പെട്ട സാമാഗ് കുഡി (നള്ള)ൽ ആഗസ്റ്റ് ഒന്നിന് പുലർച്ചെ ഒന്നിന് മേഘവിസ്ഫോടനത്തെത്തുടർന്നുണ്ടായ ഉരുൾപൊട്ടലിൽ രണ്ടുപേർ മരിക്കുകയും 28 പേരെ കാണാതാകുകയും ചെയ്തു. രണ്ടുപേരെ മാത്രമേ രക്ഷപ്പെടുത്താനായുള്ളൂവെന്ന് പോലീസ് പറഞ്ഞു.

റോഡുകളെല്ലാം ഒലിച്ചുപോയതിനാൽ രക്ഷാപ്രവർത്തനം അതീവ ദുഷ്കരമായിരിക്കുകയാണ്. സ്ഥലത്തെ നാല് പാലങ്ങളും ഏതാനും നടപ്പാലങ്ങളും തകർന്നു. ദേശീയ ദുരന്ത നിവാരണ സേനയുടെയും ഇന്തോ-ടിബറ്റൻ അതിർത്തി പോലീസിന്റെയും നേതൃത്വത്തിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്.

മാണ്ഡി ജില്ലയിലെ പാഥാറിനടുത്ത തലാതുഖൊഡിലാണ് മേഘവിസ്ഫോടനത്തെത്തുടർന്ന് ഉരുൾപൊട്ടലുണ്ടായ മറ്റൊരു പ്രദേശം. ജൂലൈ 31-ന് രാത്രിയിലുണ്ടായ ഉരുൾപൊട്ടലിൽ ഒരാൾ മരിക്കുകയും ഒമ്പത് പേരെ കാണാതാകുകയും ചെയ്തു. നിരവധി വീടുകൾ അപ്രത്യക്ഷമായി. ഇവിടെയും റോഡുകളും പാലങ്ങളും തകർന്നതിനാൽ രക്ഷാപ്രവർത്തനം അതീവ ദുഷ്കരമാണ്. ജില്ലാ ഭരണകൂടം വ്യോമസേനയുടെയും ദേശീയ ദുരന്തനിവാരണ സേനയുടെയും സഹായം തേടിയിട്ടുണ്ട്. ബിയാസ് നദി കരകവിഞ്ഞതിനെത്തുടർന്നും വ്യാപക ഉരുൾപൊട്ടലിനെത്തുടർന്നും ചണ്ഡീഗഡ്-മണാലി ദേശീയപാതയുടെ നിരവധി ഭാഗങ്ങൾ തകർന്നു. കുളുവിലെ ബാഗിപുലിലും വൻ കെടുതികൾ സംഭവിച്ചു.

കനത്ത മഴയെത്തുടർന്ന് ഡൽഹി വിമാനത്താവളത്തിൽ ഇറങ്ങേണ്ടിയിരുന്ന പത്തു വിമാനങ്ങൾ വഴിതിരിച്ചുവിട്ടു. ഇതിൽ എട്ടു വിമാനങ്ങൾ ജയ്പൂരിലേക്കും രണ്ടെണ്ണം ലക്നോയിലേക്കും തിരിച്ചുവിട്ടു. ഈ മാസം അഞ്ചു വരെ ഡൽഹിയിൽ കനത്ത മഴ തുടരുമെന്ന് കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പു നൽകിയിട്ടുണ്ട്. ഉത്തർപ്രദേശിലെ ഗ്രേറ്റർ നോയിഡയിലുണ്ടായ പ്രളയക്കെടുതിയിൽ രണ്ടുപേരും ഹരിയാനയിലെ ഗുരുഗ്രാമിലുണ്ടായ കെടുതികളിൽ മൂന്നുപേരും രാജസ്ഥാനിലെ ജയ്പൂരിലുണ്ടായ കെടുതികളിൽ മൂന്നുപേരും ബീഹാറിലെ പ്രളയക്കെടുതിയിൽ അഞ്ചുപേരും മരിച്ചു.



ഹിമാചൽ പ്രദേശിലെ കുളു ജില്ലയിലെ മണാലിയിൽ മേഘവിസ്ഫോടനത്തെത്തുടർന്ന് പെയ്ത മഴയിൽ ബിയാസ് നദി കരകവിഞ്ഞപ്പോൾ.

# ഖാദർ കമ്മിറ്റി റിപ്പോർട്ട്: പഠനസമയം മാറ്റാൻ നിർദ്ദേശം

തിരുവനന്തപുരം: സ്കൂളുകളിലെ പഠനസമയത്തിൽ മാറ്റം കൊണ്ടുവരണമെന്നത് ഉൾപ്പെടെയുള്ള സുപ്രധാന നിർദേശങ്ങൾ ഉൾക്കൊള്ളുന്ന ഖാദർ കമ്മിറ്റി റിപ്പോർട്ടിന് മന്ത്രിസഭായോഗത്തിന്റെ അംഗീകാരം. സ്കൂളുകളിലെ പഠനസമയം രാവിലെ എട്ടു മുതൽ ഉച്ചയ്ക്ക് ഒന്നുവരെ ആക്കണമെന്ന നിർദ്ദേശമാണ് ഡോ. എം.എ. ഖാദർ അദ്ധ്യക്ഷനായി സർക്കാർ നിയോഗിച്ച സമിതിയുടെ രണ്ടാം റിപ്പോർട്ടിലെ നിർദ്ദേശം. അതേസമയം, പ്രാദേശിക ആവശ്യങ്ങൾ പരിഗണിച്ച് സ്കൂളുകൾക്ക് സമയം ക്രമീകരിക്കാമെന്നും റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഓരോന്നും പ്രത്യേകമായി പരിശോധിച്ചു മാത്രമേ തീരുമാനം എടുക്കാവൂ എന്ന വ്യവസ്ഥയോടെയാണ് റിപ്പോർട്ടിന് മന്ത്രിസഭായോഗം തത്വത്തിൽ അംഗീകാരം നല്കിയത്.

പ്രീസ്കൂളുകൾ, അങ്കണവാടികൾ എന്നിവയുടെ പഠനസമയം പ്രാദേശിക സമൂഹം തീരുമാനിക്കുന്നതായിരിക്കും ഉചിതമെന്നാണ് നിർദ്ദേശം. നാല് -നാലര മണിക്കൂർ പ്രവർത്തിക്കണമെന്നു തീരുമാനിച്ചാൽ മതി. പഠനസമയത്തിനു പുറമെ രണ്ടു മുതൽ നാലു വരെ കലാ-കായിക അഭിരുചി പ്രവർത്തനങ്ങൾക്കും ലൈബ്രറി, ലബോറട്ടറി, തൊഴിൽ വിദ്യാഭ്യാസം തുടങ്ങിയവയ്ക്കുമായി വിനിയോഗിക്കാം.

എന്നാൽ, നിലവിലെ സാമൂഹിക സാഹചര്യം ഇത്തരമൊരു സമയമാറ്റത്തിനു പരുവപ്പെട്ടിട്ടുണ്ടോയെന്ന് വിശദമായി പരിശോധിച്ച് ആവശ്യമായ ചർച്ചകൾക്കു ശേഷമേ തീരുമാനമെടുക്കാവൂ എന്നും ശനിയാഴ്ചകൾ കുട്ടികളുടെ സ്വാതന്ത്ര്യദിനമായി മാറണമെന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

അദ്ധ്യാപകരുടെ സ്ഥാനക്കയറ്റം സീനിയോറിറ്റി അടിസ്ഥാനത്തിൽ നടത്തുന്നതിനു പകരം കഴിവും അഭിരുചിയും പരിഗണിച്ച് നടത്തണമെന്നും റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതു നടപ്പാക്കുമ്പോൾ സുതാര്യമായി വേണമെന്നും ഇതിനു കഴിയുന്ന തരത്തിലുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും നിർദ്ദേശമുണ്ട്.

അദ്ധ്യാപക തസ്തിക നിർണയം കാലോചിതമായി പരിഷ്കരിക്കണം. പഠനമാധ്യമം മാതൃഭാഷയാകണം, ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തണം തുടങ്ങിയ നിർദ്ദേശങ്ങളും റിപ്പോർട്ടിലുണ്ട്. പാഠ്യേതര മേഖലയിലെ മികവിനു നല്കുന്ന ഗ്രേസ് മാർക്ക് തുടരണമെന്നും നിർദ്ദേശിക്കുന്ന റിപ്പോർട്ടിൽ ഗ്രേസ് മാർക്കിനു നിയന്ത്രണം കൊണ്ടുവരണമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

കമ്മിറ്റി റപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള നിർദ്ദേശങ്ങൾ പലതും വിവാദമാകാനിടയുള്ളതിനാൽ പരിശോധിച്ചു മാത്രമേ നടപ്പിലാക്കാവൂ എന്നാണ് തത്വത്തിൽ അംഗീകരിച്ചിട്ടുള്ളത്. അതിനാൽ ഓരോ നിർദ്ദേശവും നടപ്പാക്കുന്നതിന് മന്ത്രിസഭയുടെ ഉൾപ്പെടെ പ്രത്യേക അംഗീകാരം ആവശ്യമായി വരും.

# വയനാട് മുന്നറിയിപ്പ്: അമിത് ഷായ്ക്കെതിരെ നോട്ടീസ്

ന്യൂഡൽഹി: മുന്നൂറിലധികം പേരുടെ മരണത്തിനിടയാക്കിയ വയനാട് ഉരുൾപൊട്ടലിനെക്കുറിച്ച് കേരളസർക്കാരിന് ഒന്നിലേറെ തവണ മുന്നറിയിപ്പു നൽകിയെന്ന കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ പാർലമെന്റിലെ തെറ്റിദ്ധരിപ്പിക്കുന്ന പ്രസ്താവനയ്ക്കെതിരെ അവകാശലംഘനത്തിന് കോൺഗ്രസ് നോട്ടീസ് നൽകി. വയനാട് ഉരുൾപൊട്ടൽ ദുരന്തത്തെക്കുറിച്ച് രാജ്യസഭയിൽ നടന്ന ശ്രദ്ധക്ഷണിക്കൽ ചർച്ചയ്ക്കു മറുപടി പറയുമ്പോഴാണ് കേരള സർക്കാരിന് മുന്നറിയിപ്പു നൽകിയിരുന്നുവെന്ന് അമിത് ഷാ തീയതിസഹിതം പറഞ്ഞത്. എന്നാൽ ആഭ്യന്തരമന്ത്രി പറയുന്നതുപോലുള്ള മുന്നറിയിപ്പല്ല ഉണ്ടായിരുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അന്നുതന്നെ പത്രസമ്മേളനത്തിൽ പ്രതികരിച്ചിരുന്നു.

Law Office of Sovmya George

IMMMIGRATION LAW FIRM



**SERVICES:**

Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.

*"We Handle Cases All Across the USA!"*
-Sovmya George, Esq.

Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com

Read our stellar reviews

# THANNIKKARY VACATION HOME

S.H.MOUNT P.O., KOTTAYAM 686006, KERALA

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com



B&M
AUTO COLLISION CTR



*Anish Eapen and Bob Trytko want to wish you a Happy New Year*

Fast and EFFICIENT



Quality REPAIR

WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863

4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

# വയനാട്ടിലെ ദുരന്ത ഭൂമിയിലൂടെ...

## പുഞ്ചിരി മാഞ്ഞ് പുഞ്ചിരിമട്ടം

കൽപറ്റ: മുണ്ടക്കൈ മലമുകളിലെ പുഞ്ചിരിമട്ടത്ത് ഇനി പുഞ്ചിരിയില്ല. പുഞ്ചിരിമട്ടത്തും താഴെയുള്ള മുണ്ടക്കൈയിലും ചൂരൽമലയിലും പുഞ്ചിരി മാഞ്ഞു. ദിവസങ്ങൾ മുമ്പുവരെ പ്രകൃതി കാഴ്ചയുടെ നിറവു പകർന്ന ഈ പ്രദേശങ്ങളിൽ കദനം കട്ടപിടിച്ചു കിടക്കുകയാണ്. മലമുകളിലെ കൊടുംകാട്ടിൽനിന്ന് ഉഗ്രശേഷിയിൽ പൊട്ടിയൊഴുകിയ പ്രളയജലം അനേകം ഹെക്ടർ ഭൂപ്രദേശത്തെയാണ് മണ്ണിനടിയിലാക്കിയത്. ഏലവും കാപ്പിയും തേയിലയും വിളയുന്ന വൻകിട തോട്ടങ്ങൾക്കടുത്തുള്ള പ്രദേശത്തുകൂടിയാണ് ഉരുൾവെള്ളം മുന്നിലുള്ളതെല്ലാം തകർത്തെറിഞ്ഞു പാഞ്ഞത്. ഉരുൾപൊട്ടിയ രാവ് പകലിനു വഴിമാറിയപ്പോൾ പുഞ്ചിരിമട്ടത്ത് 13 വീടുകളാണ് അവശേഷിച്ചത്. ബാക്കിയുള്ളത് ഉരുൾവെള്ളം മുക്കി. ദുരന്തസാധ്യത മുന്നിൽക്കണ്ട് ആളുകൾ മാറിയതിനാൽ ആൾനാശം ഒഴിവായി.





## മേപ്പാടി ദുരന്തഭൂമി

മേപ്പാടി: ആംബുലൻസുകൾ ആശുപത്രിയിലേക്കു കുതിച്ചെത്തുമ്പോൾ ആർത്തലച്ച് അലമുറയിട്ട് ഓടിവരുന്ന ജനങ്ങൾ. തങ്ങളുടെ ഉറ്റവർ അതിലുണ്ടോ എന്നാണ് അവർ തേടുന്നത്.

ആംബുലൻസിൽനിന്നിറങ്ങിയ രക്ഷാപ്രവർത്തകൻ മാറോടു ചേർത്തു പിടിച്ചു കൊണ്ടുവരുന്ന വെള്ളത്തുണിക്കെട്ടു കണ്ട് ആശുപത്രി പരിസരത്തുണ്ടായിരുന്ന സ്ത്രീകൾ ഓടിയെത്തുന്നു... കുഞ്ഞുങ്ങളെ നഷ്ടമായ സ്ത്രീകൾ... കൊണ്ടുവന്ന വെള്ളത്തുണിക്കെട്ട് തെല്ലൊന്നു മാറ്റിയപ്പോൾ തല മരവിക്കുന്ന കാഴ്ച, ഒരു മനുഷ്യന്റെ കാലുമാത്രം! മറ്റു ശരീരഭാഗങ്ങൾ എവിടെ? ചൂരൽമല, മുണ്ടക്കൈ പ്രദേശങ്ങളിലെ നിരവധി ആളുകളെക്കുറിച്ച് ഇനിയും ബന്ധുക്കൾക്ക് വിവരം ലഭിച്ചിട്ടില്ല. അവരുടെ ഫോൺ പ്രവർത്തിക്കുന്നില്ല. അവർ മണ്ണിനടിയിലാണോ? എല്ലാ മുഖങ്ങളിലും ആധി മാത്രം. ചില മൃതദേഹങ്ങൾ തിരിച്ചറിയാനാകാത്തവിധം ഛിന്നഭിന്നമായ നിലയിലാണ്. കൈയില്ല, കാലില്ല, മുഖവും ശരീരവും തിരിച്ചറിയാൻ കഴിയാത്തവ. ഉരുൾപൊട്ടലിൽ അകപ്പെട്ടു പാറക്കൂട്ടങ്ങളിൽ തട്ടിയും മുട്ടിയും ഇടിച്ചും ഇഞ്ചോടിഞ്ചു ചതഞ്ഞ ജീവനറ്റ ദേഹങ്ങൾ. പല മൃതദേഹങ്ങളുടെയും ശരീരാവശിഷ്ടങ്ങൾ മാത്രമാണ് കണ്ടെടുക്കാനായത്. തിരിച്ചറിയാൻ ഇനി ഡിഎൻഎ പരിശോധന നടത്തേണ്ടി വരും. രക്ഷപ്പെട്ട പലർക്കുമുള്ള പരിക്കുകൾ മാരകമാണ്. പലരുടെയും മുഖം വികൃതമായിരുന്നു. പാറക്കൂട്ടങ്ങളിലും മരങ്ങളിലുമിടിച്ചു കിലോമീറ്ററുകൾ ഒഴുകിപ്പോയതിനിടയിൽ സംഭവിച്ചവ.

## മൃതവാഹിനിയായി ചാലിയാർ പുഴ

എടക്കര: ചൂരൽമല-മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിൽ ഉൾപ്പെട്ടവർക്കായി അഗ്നിരക്ഷാസേനയും സന്നദ്ധ പ്രവർത്തകരും നാട്ടുകാരും ചാലിയാർ പുഴയുടെ വിവിധ ഭാഗങ്ങളിൽ നടത്തിയ തെരച്ചിലിൽ മൃതദേഹങ്ങളും മൃതദേഹ ഭാഗങ്ങളും കണ്ടെടുത്തു.

അഗ്നിരക്ഷാ സേനയുടെ രണ്ട് ഡിങ്കി ബോട്ടുകളും പുഴയുടെ വിവിധ ഭാഗങ്ങളിൽ തെരച്ചിലിൽ ഏർപ്പെട്ടു. വെള്ളം ഇറങ്ങിയതോടെ തെളിഞ്ഞ ഭാഗങ്ങളിൽ ഉരുൾപൊട്ടലിൽ ഉൾപ്പെട്ട വീടുകളിലെ പാത്രങ്ങളും വസ്ത്രങ്ങളും ഫർണിച്ചറുകളും ടൂത്ത് ബ്രഷ്, ചീർപ്പുകൾ, ബ്ലാങ്കറ്റുകൾ, യൂണിഫോമുകൾ, ബൈക്കിന്റെ ഭാഗങ്ങൾ, ബാഗുകളുടെ അവശിഷ്ടങ്ങൾ തുടങ്ങിയവയും വീടുകളിലെ മറ്റു വസ്തുക്കളും തകർന്നടിഞ്ഞു കിടക്കുന്നതു കാണാമായിരുന്നു. വലുതും ചെറുതുമായ ധാരാളം മത്സ്യങ്ങൾ തെളിഞ്ഞ ഭാഗങ്ങളിൽ ചത്തടിഞ്ഞിരുന്നു. മനുഷ്യ ശരീരവും മരങ്ങളും മത്സ്യങ്ങളും അഴുകിയ ദുർഗന്ധമാണ് ചാലിയാറിന്റെ തീരങ്ങളിൽ വമിക്കുന്നത്.



## സങ്കടങ്ങൾ കേട്ടറിഞ്ഞ് രാഹുലും പ്രിയങ്കയും

മേപ്പാടി: എല്ലാം നഷ്ടമായവർക്കൊപ്പം ചേർത്തുപിടിക്കുമെന്ന ഉറപ്പുമായി ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെയും കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധിയുടെയും സന്ദർശനം. വയനാട്ടിൽ തങ്ങിയ രാഹുലും പ്രിയങ്കയും ദുരിതാശ്വാസപ്രവർത്തനങ്ങളിൽ സജീവമായി. രാഹുലിന്റെ നേതൃത്വത്തിൽ വിവിധ തലങ്ങളിൽ അവലോകനയോഗങ്ങളും നടത്തി, ദുരിതാശ്വാസക്യാംപുകൾ സന്ദർശിച്ചു. സെന്റ് ജോസഫ്സ് സ്കൂളിലെയും മേപ്പാടി ജിഎച്ച്എസിലെയും ദുരിതാശ്വാസ ക്യാംപിലെ അമ്മമാർ രാഹുലിനെയും പ്രിയങ്കയെയും കണ്ടപ്പോൾ കെട്ടിപ്പിടിച്ചു വിതുമ്പി. സങ്കടങ്ങളുടെ കെട്ടഴിച്ചപ്പോൾ ഭാഷയ്ക്കപ്പുറം അവരുടെ വിഷമങ്ങൾ ഹൃദയത്തോടുചേർത്തു ഇരുവരും.

വിംസ് ആശുപത്രിയിൽ ചെന്ന് രോഗികളെ ആശ്വസിപ്പിച്ച രാഹുൽ മേപ്പാടി പഞ്ചായത്ത് പ്രസിഡണ്ട് കെ. ബാബുവിനെയും മുണ്ടക്കൈ ഉൾപ്പെടുന്ന പഞ്ചായത്ത് അംഗത്തിനെയും കണ്ട് പ്രദേശത്തിന്റെ അവസ്ഥ ചോദിച്ചറിഞ്ഞു.






# ഫോമാ കൺവൻഷൻ ഒരുക്കങ്ങൾ പൂർത്തിയായി: സണ്ണി വള്ളിക്കളം


ജോസ് കണിയാലി

ചിക്കാഗോ: അമേരിക്കൻ മലയാളികളുടെ കരുത്തുറ്റ സംഘടനയായ ഫോമായുടെ നേതൃത്വത്തിൽ ആഗസ്റ്റ് 8, 9, 10 തീയതികളിൽ ഡൊമിനിക്കൻ റിപ്പബ്ലിക്കിൽവെച്ച് നടത്തപ്പെടുന്ന അന്താരാഷ്ട്ര കൺവൻഷന്റെ ഒരുക്കങ്ങൾ പൂർത്തിയായതായി ഫോമാ വൈസ് പ്രസിഡണ്ട് സണ്ണി വള്ളിക്കളം പ്രസ്താവിച്ചു. കേരളാ എക്സ്പ്രസ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി നടത്തിയ അഭിമുഖത്തിലാണ് അദ്ദേഹം ഫോമാ കൺവൻഷനെക്കുറിച്ച് മനസ്സ് തുറന്നത്. ഫോമായുടെ നാളിതുവരെയുള്ള ചരിത്രത്തിലെ ഏറ്റവും മനോഹരവും ജനപങ്കാളിത്തവുമുള്ള കൺവൻഷനാണ് നടക്കുവാൻ പോകുന്നതെന്ന് സണ്ണി വള്ളിക്കളം വ്യക്തമാക്കി.



കേരളാ എക്സ്പ്രസ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലി
ഫോമാ വൈസ് പ്രസിഡണ്ട് സണ്ണി വള്ളിക്കളം

ഓഗസ്റ്റ് എട്ടിന് വ്യാഴാഴ്ച വൈകുന്നേരം ഘോഷയാത്രയോടെ പരിപാടികൾ ആരംഭിക്കും. തുടർന്ന് മെഗാതിരുവാതിരയും പൊതുസമ്മേളനവും. കേരളത്തിൽ നിന്നും രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക നേതാക്കന്മാർ പങ്കെടുക്കും. അമേരിക്കയുടെ വിവിധ പ്രദേശങ്ങളിൽനിന്നും വൻതോതിലുള്ള രജിസ്ട്രേഷനാണ് ഇത്തവണ ഉണ്ടായിരിക്കുന്നത്. ഇത് ഫോമാ കൺവൻഷനോടുള്ള ജനങ്ങളുടെ സഹകരണവും പിന്തുണയുമാണ് വ്യക്തമാക്കുന്നത്. ഫോമാ പ്രസിഡണ്ട് ഡോ. ജേക്കബ് തോമസിന്റെ നേതൃത്വത്തിലുള്ള എക്സിക്യൂട്ടീവ് ഭാരവാഹികളാണ് കൺവൻഷന് നേതൃത്വം നൽകുന്നത്. ചെയർമാൻ കുഞ്ഞ് മാലിയിലിന്റെ നേതൃത്വത്തിൽ നിരവധി സബ്കമ്മിറ്റികളും കൺവൻഷന്റെ വിജയത്തിനായി പ്രവർത്തിക്കുന്നു. പ്രസിഡണ്ട് ഡോ. ജേക്കബ് തോമസിന്റെയും മറ്റ് ഭാരവാഹികളുടെയും പരിശ്രമഫലമായി നിരവധി സ്പോൺസർമാരെ സഹകരിപ്പിക്കാൻ കഴിഞ്ഞത് വലിയ വിജയമാണ്.



സണ്ണി വള്ളിക്കളം (ഫോമാ വൈസ് പ്രസിഡണ്ട്)

അനാവശ്യ ചെലവുകൾ ഒഴിവാക്കി, ധൂർത്തിനും ആർഭാടത്തിനും അവസരം നൽകാതെ, കാര്യപ്രാപ്തിയോടെയാണ് പ്രോഗ്രാമുകൾ തയാറാക്കിയിരിക്കുന്നത്. മിച്ചം ലഭിക്കുന്ന തുക കേരളത്തിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കും.

ഫോമാ പ്രസിഡണ്ട് ഡോ. ജേക്കബ് തോമസ്, ജനറൽ സെക്രട്ടറി ഓജസ് ജോൺ, ട്രഷറർ ബിജു തോണിക്കടവിൽ, വൈസ് പ്രസിഡണ്ട് സണ്ണി വള്ളിക്കളം, ജോയിന്റ് സെക്രട്ടറി ഡോ. ജെയ്മോൾ ശ്രീധർ, ജോയിന്റ് ട്രഷറർ ജെയിംസ് ജോർജ്, കൺവൻഷൻ ചെയർമാൻ കുഞ്ഞ് മാലിയിൽ, ഫോമാ മുൻ പ്രസിഡണ്ട് അനിയൻ ജോർജ്, ജനറൽ കൺവീനർ സജി അബ്രഹാം, പ്രദീപ്നായർ, സാജൻ മൂലംപ്ലാക്കൽ, പീറ്റർ കുളങ്ങര, ജോൺ പാട്ടപ്പതി, ജോസ് മണക്കാട്ട്, ബിജു ലോസൺ തുടങ്ങിയവർ തോളോട് തോൾ ചേർന്ന് നിന്നുകൊണ്ട് കൺവൻഷന്റെ വിജയത്തിനായി പ്രവർത്തിക്കുന്നു.


വയനാട് ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ട ജനവിഭാഗങ്ങളെ ചേർത്തുപിടിച്ചുകൊണ്ട് വീണ്ടും ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരുവാൻ ഫോമാ സാധ്യമായ സഹായങ്ങൾ എല്ലാം ചെയ്യുമെന്ന് നേതാക്കൾ വ്യക്തമാക്കി. വയനാട് പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി 10 വീടുകൾ വെച്ചുകൊടുക്കുവാൻ ഇതിനോടകം തീരുമാനമായിട്ടുണ്ട്. കൂടുതൽ വീടുകൾ വെച്ചുകൊടുക്കുവാനുള്ള കാര്യം ഫോമാ കമ്മിറ്റിയുടെ പരിഗണനയിലുണ്ട്. ഫോമാ മുൻകാലങ്ങളിലും ഭവനദാനപദ്ധതി, വിദ്യാഭ്യാസ സഹായം, ചികിത്സാ സഹായ പദ്ധതി തുടങ്ങിയ നിരവധി ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.



ഡോ. ജേക്കബ് തോമസ്
(പ്രസിഡണ്ട്)



ഓജസ് ജോൺ
(ജനറൽ സെക്രട്ടറി)




ബിജു തോണിക്കടവിൽ
(ട്രഷറർ)



സണ്ണി വള്ളിക്കളം
(വൈസ് പ്രസിഡണ്ട്)



ഡോ. ജെയ്മോൾ ശ്രീധർ
(ജോയിന്റ് സെക്രട്ടറി)



ജെയിംസ് ജോർജ്
(ജോയിന്റ് ട്രഷറർ)



കുഞ്ഞ് മാലിയിൽ
(കൺവൻഷൻ ചെയർമാൻ)



സജി അബ്രഹാം
(ജനറൽ കൺവീനർ)



പീറ്റർ കുളങ്ങര
(കൺവീനർ)



ജോസ് മണക്കാട്ട്
(കോ-ഓർഡിനേറ്റർ)




ജോൺ പാട്ടപ്പതി
(ഘോഷയാത്ര കൺവീനർ)

ഫോമായുടെ ഈ കൺവൻഷൻ വ്യത്യസ്തങ്ങളായ പ്രോഗ്രാമുകൾകൊണ്ട് സമ്പന്നമായിരിക്കും. ബെസ്റ്റ് കപ്പിൾ പ്രോഗ്രാം, മ്യൂസിക്കൽ നൈറ്റ്, കലോത്സവം, മിസ്റ്റർ ഫോമാ, മിസ് ഫോമാ, ചിരിയരങ്ങ്, പൊളിറ്റിക്കൽ സെമിനാർ, ഫാഷൻ ഷോ, ഉത്സവരാത്രി, ബാൻക്വറ്റ്, അവാർഡുകൾ തുടങ്ങിയ നിരവധി പ്രോഗ്രാമുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആഗസ്റ്റ് 9 വെള്ളിയാഴ്ചയാണ് ഇലക്ഷൻ. ലോകോത്തര നിലവാരത്തിലുള്ള ഡൊമിനിക്കൻ റിപ്പബ്ലിക്കിലെ പഞ്ചനക്ഷത്ര റിസോർട്ടിലേക്ക് ഫോമായുടെ കുടുംബാംഗങ്ങളെ ഹാർദ്ദവമായി ഭാരവാഹികൾ സ്വാഗതം ചെയ്യുന്നു.

ഫോമാ കൺവൻഷന് കേരളാ എക്സ്പ്രസ്സിന്റെ വിജയാശംസകൾ.

# അമേരിക്കൻ മലയാളികളുടെ പ്രിയപ്പെട്ട ചാക്കോച്ചന് വിട

**ജോസ് കണിയാലി**



ടി.എസ്. ചാക്കോ

ചിക്കാഗോ: ഫൊക്കാനയുടെ തലമുതിർന്ന നേതാവും കേരളത്തിലെ ആദ്യകാല എസ്റ്റേറ്റ് യൂണിയൻ നേതാവുമായിരുന്ന ടി.എസ്. ചാക്കോ (85) ഇരവിപേരൂരിൽ അന്തരിച്ചു. പത്തനംതിട്ട ജില്ലയിൽ ഇരവിപേരൂർ തറുവേലിമണ്ണിൽ കുടുംബാംഗമാണ്. പരേതയായ ചേച്ചമ്മ ചാക്കോയാണ് ഭാര്യ. മക്കൾ: സഖറിയ ജേക്കബ്, നൈനാൻ ജേക്കബ്, വർഗീസ് ജേക്കബ്.

നാല് പതിറ്റാണ്ട് അമേരിക്കൻ മലയാളികൾക്കൊപ്പം അവരുടെ എല്ലാ പ്രശ്നങ്ങളിലും സജീവമായി ഇടപെട്ടിരുന്ന ടി.എസ്. ചാക്കോ, അമേരിക്കൻ മലയാളികൾക്ക് ചാക്കോച്ചായൻ ആയിരുന്നു. 1983-ൽ അമേരിക്കയിലെത്തിയ ടി.എസ്. ചാക്കോ അമേരിക്കൻ മലയാളികളെ ജാതി, മത, വർഗവ്യത്യാസം ഇല്ലാതെ എല്ലാവരെയും ഫൊക്കാന എന്ന ഒരു കൊടിക്കീഴിൽ കൊണ്ടുവന്ന വ്യക്തിത്വമാണ്. ഇരവിപേരൂരിലെ ഒരു സാധാരണകുടുംബത്തിൽ ജനിച്ച് ട്രാവൻകൂർ ടീ എസ്റ്റേറ്റിന്റെ വണ്ടിപ്പെരിയാർ, പീരുമേട്, ഏലപ്പാറ എന്നിവിടങ്ങളിൽ 18 വർഷം ജോലി ചെയ്തിരുന്ന കാലത്ത് തൊഴിലാളി നേതാവായി പേരെടുത്തിരുന്നു. 1966-ൽ സ്റ്റാഫ് യൂണിയനുകൾ ഉണ്ടാക്കി തൊഴിലാളികളെ ഏകോപിപ്പിക്കുന്നതിൽ മുൻപന്തിയിലായിരുന്നു അദ്ദേഹം. ഫൊക്കാനയുടെ എല്ലാ കൺവൻഷനുകളിലും മതസൗഹാർദ്ദ സമ്മേളനം കൃത്യമായി സംഘടിപ്പിച്ചിരുന്ന ടി.എസ്. ചാക്കോ അക്കാര്യത്തിൽ വലിയ ദീർഘവീക്ഷണത്തോടെ പ്രവർത്തിച്ച വ്യക്തിത്വമായിരുന്നു. മതപരവും ജാതീയവുമായ വേർതിരിവുകൾ അമേരിക്കൻ മലയാളികൾക്കിടയിൽ ഒരുകാലത്തും ഉണ്ടാകരുത് എന്ന് ചിന്തിച്ചിരുന്ന ഒരാളായിരുന്നു അദ്ദേഹം.

കേരളാ കൾച്ചറൽ ഫോറത്തിന്റെ സ്ഥാപക പ്രസിഡണ്ടായിരുന്നു. മികച്ച സാമൂഹിക പ്രവർത്തകനുള്ള നിരവധി പുരസ്കാരങ്ങൾ അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ബെർഗൻ കൗൺസിലിന്റെ ദേശീയ പുരസ്കാരമാണ്. ജപ്പാൻ, ചൈന, കൊറിയ, ഇന്ത്യ എന്നീ രാജ്യങ്ങളിലെ പൗരന്മാരെയായിരുന്നു ഈ പുരസ്കാരത്തിന് പരിഗണിച്ചിരുന്നത്. ഈ അവാർഡ് ലഭിച്ച ആദ്യ ഇന്ത്യക്കാരൻ ആയിരുന്നു അദ്ദേഹം.

ഫൊക്കാനയ്ക്ക് ഒപ്പം സഞ്ചരിച്ച ചാക്കോച്ചായൻ ഏവർക്കും പ്രിയപ്പെട്ട ഒരു ജ്യേഷ്ഠസഹോദരൻ കൂടിയായിരുന്നു. നല്ലൊരു കുടുംബസ്നേഹിയുമായിരുന്ന അദ്ദേഹത്തിന് മാതൃകാഭർത്താവിനുള്ള അവാർഡും ലഭിച്ചിരുന്നു എന്നത് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ സത്യസന്ധതയെ വിളിച്ചോതുന്നു. ശാരീരികമായ അസ്വസ്ഥതകൾ ഉണ്ടാകുന്നതുവരെ അദ്ദേഹം സാമൂഹിക സേവനരംഗത്ത് സജീവമായിരുന്നു എന്നത് അദ്ദേഹത്തിന്റെ സാമൂഹിക പ്രവർത്തനത്തിന്റെ താല്പര്യം എത്രത്തോളം ഉണ്ടായിരുന്നു എന്ന കാര്യം വ്യക്തമാക്കുന്നു. ഏറ്റവും കൂടുതൽ സൗഹൃദബന്ധം ഉണ്ടായിരുന്ന ഫൊക്കാന നേതാവ് കൂടിയായിരുന്നു അദ്ദേഹം. പ്രിയപ്പെട്ട ചാക്കോച്ചായന് കേരളാ എക്സ്പ്രസ്സിന്റെ ആദരാഞ്ജലികൾ!

# നീറ്റ്, അഗ്നിവീർ നിർത്തലാക്കില്ല: കേന്ദ്ര ധനമന്ത്രി

ന്യൂഡൽഹി: മെഡിക്കൽ പ്രവേശനത്തിനുള്ള വിവാദമായ കേന്ദ്രീകൃത നീറ്റ് പരീക്ഷയും സൈന്യത്തിലെ അഗ്നിവീർ പദ്ധതിയും നിർത്തലാക്കില്ലെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. കടമെടുപ്പിനു കേന്ദ്രം അനുവാദം നൽകുന്നില്ലെന്ന കേരളം, തമിഴ്നാട്, പശ്ചിമബംഗാൾ സർക്കാരുകളുടെ ആരോപണം തീർത്തും തെറ്റാണെന്നും രാജ്യസഭയിൽ ബജറ്റ് ചർച്ചയ്ക്കു മറുപടി പറയവേ മന്ത്രി വ്യക്തമാക്കി.

യുപിഎ സർക്കാരിന്റെ പത്തുവർഷക്കാലത്ത് പ്രധാനപ്പെട്ട പ്രതിരോധ വാങ്ങലുകളൊന്നും നടത്താതെയും ബുള്ളറ്റ് പ്രൂഫ് ജാക്കറ്റ് പോലുമില്ലാതെ സൈന്യത്തെ ദുർബലമാക്കിയെന്നും പ്രതിരോധ മന്ത്രിയായിരുന്ന എ.കെ. ആന്റണിയുടെ പേരു പറയാതെ നിർമല ആരോപിച്ചു.

പോരാട്ടവീര്യവും ശാരീരിക ക്ഷമതയുമുള്ള ചെറുപ്പക്കാരെ ഉൾപ്പെടുത്തുന്നതിനാണ് അഗ്നിവീർ പദ്ധതി. രാജ്യസുരക്ഷയ്ക്കായി അഗ്നിവീർ പദ്ധതി തുടരുമെന്ന് മന്ത്രി പ്രഖ്യാപിച്ചു. യുപിഎ സർക്കാരിന്റെ കാലത്തു തുടങ്ങിയതും സുപ്രീംകോടതി റദ്ദാക്കാതിരുന്നതുമാണ് നീറ്റ് പരീക്ഷ. മെഡിക്കൽ പ്രവേശനത്തിൽ വൻകൊള്ള നടത്തിയിരുന്ന ലോബിയാണ് നീറ്റ് പരീക്ഷയ്ക്കെതിരെ രംഗത്തുള്ളതെന്ന് മന്ത്രി പറഞ്ഞു.

നീറ്റ് പരീക്ഷ ഒഴിവാക്കി സംസ്ഥാനങ്ങൾക്കു പരീക്ഷ നടത്താൻ അനുമതി നൽകണമെന്നും അഗ്നിവീർ പദ്ധതി റദ്ദാക്കണമെന്നും അടക്കമുള്ള മുൻ ധനമന്ത്രി പി. ചിദംബരത്തിന്റെ അഞ്ച് ആവശ്യങ്ങൾ അക്കമിട്ടു നിരത്തിയായിരുന്നു ധനമന്ത്രിയുടെ മറുപടി. യുപിഎ സർക്കാർ നടപ്പാക്കാതിരുന്ന 400 രൂപ മിനിമം കൂലിയാവശ്യം ഉന്നയിച്ചതിനെയും മന്ത്രി ചോദ്യം ചെയ്തു.

കേരളത്തിന്റെ വികസനത്തിനായി കടമെടുക്കാൻ കേന്ദ്രം അനുവദിക്കുന്നില്ലെന്ന പരാതി തെറ്റാണെന്ന് സമർഥിക്കാൻ ധനമന്ത്രി ഏറെസമയം ചെലവഴിച്ചു.

ധനകമ്മീഷൻ ശിപാർശ ചെയ്യുന്നതും ഭരണഘടനാപരമായ അവകാശവുമായ മൂന്നു ശതമാനം വായ്പയെടുക്കുന്നതിന് തടസമില്ല. അധിക വായ്പയെടുക്കാനും പ്രത്യേക അനുമതി നൽകുന്നുണ്ട്. ഇക്കാര്യത്തിൽ പ്രതിപക്ഷ സംസ്ഥാനങ്ങളോടു വിവേചനമില്ല. കഴിഞ്ഞ സാമ്പത്തിക വർഷം കേരളത്തിന് 4,900 കോടിയും മുൻ രണ്ടു വർഷങ്ങളിൽ 4,600 കോടിയും അധികവായ്പ അനുവദിച്ചു. കേന്ദ്രവുമായി ചർച്ച ചെയ്തു രമ്യമായി പരിഹരിക്കാനാണ് സുപ്രീംകോടതി നിർദേശിച്ചത്. കേരളത്തിന്റെ ആവശ്യം സ്റ്റേ ചെയ്തതുപോലുമില്ല.

കേന്ദ്രത്തിന്റെ നികുതിവിഹിതത്തിൽനിന്ന് സംസ്ഥാനങ്ങൾക്കുള്ള 41-42 ശതമാനം നൽകുന്നില്ലെന്നതും തെറ്റാണ്. മൊത്തം നികുതിവരുമാനത്തിന്റെ ശതമാനമല്ല, സെസ്, സർചാർജ്, നികുതിപിരിവിന്റെ ചെലവ് തുടങ്ങിയവ കിഴിച്ച് സിഎജി അംഗീകരിച്ച തുകയുടെ 41 ശതമാനമാണ് നൽകുന്നത്.

യുപിഎ കാലത്ത് ഉണ്ടായിരുന്ന 82,000 കോടി രൂപയുടെ കുടിശിക 2022 മാർച്ചിൽ താനാണു വിതരണം ചെയ്തതെന്നും ധനമന്ത്രി പറഞ്ഞു.

# കേന്ദ്രത്തിന് രണ്ടു ലക്ഷം രൂപ പിഴ ചുമത്തി

ന്യൂഡൽഹി: സൈന്യത്തിൽ നിന്ന് വിരമിച്ച റെഗുലർ ക്യാപ്റ്റന്മാരുടെ പെൻഷൻ 'ഒരു റാങ്ക് ഒരു പെൻഷൻ' പ്രകാരം നല്കുന്നതിൽ വർഷങ്ങളായി വീഴ്ച വരുത്തിയ കേന്ദ്രസർക്കാരിന് രണ്ട് ലക്ഷം രൂപ പിഴ ചുമത്തി സുപ്രീംകോടതി.

പിഴത്തുക കരസേനയുടെ ക്ഷേമനിധിയിലേക്ക് അടയ്ക്കണം. വിരമിച്ച റെഗുലർ ക്യാപ്റ്റൻമാരുടെ പെൻഷനിലെ അപാകങ്ങൾ നവംബർ 14-നകം പരിഹരിക്കാനും സുപ്രീംകോടതി നിർദേശിച്ചു. അല്ലാത്തപക്ഷം പെൻഷൻ 10 ശതമാനം വർദ്ധിപ്പിക്കാൻ ഉത്തരവിടുമെന്നും ജസ്റ്റിസ് സഞ്ജീവ് ഖന്ന അദ്ധ്യക്ഷനായ ബെഞ്ച് മുന്നറിയിപ്പ് നല്കി. കേസ് നവം. 25-ന് വീണ്ടും പരിഗണിക്കും.

സായുധസേനാ ട്രിബ്യൂണലിന്റെ കൊച്ചി ബെഞ്ച് ആറ് അപാകങ്ങൾ ചൂണ്ടിക്കാട്ടിയെന്നും സർക്കാർ ഇക്കാര്യത്തിൽ നിലപാടെടുത്തിട്ടില്ലെന്നും അഡീഷണൽ സോളിസിറ്റർ ജനറൽ ഐശ്വര്യാ ഭാട്ടി അറിയിച്ചു.എത്ര വർഷം ഇങ്ങനെ പോകുമെന്ന് കോടതി ചോദിച്ചു. എല്ലാ വിഷയങ്ങളും പരിഗണിച്ചു മാത്രമേ സർക്കാരിന് തീരുമാനമെടുക്കാനാകൂ എന്ന് ഐശ്വര്യാ ഭാട്ടി വ്യക്തമാക്കി. ഇക്കാര്യത്തിൽ ഭേദം പ്രകടിപ്പിക്കാൻ തയ്യാറാണെന്നും ഇനിയും സമയം നല്കിയാൽ തീരുമാനമെടുക്കാമെന്നും അവർ അറിയിച്ചു.

# പ്രീതി സുദൻ യുപിഎസ്സി ചെയർപേഴ്സൺ



ന്യൂഡൽഹി: യൂണിയൻ പബ്ലിക് സർവീസ് കമ്മീഷന്റെ (യുപിഎസ്സി) പുതിയ ചെയർപേഴ്സണായി മുൻ കേന്ദ്ര ആരോഗ്യ സെക്രട്ടറി പ്രീതി സുദനെ നിയമിച്ചു. കാലാവധി തികയും മുമ്പ് ചെയർപേഴ്സൺ സ്ഥാനം രാജിവെച്ച മനോജ് സോണിക്കു പകരമാണ് പുതിയ നിയമനം.

രാഷ്ട്രപതി ദ്രൗപതി മുർമു പുതിയ നിയമനത്തിന് അംഗീകാരം നല്കി. നിലവിൽ യുപിഎസ്സി അംഗമായ പ്രീതി ചെയർപേഴ്സണായി ചാർജെടുത്തു. 2025 ഏപ്രിൽ 29 വരെയാണ് പുതിയ നിയമനം. ആന്ധ്രാപ്രദേശ് കേഡർ ഓഫീസറായ പ്രീതി ആരോഗ്യ സെക്രട്ടറി ഉൾപ്പെടെ വിവിധ പദവികളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ലോകബാങ്കിന്റെ ഉപദേശകയായും പ്രവർത്തിച്ചിട്ടുണ്ട്.



# വയനാടിന് കൈത്താങ്ങായതിൽ ചിക്കാഗോ സീറോ മലബാർ രൂപതയ്ക്ക് നന്ദി അറിയിച്ചുകൊണ്ട് മോൻസ് ജോസഫ് എംഎൽഎ ബിഷപ്സ് ഹൗസിൽ

**ജോസ് കണിയാലി**

ചിക്കാഗോ: വയനാട് പ്രകൃതി ക്ഷോഭ ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് അത്താണിയായി മാറുവാൻ ആഹ്വാനം ചെയ്തുകൊണ്ട് ഇടയലേഖനം പുറപ്പെടുവിക്കുകയും ധനസമാഹരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്ത ചിക്കാഗോ സെന്റ് തോമസ് സീറോ മലബാർ രൂപതയ്ക്ക് കേരള നിയമസഭയുടെ നന്ദി അറിയിച്ചുകൊണ്ട് മുൻ മന്ത്രിയും കേരളാ കോൺഗ്രസ് എക്സിക്യൂട്ടീവ് ചെയർമാനുമായ അഡ്വ. മോൻസ് ജോസഫ് എംഎൽഎ ചിക്കാഗോ സീറോ മലബാർ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ടിനെ ബിഷപ്സ് ഹൗസിൽ സന്ദർശിച്ചു.



വയനാട് ദുരന്തഭൂമിയിൽ നാശനഷ്ടങ്ങൾക്ക് ഇടയായ സഹോദരങ്ങളുടെ പുനരധിവാസത്തിന് ചിക്കാഗോ രൂപത ആത്മാർത്ഥമായി സഹകരിക്കും. കേരളത്തിൽ മാനന്തവാടി രൂപതയിൽ പ്രവർത്തിക്കുന്ന സാമൂഹ്യസേവന സന്നദ്ധ സംഘടന മുഖാന്തിരം അർഹരായ കുടുംബങ്ങളെ കണ്ടെത്തി വീടുകൾ നിർമ്മിച്ചുകൊടുക്കുന്ന ഭവനദാന പദ്ധതിയിൽ പങ്കാളികളാകും.

സർവ്വസവും നഷ്ടപ്പെട്ട വയനാട് ദുരന്തഭൂമിയിലെ സഹോദരങ്ങൾക്ക് ജാതിമതഭേദമെന്യേ പരമാവധി സഹായം ചെയ്യണമെന്ന് അഡ്വ. മോൻസ് ജോസഫ് എംഎൽഎ പിതാവിനോട് അഭ്യർത്ഥിച്ചു. ഭവനനിർമ്മാണവും ജീവകാരുണ്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ ചെയ്തു തരാനുള്ള വിവിധ ആവശ്യങ്ങൾ നിറവേറ്റുവാൻ എല്ലാവിധ സഹകരണവും ചിക്കാഗോ രൂപതയ്ക്ക് ഉണ്ടായിരിക്കുമെന്ന് മോൻസ് ജോസഫ് വ്യക്തമാക്കി.

രൂപതാ വികാരി ജനറാൾ ഫാ. ജോൺ മേലേപ്പുറം, പ്രയത്ന ഡയറക്ടറും ഒക്കുപ്പേഷണൽ തെറാപ്പി അസോസിയേഷൻ ദേശീയ സെക്രട്ടറിയുമായ ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി, കേരളാ എക്സ്പ്രസ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലി, ഫോമാ വൈസ് പ്രസിഡണ്ട് സണ്ണി വള്ളിക്കളം എന്നിവരും സന്നിഹിതരായിരുന്നു.

# വിസ്താരം കൂട്ടലിനെയല്ല, ഇന്ത്യ പിന്തുണയ്ക്കുന്നത് വികസനത്തെ: മോദി


ന്യൂഡൽഹി: വിയറ്റ്നാം പ്രധാനമന്ത്രി ഫാം മിൻ ചിന്നുമായി ഡൽഹിയിൽ നടത്തിയ കൂടിക്കാഴ്ചയിൽ ചൈനയ്ക്കുനേരെ ഒളിയമ്പെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി. വിസ്താരം കൂട്ടലിനെയല്ല, വികസനത്തെയാണ് ഇന്ത്യ പിന്തുണയ്ക്കുന്നതെന്ന് മോദി പറഞ്ഞു. ഇന്തോ പസഫിക് മേഖലയിൽ ചൈന കടന്നുകയറ്റം നടത്തുന്നതുമായി ബന്ധപ്പെട്ട ആഗോള ആശങ്കകൾക്കിടെയാണ് മോദിയുടെ പരോക്ഷ പരാമർശം.

ഇന്തോ-പസഫിക്കിന്റെ അഭിവൃദ്ധിക്കായി ചേർന്നു പ്രവർത്തിക്കുമെന്ന് കൂടിക്കാഴ്ചയ്ക്കുശേഷം പ്രധാനമന്ത്രി വ്യക്തമാക്കി. ഭീകരവാദത്തെ എതിർക്കാനും സൈബർ സുരക്ഷയ്ക്കായും സഹകരണം ശക്തമാക്കുമെന്നും മോദി പറഞ്ഞു. തന്ത്രപ്രധാനമായ പങ്കാളിത്തം ശക്തിപ്പെടുത്താൻ പുതിയ കർമപദ്ധതി സ്വീകരിച്ചതായി വിയറ്റ്നാം പ്രധാനമന്ത്രിയും പറഞ്ഞു.

ഇരുരാജ്യങ്ങളും തമ്മിൽ 2024 മുതൽ 2028 വരെയുള്ള പങ്കാളിത്തത്തിനാണ് കൂടിക്കാഴ്ചയിൽ ധാരണയായത്. ഇന്ത്യയുടെ നേതൃത്വത്തിൽ 2019-ൽ രൂപവത്കരിച്ച ഡിസാസ്റ്റർ റസിലന്റ് ഇൻഫ്രാസ്ട്രക്ചർ സഖ്യത്തിൽ വിയറ്റ്നാമിനെയും ഉൾപ്പെടുത്താനും തീരുമാനിച്ചു. വിവിധ മേഖലകളിൽ പരസ്പര സഹകരണത്തിനുള്ള വിവിധ കരാറുകളിലും ധാരണാപത്രങ്ങളിലും ഇരുപക്ഷവും ഒപ്പുവെച്ചു.

# വയനാടിന് കൈത്താങ്ങായി ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപത

**ജോസ് കണിയാലി**



ബിഷപ് മാർ ജോയി ആലപ്പാട്ട്

ചിക്കാഗോ: വയനാട് ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ടവരുടെ വേദനകളിൽ ആശ്വാസവുമായി പങ്കുചേരുവാൻ ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് ആഹ്വാനം ചെയ്തു. ആഗസ്റ്റ് 4-ന് ഞായറാഴ്ച സീറോമലബാർ രൂപതയുടെ കീഴിലുള്ള പള്ളികളിൽ വയനാട് പുനരധിവാസത്തിനു വേണ്ടിയുള്ള ബിഷപ്പിന്റെ സർക്കുലർ വായിക്കുകയുണ്ടായി. അന്നേദിവസം രണ്ടാമത്തെ കളക്ഷനിലൂടെ പള്ളികളിൽ സമാഹരിച്ച പണം വയനാട് ദുരന്തത്തിൽ വേദനയനുഭവിച്ചവർക്കുവേണ്ടി ചിലവഴിക്കും. മാനന്തവാടി രൂപതയിൽ പ്രവർത്തിക്കുന്ന സോഷ്യൽ സർവീസ് ഡിപ്പാർട്ടുമെന്റ് മുഖാന്തിരം അർഹരായവർക്ക് സാമ്പത്തിക സഹായം നല്കും. ഈ ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ടവർക്ക് കൈത്താങ്ങാകുവാൻ ജാതിമത ഭേദമെന്യേ എല്ലാവരും കഴിവുപോലെ പരിശ്രമിക്കണം. വിഷമംപിടിച്ച ഈ സാഹചര്യത്തിൽ സാമ്പത്തികമായി സഹായിക്കുകയെന്നുള്ളത് നമ്മുടെ കടമയായി കരുതി വയനാട് ദുരന്ത സഹായ ഫണ്ടിലേക്ക് എല്ലാവരും കഴിവിന്റെ പരമാവധി സംഭാവനകൾ നല്കണമെന്ന് മാർ ജോയി ആലപ്പാട്ട് അഭ്യർത്ഥിച്ചു.






KERALA EXPRESS പ്രവാസി താളുകൾ

# ചരിത്രദൗത്യവുമായി ഫോമ വയനാട്ടിലേക്ക്; പത്ത് വീടുകൾ നിർമ്മിച്ചു നല്കും

ചിക്കാഗോ: വയനാട് ദുരന്തത്തിനിരയായവർക്കായി കുറഞ്ഞത് പത്ത് വീടുകളെങ്കിലും നിർമ്മിച്ചു നല്കാൻ ഫോമാ ഔദ്യോഗികമായി തീരുമാനിച്ചു. വീടുകൾ ഫോമാ നേരിട്ട് നിർമ്മിക്കും. ഈ പദ്ധതിയുമായി സഹകരിക്കുവാൻ താല്പര്യമുള്ള വ്യക്തികൾക്കും സംഘടനകൾക്കും ഇതിൽ പങ്കുചേരാം.

ഈ പ്രോജക്ടിനായി ഗോ ഫണ്ട് മീ വഴി ധനശേഖരണവും ആരംഭിച്ചു. (https://www.gofundme.com/f/help-wayanad) ഫോമായ്ക്ക് നല്കുന്ന സംഭാവനകൾക്ക് ടാക്സ് ഇളവ് ലഭിക്കുമെന്ന് പ്രസിഡണ്ട് ഡോ. ജേക്കബ് തോമസ്, ജനറൽ സെക്രട്ടറി ഓജസ് ജോൺ, ട്രഷറർ ബിജു തോണിക്കടവിൽ എന്നിവർ അറിയിച്ചു.

തങ്ങളുടെ രണ്ടു വർഷത്തെ പ്രവർത്തനകാലത്തെ ഏറ്റവും മഹത്തായ ദൗത്യമാണിതെന്ന് ജനറൽ സെക്രട്ടറി ഓജസ് ജോൺ പറഞ്ഞു. മുൻപ് രണ്ട് ഫോമാ വില്ലേജ് പ്രോജക്ടുകൾ പ്രാവർത്തികമാക്കിയ അനുഭവം ഉള്ളതിനാലാണ് സംഘടന നേരിട്ട് നിർമ്മാണം നടത്താൻ തീരുമാനിച്ചത്. 2018-ലെ പ്രളയത്തിന് ശേഷം അറുപതോളം വീടുകൾ സംഘടന നിർമ്മിച്ചു നല്കി.

വ്യക്തികൾക്കും സംഘടനകൾക്കും അവരുടെ പേരിൽ വീടുകൾ സ്പോൺസർ ചെയ്യാം. നിർമ്മാണം ഫോമായുടെ നേതൃത്വത്തിൽ നിർവഹിക്കും.

ഡൊമിനിക്കൻ റിപ്പബ്ലിക്കിലെ പൂണ്ടകാനയിൽ നടക്കുന്ന കൺവൻഷൻ അഭൂതപൂർവമായ ജനപിന്തുണ മൂലം വലിയ വിജയത്തിലേക്കാണ് നീങ്ങുന്നതെന്ന് പ്രസിഡണ്ട് ജേക്കബ് തോമസ് ചൂണ്ടിക്കാട്ടി. എങ്കിലും ഇപ്പോഴത്തെ സാഹചര്യത്തിൽ കൺവൻഷനിൽ ചെലവുകൾ ചുരുക്കി കൂടുതൽ തുക ഹൗസിംഗ് പ്രോജക്ടിനായി നീക്കിവെക്കുമെന്ന് പ്രസിഡണ്ട് ഡോ. ജേക്കബ് തോമസ്, സെക്രട്ടറി ഓജസ് ജോൺ, ട്രഷറർ ബിജൂ തോണിക്കടവിൽ, വൈസ് പ്രസിഡണ്ട് സണ്ണി വള്ളിക്കളം, ജോ. സെക്രട്ടറി ഡോ. ജയ്മോൾ ശ്രീധർ, ജോ. ട്രഷറർ ജെയിംസ് ജോർജ്, കൺവൻഷൻ ചെയർമാൻ കുഞ്ഞു മാലിയിൽ എന്നിവർ അറിയിച്ചു. ഫോമാ മുൻ പ്രസിഡണ്ട് അനിയൻ ജോർജ്, ഫോമാ നാഷണൽ കമ്മിറ്റി, കൺവൻഷൻ കമ്മിറ്റി എന്നിവയും ഈ ചരിത്ര ദൗത്യത്തിൽ പങ്കാളികളാകാൻ പിന്തുണയുമായി ഒപ്പമുണ്ട്.

വയനാട് പ്രോജക്ടിൽ പങ്കാളികളാകാൻ ധാരാളം പേർ മുന്നോട്ട് വന്നിട്ടുമുണ്ട്. എത്ര വീട് നിർമ്മിക്കുമെന്നും എവിടെ ആയിരിക്കുമെന്നതും മറ്റും പിന്നീട് തീരുമാനിക്കും.

ഫോമാ കനിവ് പദ്ധതിയുടെ ഭാഗമാണിത്. ഗോ ഫണ്ട് മീ പേജിൽ ഇപ്രകാരം പറയുന്നു: കേരളത്തിന്റെ മനോഹരമായ വടക്കൻ ജില്ലയായ വയനാട്ടിൽ ഭീതിദമായ ഉരുൾപൊട്ടലും വെള്ളപ്പൊക്കവും മൂലം 200-ലധികം ആളുകൾക്ക് ജീവൻ നഷ്ടപ്പെട്ടു. അതിലുമധികം ആളുകളുടെ വീടും ഉപജീവനവും പ്രതിസന്ധിയിലായി. ജില്ലയിൽ നിന്നുള്ള ദൃശ്യങ്ങൾ ഹൃദയഭേദകമാണ്.

ലോകത്തെ ഏറ്റവും വലിയ പ്രവാസി സംഘടനയായ ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്ക, നമ്മുടെ സഹോദരങ്ങളെ, അവരുടെ ജീവിതം വീണ്ടും കെട്ടിപ്പടുക്കുന്നതിന് സഹായിക്കുന്നതിനായി ധനസമാഹരണം സംഘടിപ്പിക്കുന്നു. ഫോമായുടെ എക്കാലത്തെയും മഹത്തായ ലക്ഷ്യം മാനുഷിക, ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുക എന്നതാണ്. ആസന്നമായ അന്താരാഷ്ട്ര കൺവൻഷനിൽ നിന്ന് കൂടുതൽ ഫണ്ട് കണ്ടെത്താൻ ഞങ്ങൾ ശ്രമിക്കും. അതിനായി ചെലവുകൾ കുറയ്ക്കുന്നതിന് ഞങ്ങൾ ശ്രമിക്കുന്നു.

കേരളത്തിൽ പത്ത് വീടുകളെങ്കിലും നിർമ്മിക്കുക എന്നതാണ് ഫോമായുടെ ലക്ഷ്യം. ആദ്യപടിയായി 10,000 ഡോളർ പ്രോജക്ടിന് സംഭാവന നല്കാൻ ഫോമാ തീരുമാനിച്ചു. ഒരു ഹൗസിംഗ് വില്ലേജും മറ്റ് അടിസ്ഥാന സൗകര്യങ്ങളും നിർമ്മിക്കുന്നതിന് ഫോമാ ഈ ഫണ്ട് നേരിട്ട് ഉപയോഗിക്കുമെന്ന് ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. 2018-ലെ പ്രളയക്കെടുതിയെത്തുടർന്ന് കേരളത്തിൽ 60-ലധികം വീടുകളുള്ള രണ്ട് വില്ലേജ് പദ്ധതികൾ നേരിട്ട് പൂർത്തിയാക്കിയതിന്റെ ട്രാക്ക് റെക്കോർഡ് ഫോമായ്ക്കുണ്ട്.

ഈ നിർണ്ണായക മുഹൂർത്തത്തിൽ ഫോമായുമായി കൈകോർക്കാൻ ഞങ്ങൾ നിങ്ങളോട് വിനീതമായി അഭ്യർത്ഥിക്കുന്നു. നിങ്ങൾക്ക് കഴിയുന്ന സംഭാവന ചെയ്യുക. FOMAA 501c(3)-ലേക്കുള്ള എല്ലാ സംഭാവനകൾക്കും നികുതിയിളവ് ലഭിക്കും.

## ഉള്ളുരുകും വയനാട്




ആൻഡ്രൂസ് അഞ്ചേരി

ഉരുൾ പൊട്ടി വയനാട്ടിൽ
ഉരുണ്ടെത്തി പാറക്കൂട്ടം
ഉയിർപോയി അനേകർക്ക്
ഉള്ളതെല്ലാം നഷ്ടമായി
ഉണ്ണികളിൻ കരച്ചിലും
ഉള്ളുരുകും കാഴ്ചകളും
ഉണങ്ങാത്ത മുറിവേറ്റ്
ഉരുകുന്ന ജനം എങ്ങും
ഉത്തരമില്ലാത്ത ചോദ്യം
ഉള്ളവരാണവർ ഇന്ന്
ഉവ്വ് എന്ന ഉത്തരം നാം
ഉറപ്പായും നല്കിടേണം
ഉണരേണം ചേരണം നാം
ഉദ്ധാരണ പ്രക്രിയയിൽ
ഉയിർ അറ്റ വയനാട്
ഉയരത്തിൽ ഉയർന്നിടാൻ

**വാൽക്കഷണം:**

ഉള്ളം കള്ളമായോർ കൈയിൽ
ഉള്ള കാശു കൊടുക്കല്ലേ
ഉപകാരം ചെയ്യില്ല സ്വയം
ഉദരം അവർ വീർപ്പിക്കും!




## വയനാട് ദുരിതബാധിതർക്കൊപ്പം അണിനിരക്കാം

**റോയി മുളകുന്നം**

ചിക്കാഗോ: ജന്മനാടിന് ഒരു ആപത്തു വരുമ്പോൾ എന്നും കൂടെ നിൽക്കാറുള്ള പ്രവാസികളായ നമുക്ക് വയനാട്ടിൽ മുന്നൂറോളം പേരുടെ മരണത്തിലും ഇരുനൂറോളം പേരെ കാണാതാകുകയും ചെയ്ത് എല്ലാം നഷ്ടപ്പെട്ട നമ്മുടെ സഹോദരങ്ങൾക്കായി നമുക്ക് കൈകോർക്കാം. രണ്ട്മൂന്ന് ഗ്രാമങ്ങൾ തന്നെ തുടച്ചു നീക്കപ്പെട്ട നിലയിലാണ്. വീടുകൾ, സ്കൂളുകൾ, ആരാധനാലയങ്ങൾ, സർക്കാർ ഓഫീസുകൾ, കച്ചവട സ്ഥാപനങ്ങൾ, റോഡുകൾ, പാലങ്ങൾ എല്ലാം നഷ്ടപ്പെട്ട ആ നാടിനുവേണ്ടി, അതെല്ലാം പുനർനിർമ്മിക്കുന്നതിനുവേണ്ടി പ്രവാസികളായ നമുക്ക് സർക്കാരിനൊപ്പം നിന്ന് സഹായത്തിൽ പങ്കുചേരാം.

അമേരിക്കയിലും കാനഡയിലുമുള്ള മലയാളി അസോസിയേഷനുകളും വ്യക്തികളും അവരവർക്കാകുന്ന സഹായങ്ങൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യണമെന്ന് അമേരിക്കയിൽ നിന്നുള്ള ലോക കേരള സഭാംഗങ്ങൾ അപേക്ഷിക്കുന്നു.




**FAMILY DENTAL Practice**

9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood



Office: (847) 581-1418,
Fax: (847) 581-1445

GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DEN TURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com

**ACHIEVE REAL ESTATE GROUP, INC.**

*For All Your Real Estate Needs Please Call ...*

**THOMAS KURUVILLA KARIKULAM**

Real Estate Broker

**1-847-219-6050**

834 Rand Rd Mount Prospect IL 60056



**FULL TIME REALTOR**

hanover bank



# SBA & USDA Solutions for Financing










## Need Money for your Business?

- ✓ Property and Business Acquisition
- ✓ Lease Hold Improvements/ Renovations
- ✓ LTC up to 90%*
- ✓ Up to 30 Year Amortization**
- ✓ Limited Pre-payment Penalties*
- ✓ Financing also for Working Capital, Equipment and Partner Buyout

**LENDING ALL ACROSS USA**

### Contact us

**Elijiah Gray**
First SVP Managing Director SBA & USDA Banking
p: 212.277.4358
e: sbaloans@hanoverbank.com

**OR**

### Visit our location

**Long Island**

Garden City Park
2131 Jericho Turnpike
Garden City Park, NY 11040
516.248.4868

Hauppauge
410 Motor Parkway, 3rd Floor
Hauppauge, New York 11788
631.967.5147

Mineola
80 East Jericho Turnpike
Mineola, NY 11501
516.548.8600

**Manhattan**

Chinatown
109 Bowery
New York, NY 10002
212.334.9191

Rockefeller Center
600 Fifth Avenue, 17th Floor
New York, NY 10020
646.775.4000

**New Jersey**

Freehold
4400 Route 9, Suite 2800
Freehold, NJ 07728
732.243.8300

**Queens**

Flushing Commons
138-29 39th Avenue
Flushing, NY 11354
646.828.8650

Forest Hills
71-15 Austin Street
Forest Hills, NY 11375
646.569.3600

**Brooklyn**

Sunset Park
5512 8th Avenue
Brooklyn, NY 11220
718.633.4528

For more information visit us at hanoverbank.com

**This is not an offer of credit.**

All applications are subject to the Bank's underwriting and credit approval process. Terms and conditions apply.

*SBA 7a Loan Program **USDA B&I Loan Program

© 2024 Hanover Community Bank. All rights reserved.

Member FDIC

EQUAL OPPORTUNITY LENDER

04/24

# ചിക്കാഗോ സെ. മേരീസ് ക്നാനായ ദേവാലയത്തിൽ ഇടവകദിനം ആഘോഷിച്ചു



**അനിൽ മറ്റത്തിക്കുന്നേൽ**

ചിക്കാഗോ: ചിക്കാഗോ സെ. മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ ഇടവകയിൽ ഇടവകദിനം ആഘോഷിച്ചു. ഇടവക സ്ഥാപിതമായതിന്റെ പതിനാലാം വാർഷികം ഗ്രാൻഡ് പേരന്റ്സ് ഡേയോടൊപ്പം സംയുക്തമായാണ് ആഘോഷിച്ചത്. ആഘോഷങ്ങളുടെ ഭാഗമായി അർപ്പിക്കപ്പെട്ട കൃതജ്ഞതാബലിക്ക് ക്നാനായ റീജിയൻ ഡയറക്ടർ ഫാ. തോമസ് മുളവനാൽ മുഖ്യകാർമ്മികത്വം വഹിച്ചു. വികാരി ഫാ. സിജു മുടക്കോടിൽ, ഫാ. ജിതിൻ വല്ലാർകാട്ടിൽ എന്നിവർ സഹകാർമ്മികരായിരുന്നു.

ഇടവകയിൽ 2023 ജൂലൈ മാസത്തിനും 2024 ജൂലൈ മാസത്തിനും ഇടയിൽ പുതുതായി ചേർന്ന പുതിയ കുടുംബങ്ങളെയും ഇടവകയിൽ പുതുതായി ഗ്രാൻഡ് പേരൻറ്സായ കുടുംബങ്ങളെയും കൃതജ്ഞതാബലിക്കു ശേഷം ആദരിച്ചു. ഈ വർഷം വിവാഹ വാർഷികത്തിന്റെ ജൂബിലികൾ ആഘോഷിക്കുന്നവരെ ക്നാനായ റീജിയൻ ഡയറക്ടർ ഫാ. തോമസ് മുളവനാൽ പൊന്നാട അണിയിച്ച് ആദരിച്ചു.



വികാരി ഫാ. സിജു മുടക്കോടിലിനൊപ്പം സിസ്റ്റർ സിൽവേരിയസ്, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ടിൽ എന്നിവർ ഇടവക ദിനാഘോഷങ്ങൾക്ക് നേതൃത്വം നല്കി.

# ഫൊക്കാന ഇലക്ഷൻ: സഹകരണം നൽകിയ വോട്ടർമാർക്ക് നന്ദി

**ജോർജി വർഗീസ്**

വാഷിങ്ടൺ: ഫൊക്കാന ചരിത്രത്തിലെ ഏറ്റവും വലിയ ഇലക്ഷൻ തികച്ചും സമാധാനപരമായി നടത്താൻ സഹകരിച്ച എല്ലാ ഡെലിഗേറ്റുകൾക്കും അംഗ സംഘടനാ നേതൃത്വത്തിനും ഇലക്ഷൻ കമ്മിറ്റി ചെയർമാൻ ഫിലിപ്പോസ് ഫിലിപ്പ്, മെമ്പർമാരായ ജോർജി വർഗീസ്, ജോജി തോമസ് എന്നിവർ നന്ദി രേഖപ്പെടുത്തി. 80-ഓളം സ്ഥാനാർത്ഥികൾ മാറ്റുരച്ച ഈ ഇലക്ഷൻ തികച്ചും കുറ്റമറ്റതായി നടത്താൻ സാധിച്ചു. പൂർണമായും അമേരിക്കൻ ഇലക്ഷൻ മാതൃകയിലാണ് തെരഞ്ഞെടുപ്പു നടത്തിയത്. ഡെലിഗേറ്റുകൾ ഹാളിൽ വന്നതിനുശേഷം പോലീസും തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരും ഐഡിയും ഡെലിഗേറ്റ് ലിസ്റ്റും സൂക്ഷ്മ പരിശോധന നടത്തി നൽകുന്ന ബാർകോഡ് പ്രകാരം ഇലക്ഷൻ കമ്പനി ബാലറ്റ് പേപ്പർ പ്രിന്റ് ചെയ്തു നൽകി. 24 പോളിംഗ് ബൂത്തുകൾ ഒരേ സമയത്തു പ്രവർത്തിച്ചത് വോട്ടിങ് പ്രക്രിയ ത്വരിതഗതിയിലാക്കി. നീണ്ട ക്യൂ ഉണ്ടായിട്ടും വോട്ടർമാർ തികച്ചും സംയമനം പാലിച്ചു.

റീജിയണുകളിൽ മത്സരിക്കുന്നവരുടെ പേരുകൾ ഉൾപ്പെടുത്തി വ്യത്യസ്തമായ ബാലറ്റുകളാണ് വോട്ടർമാർക്ക് ലഭിച്ചത്. വോട്ടിംഗ് സമയത്തു സ്ഥാനാർത്ഥികളുടെ പ്രതിനിധികൾ ഹാളിൽ മുഴുവൻ സമയവും ഇരുന്നു വീക്ഷിക്കുന്നതിനു അവസരം നൽകി.

വോട്ടിങ്ങിനുശേഷം ഒരു മണിക്കൂറിനുള്ളിൽ തെരഞ്ഞെടുപ്പു ഫലം മുഴുവനായി പ്രഖ്യാപിക്കാൻ കഴിഞ്ഞു. മത്സരാർത്ഥികളായ 80 ആളുകളുടെയും അവരുടെ ഏജന്റുമാരുടെയും സാന്നിധ്യത്തിൽ ബാലറ്റ് പെട്ടികൾ തുറന്നു സ്കാനിങ് മെഷീനിൽ വോട്ടുകൾ എണ്ണി സ്ക്രീനിൽ ലൈവ് ആയി പ്രൊജക്റ്റ് ചെയ്താണ് ഇലക്ഷൻ കമ്മിറ്റി ഫലപ്രഖ്യാപനം നടത്തിയത്. എല്ലാവർക്കും ഒരേ സമയത്തു തന്നെ ഫലം കാണാനായി എന്നു മാത്രമല്ല കുറ്റമറ്റതും നിഷ്പക്ഷവുമായി മുഴുവൻ ഇലക്ഷൻ പ്രക്രിയയും സുതാര്യമായി നടത്താൻ സാധിച്ചത് എല്ലാവർക്കും നേരിട്ട് ബോധ്യവുമായി.







ഇലക്ഷൻ കമ്മിറ്റി അംഗങ്ങളായ ഫിലിപ്പോസ് ഫിലിപ്, ജോർജി വർഗീസ്, ജോജി തോമസ് എന്നിവരെ കൂടാതെ ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാൻ സജി പോത്തൻ, ഇലക്ഷൻ ഓഫീസർമാരായ കമാൻഡർ ജോർജ് കോരുത്, വർഗീസ് പോതാനിക്കാട്, ജിജി ടോം, പ്രീതി നമ്പ്യാർ, സുനൈന ചാക്കോ, അൽഫോൻസാ റഹ്മാൻ, മോൻസി ചാക്കോ, സുഷമ പ്രവീൺ എന്നിവരാണ് ഫൊക്കാന ചരിത്രത്തിലെ നിർണായകമായ ഈ ഇലക്ഷന് ചുക്കാൻ പിടിച്ചത്.

## വയനാട് ദുരന്തം: ചിക്കാഗോ മലയാളി അസോസിയേഷൻ സഹായം നല്കും

**ആൽവിൻ ഷിക്കോർ**

ചിക്കാഗോ: വയനാട് പ്രകൃതി ദുരന്തത്തിൽ മരിച്ചവരോട് ചിക്കാഗോ മലയാളി അസോസിയേഷൻ അഗാധമായ ദുഃഖം രേഖപ്പെടുത്തി. ദുരന്തത്തിൽപ്പെട്ട് ദുരിതമനുഭവിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന പ്രക്രിയയിൽ പങ്കാളികളാകണമെന്ന് പ്രസിഡണ്ട് ജെസ്സി റിൻസിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ബോർഡ് യോഗം തീരുമാനിച്ചു.

ഫിലോകാലിയ ഫൗണ്ടേഷനുമായി ചേർന്ന് സഹായഹസ്തം എത്തിക്കാനാണ് ചിക്കാഗോ മലയാളി അസോസിയേഷൻ ശ്രമിക്കുന്നത്. ഗവൺമെന്റ് ഇപ്പോൾ അടിയന്തര രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ദുരിതമനുഭവിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന പ്രക്രിയയിൽ നാം പങ്കുചേരേണ്ടതുണ്ടെന്ന് ബോർഡ് അംഗങ്ങൾ വിലയിരുത്തി. തങ്ങളുടെ മുഴുവൻ പിന്തുണയും ചിക്കാഗോ മലയാളി അസോസിയേഷന്റെ ഈ പ്രവർത്തനത്തിൽ ഉണ്ടെന്ന് ചാരിറ്റി കോ-ഓർഡിനേറ്റേഴ്സായ ജോൺസൺ കണ്ണൂക്കാടൻ, ഫിലിപ്പ് പുത്തൻപുരയിൽ, ആഗ്നസ് തെങ്ങുമ്മൂട്ടിൽ എന്നിവർ അറിയിച്ചു.

നമ്മളാൽ കഴിയുന്ന സഹായം എത്തിക്കുവാൻ ശ്രമിക്കണമെന്ന് ട്രഷറർ മനോജ് അച്ചേട്ട്, സെക്രട്ടറി ആൽവിൽ ഷിക്കോർ, ജോയിന്റ് ട്രഷറർ സിബിൾ ഫിലിപ്പ്, ജോ. സെക്രട്ടറി വിവീഷ് ജേക്കബ് എന്നിവർ അറിയിച്ചു.

## ചിക്കാഗോ മലയാളി അസോസിയേഷന്റെ ഓണാഘോഷം സെപ്റ്റം. 7-ന്

**ആൽവിൻ ഷിക്കോർ**

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ ഓണാഘോഷങ്ങൾ സെപ്റ്റംബർ 7-ന് ബെൽവുഡ് സീറോമലബാർ ഓഡിറ്റോറിയത്തിൽ വെച്ച് വൈകുന്നേരം നാലിന് ഓണസദ്യയോടെ ആരംഭിക്കുന്നതാണ്.



ജോഷി പൂവത്തുങ്കൽ



ജോസ് മണക്കാട്ട്



സിബിൾ ഫിലിപ്പ്



കിഷോർ കണ്ണാല




തോമസ് വിൻസന്റ്

ഈ വർഷത്തെ ഓണാഘോഷത്തിന്റെ ജനറൽ കോ-ഓർഡിനേറ്ററായി തോമസ് വിൻസന്റിനെയും കോ-ഓർഡിനേറ്റേഴ്സായി ജോഷി പൂവത്തുങ്കൽ, ജോസ് മണക്കാട്ട്, സിബിൾ ഫിലിപ്പ്, കിഷോർ കണ്ണാല എന്നിവരെയും തെരഞ്ഞെടുത്തു.

മലയാളത്തനിമയോടും പ്രൗഢിയോടും കൂടെ വിവിധ പരിപാടികളാണ് ഈ വർഷത്തെ ഓണാഘോഷങ്ങൾക്കായി ഒരുക്കിയിരിക്കുന്നത്. ഓണസദ്യ, അത്തപ്പൂക്കള മത്സരം, ചെണ്ടമേളം, ഘോഷയാത്ര, വിവിധ കലാപരിപാടികൾ എന്നിവ ഉണ്ടായിരിക്കും. എല്ലാവരെയും ഇതിലേക്ക് ക്ഷണിക്കുന്നതായി പ്രസിഡണ്ട് ജെസ്സി റിൻസി, സെക്രട്ടറി ആൽവിൻ ഷിക്കോർ, ട്രഷറർ മനോജ് അച്ചേട്ട്, വൈസ് പ്രസിഡണ്ട് ഫിലിപ്പ് പുത്തൻപുരയിൽ, ജോ. സെക്രട്ടറി വിവീഷ് ജേക്കബ്, ജോ. ട്രഷറർ സിബിൾ ഫിലിപ്പ് എന്നിവർ അറിയിച്ചു.

# ഫൊക്കാന കൺവൻഷൻ ഓർമ്മകൾ



**അഡ്വ. എ.എ. റഷീദ്**
**(ചെയർമാൻ, കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ)**
**ഫോൺ – 984 772 0006**

അമേരിക്കയിലെ എഴുപതോളം മലയാളി അസോസിയേഷനുകളുടെ കൂട്ടായ്മയായ ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക



ഡോ. ബാബു സ്റ്റീഫൻ (ഫൊക്കാന പ്രസിഡണ്ട്)





(ഫൊക്കാന)യുടെ 21-ാമത് സമ്മേളനം ജൂലൈ 18 മുതൽ 20 വരെ തീയതികളിൽ വാഷിങ്ടൺ ഡിസിയിൽ നടന്നു. അമേരിക്കയിലും കാനഡയിലുമായി രൂപംകൊണ്ട നിരവധി മലയാളി സംഘടനകളെ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോടെ 1983 ജൂലൈ 4-ന് രൂപീകൃതമായ ഫൊക്കാനയുടെ പ്രവർത്തനങ്ങൾ അമേരിക്കൻ മലയാളി സമൂഹത്തിനിടയിൽ തലയെടുപ്പോടെ ഇന്നും അനുസ്യൂതം തുടരുകയാണ്.

വടക്കെ അമേരിക്കയുടെയും മലയാള നാടിന്റെയും സമ്പന്നമായ സാംസ്കാരിക പാരമ്പര്യങ്ങളെയും സാമൂ





ഹികവും ജീവകാരുണ്യപരവുമായ പ്രവർത്തനങ്ങളെയും പ്രോത്സാഹിപ്പിക്കുകയും കർമ്മരംഗത്ത് സജീവ സാന്നിദ്ധ്യമായി മാറുകയും ചെയ്ത ഫൊക്കാന നാല് പതിറ്റാണ്ടുകൾക്കിപ്പുറം അഞ്ചു ലക്ഷത്തിലധികം അംഗങ്ങളുമായി അമേരിക്കൻ മലയാളികളുടെ തിലകക്കുറിയായി നിലകൊള്ളുകയാണ്. മഹാസമുദ്രങ്ങൾ താണ്ടി മറ്റൊരു ഭൂഖണ്ഡത്തിൽ നാടിന്റെ നാനാഭാഗങ്ങളിൽ നിന്നും ഉപജീവനാർത്ഥം എത്തിച്ചേർന്ന മലയാളികളെ സ്നേഹവായ്പോടെ നെഞ്ചോട് ചേർത്ത് നാടിന്റെ സംസ്കാരം കണ്ണിചേർത്തു നിർത്തുന്നതിൽ അതീവ ജാഗ്രത പുലർത്തുന്ന അമേരിക്കയിലെ പ്രധാന സംഘടനയായി മാറാൻ ഫൊക്കാനയ്ക്ക് കഴിഞ്ഞുവെന്നത് അഭിമാനാർഹമാണ്.

1994-ൽ ഫൊക്കാനയുടെ അഞ്ചാമത് കൺവൻഷനിലും 2024-ലെ ഇരുപത്തൊന്നാമത് കൺവൻഷനിലും പങ്കെടുക്കുവാൻ ലേഖകന് അവസരം ലഭിക്കുകയുണ്ടായി. പത്രപ്രവർത്തന രംഗത്തെ കുലപതിയും കലാകൗമുദിയുടെ ചീഫ് എഡിറ്ററും എല്ലാമെല്ലാമായിരുന്ന എം.എസ്. മണിസാറിന്റെ സഹായത്താൽ എൻ.ആർ.എസ് ബാബു സാറിനൊപ്പമാണ് 1994-ൽ ടെക്സസിൽ നടന്ന കൺവൻഷനിൽ പങ്കെടുത്തത്. 1970-80 കാലഘട്ടത്തിലാണ് അമേരിക്കയിലേക്ക് മലയാളികളുടെ വൻതോതിലുള്ള കുടിയേറ്റം ആരംഭിക്കുന്നത്. മലയാളികൾക്ക് പരസ്പരം ബന്ധം പുലർത്താനുള്ള മാർഗ്ഗങ്ങൾ അക്കാലത്ത് വളരെ പരിമിതമായിരുന്നു. എന്നാൽ, 1983-ൽ രൂപീകൃതമായ ഫൊക്കാന മലയാളികൾക്ക് അതിനുള്ള വേദിയൊരുക്കി നല്കുന്നതിൽ നിർണ്ണായക പങ്കു വഹിച്ചു. ജാതി-മത ഭേദമെന്യേ ഒരു കുടുംബമായി ഒന്നിച്ചു നിലകൊള്ളേണ്ടവരാണ് മലയാളികൾ എന്ന ബോദ്ധ്യം ഫൊക്കാനയുടെ രൂപീകരണത്തിനു നേതൃത്വം നല്കിയ നേതാക്കൾക്കുണ്ടായിരുന്നു. ഇന്ന് നമ്മുടെ രാജ്യം ആഗ്രഹിക്കുന്നതും ഇതുതന്നെയാണ് എന്നതാണ് വസ്തുത.



കുട്ടികളുടെ കലാമത്സരങ്ങൾ ഉൾപ്പെടെ വിവിധങ്ങളായ സാംസ്കാരിക പരിപാടികളും കേരളത്തിലെ രാഷ്ട്രീയ, സാംസ്കാരിക, സാമൂഹിക രംഗത്തെ പ്രമുഖരുടെ സാന്നിദ്ധ്യവും ഫൊക്കാന സമ്മേളനങ്ങളെ അവിസ്മരണീയവും ശ്രദ്ധേയവുമാക്കാറുണ്ട്. വിദ്യാഭ്യാസ-സാംസ്കാരിക രംഗത്ത് വിവിധ സാദ്ധ്യതകൾ തേടാൻ പുത്തൻ തലമുറയ്ക്ക് അവസരമൊരുക്കുന്നതിനും ഫൊക്കാനയുടെ ഇടപെടലുണ്ടാകുന്നുണ്ട്.

അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടന എന്ന നിലയിൽ കേരളത്തിലുണ്ടാകുന്ന പൊതുപ്രശ്നങ്ങളിൽ സജീവമായ ഇടപെടലുകൾ നടത്തുന്നതിൽ ഫൊക്കാന എക്കാലത്തും ജാഗ്രത പുലർത്തിയിരുന്നു. ഭവനരഹിതരായ നിർദ്ധനർക്കായി വീട് നിർമ്മിച്ചു നല്കൽ,





നിരാലംബരായ രോഗികൾക്കുള്ള ചികിത്സാസഹായം തുടങ്ങി പ്രളയം കവർന്ന കേരളത്തിന്റെ പുനർനിർമ്മാണത്തിന്റെ ഭാഗമായുള്ള 'റീ ബിൽഡ് കേരള'യിലും പഠനം ക്ലാസ്മുറിയിൽ നിന്നും വീടുകളിലേക്ക് മാറിയ കോവിഡ് മഹാമാരിക്കാലത്ത് നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പഠനസൗകര്യാർത്ഥം മൊബൈൽ ഫോണുകൾ വാങ്ങി നല്കുന്നതിലുൾപ്പെടെ കേരളത്തിന്റെ പുരോഗതിക്കും വികാസത്തിനും സർക്കാരുമായി സഹകരിച്ച് നിരവധി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലും ഇക്കാലയളവിൽ ഫൊക്കാനയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കുവൈറ്റ് ദുരന്തത്തിനിരയായവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായമെന്ന നിലയിൽ രണ്ട് ലക്ഷം രൂപവീതം നല്കി ഫൊക്കാന സഹായിച്ചതും മലയാളികളോടും വിശിഷ്യ നാടിനോടും ഫൊക്കാന സ്വീകരിച്ചുവരുന്ന പ്രതിബദ്ധതയുടെ നേർസാക്ഷ്യമായി. മലയാള ഭാഷയുടെ ഉന്നമനത്തിനും പ്രോത്സാഹനത്തിനുമായി 'ഭാഷയ്ക്കൊരു ഡോളർ' എന്ന പേരിൽ പിഎച്ച്.ഡി. വിദ്യാർത്ഥികൾക്കായി ഫൊക്കാന നല്കിവരുന്ന അവാർഡ് ഇന്ന് സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്തെ ഒരു പ്രധാന അവാർഡായി നിലനിൽക്കുകയാണെന്നും ഈയവസരത്തിൽ വിസ്മരിക്കാവുന്നതല്ല.

ഭാഷയ്ക്കൊരു ഡോളർ എന്ന പേരിൽ ഫൊക്കാനയുടെ അംഗങ്ങളിൽ നിന്നും സമാഹരിക്കുന്ന തുക ഉപയോഗിച്ച് കേരളത്തിലെ വിവിധ സർവകലാശാലകളിൽ നിന്നും മലയാള ഭാഷയിൽ പിഎച്ച്.ഡി നേടുന്നവർ സമർപ്പിക്കുന്ന പ്രബന്ധങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട പ്രബന്ധത്തിന് 50,000/- രൂപയുടെ ക്യാഷ് പ്രൈസ് നല്കുന്നതാണ് പദ്ധതി.








ഫൊക്കാനയുടെ 21-ാമത് കൺവൻഷന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയത് ഡോ. ബാബു സ്റ്റീഫന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയാണ്. കേരളത്തിന്റെ തനത് കലാരൂപങ്ങളുടെ അകമ്പടിയിൽ വർണ്ണശബളമായ ഘോഷയാത്രയോടെയാണ് 2024 ജൂലൈ 18-ന് വാഷിങ്ടൺ ഡിസിയിൽ കൺവൻഷന് തുടക്കം കുറിച്ചത്. യുഎസ് കോൺഗ്രസ്മാൻ രാജകൃഷ്ണമൂർത്തിയാണ് 21-ാമത് ഫൊക്കാന കൺവൻഷന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചത്. ഫൊക്കാന പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാനത്തെ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്തെ പ്രമുഖരായ ഫ്രാൻസിസ് ജോർജ് എംപി, എംഎൽഎമാരായ മോൻസ് ജോസ്, എം. മുകേഷ്, പ്രശസ്ത കവിയും സാംസ്കാരിക രംഗത്തെ സജീവ സാന്നിദ്ധ്യവുമായ മുരുകൻ കാട്ടാക്കട, അനീഷ് രവി, പത്രപ്രവർത്തന രംഗത്തെ പ്രധാനികളായ വി.എസ്. രാജേഷ്, മുരളി ആർ, ലാലു ജോസഫ് എന്നിവർക്കൊപ്പം സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ എന്ന നിലയിൽ ലേഖകനും ആദ്യവസാനം കൺവൻഷനിൽ പങ്കെടുത്തു.

മലയാളികളുടെ സാംസ്കാരിക തനിമ വിളിച്ചോതി നിരവധി കലാപരിപാടികൾ കൺവൻഷന് വർണ്ണപ്പൊലിമയേകി.

കേരളാ എക്സ്പ്രസ് സേവനത്തിന്റെ മുപ്പത്തിരണ്ടാം വർഷം 1992-2024









# ആകാശംപോലെ വിശാലമാണ് ലക്ഷ്യങ്ങളും ഡോ. രാജു കുന്നത്ത്

## 'ജീവിതത്തിൽ മൂല്യവത്തായ എന്തും ഉണ്ടാകുന്നത് ദീർഘ വീക്ഷണത്തിൽ നിന്നും കഠിനാധ്വാനത്തിൽ നിന്നുമാണ്'

കഠിനാധ്വാനം ചെയ്യാനുള്ള മനസ്സുണ്ടെങ്കിൽ ഭൂമിയിൽ എല്ലാം സാധ്യമാണ്. ആകാശത്തിന് കീഴിലുള്ള സർവ്വതും നിരന്തര പ്രയത്നം കൊണ്ട് നേടാനാകും. ഇതൊരു തത്വമല്ല, പല മനുഷ്യർ പല കാലങ്ങളിൽ തെളിയിച്ചെടുത്ത സത്യമാണ്.

ഒരിക്കൽ താൻ ആഗ്രഹിച്ച ജോലി, അത് പഠിക്കുവാൻ ചെന്ന പലയിടത്ത് നിന്നും തടയപ്പെട്ടു. ഒടുവിൽ അതേ ജോലിയിൽ തന്നെ മറ്റാരെക്കാളും അധികാരത്തിൽ, ഭംഗിയിൽ വീറോടെ ചെന്നിരുന്നു.

ഡോ. രാജു കുന്നത്തിന്റെ ജീവിതത്തെക്കുറിച്ച് പറയുമ്പോൾ, അതൊരു മനുഷ്യൻ താണ്ടിയ ജീവിതസമസ്യകളുടെ കൂടി ചരിത്രമാണ്.

ആത്മവിശ്വാസവും കഠിനാധ്വാനവുമാണ് പരാജയമെന്ന രോഗത്തെ കൊല്ലാനുള്ള ഏറ്റവും നല്ല മരുന്ന്. അത് നിങ്ങളെ ഒരു വിജയകരമായ വ്യക്തിയാക്കും എന്ന് ചെറുപ്പം മുതൽ ഉൾക്കൊണ്ട് കേരളത്തിൽ നിന്നും അമേരിക്കയിലേക്ക് യാത്ര ചെയ്ത് വിജയിച്ച, വരുംതലമുറയ്ക്ക് മാതൃകയാക്കാവുന്ന ഒരു വ്യക്തിത്വത്തെ ഈ വഴിത്താരയിൽ പരിചയപ്പെടാം ഡോ. രാജു കുന്നത്ത്.

### ആദ്യത്തെ ശിഖരങ്ങൾ

കോട്ടയം ജില്ലയിലെ തെള്ളകമെന്ന ഗ്രാമത്തിൽ കുന്നത്തുവീട്ടിൽ 1964–ലാണ് ജോസഫ്, മറിയാമ്മ ദമ്പതികളുടെ ഇളയ മകനായി ഡോ. രാജു കുന്നത്ത് ജനിക്കുന്നത്. പരമ്പരാഗത കർഷക കുടുംബമായിരുന്നു ജോസഫിന്റേത്. അതുകൊണ്ട് തന്നെ മണ്ണും മനുഷ്യനും തമ്മിലുള്ള തീവ്രബന്ധം അറിഞ്ഞുകൊണ്ട് തന്നെയാണ് രാജു വളർന്നത്.

കോട്ടയം എം.ടി. ഹൈസ്കൂളിൽ (1980) കാലഘട്ടത്തിലാണ് രാജു തന്റെ സ്കൂൾ പഠനം പൂർത്തിയാക്കിയത്. തുടർന്ന് മാന്നാനത്തെ കെ.ഇ. കോളജിലും (1983) അദ്ദേഹം വിദ്യാഭ്യാസം നടത്തി. പഠനത്തിൽ വളരെ മിടുക്കനായിരുന്നു രാജു. അതുകൊണ്ട് തന്നെ തങ്ങളാൽ കഴിയും വിധം മകനെ പഠിപ്പിക്കാൻ മാതാപിതാക്കൾ ശ്രമിച്ചു. എല്ലാ പരീക്ഷകളിലും ഉന്നത വിജയം നേടിയ രാജു തിരുവനന്തപുരത്ത് ടെക്സ്റ്റൈൽ ടെക്നോളജി കോഴ്സിൽ (1986) വർഷത്തെ കേരള സംസ്ഥാന ഒന്നാം റാങ്ക് ഹോൾഡറായിരുന്നു. ഇതേ മേഖലയിൽ കോയമ്പത്തൂരിൽ രാജു തന്റെ ജോലി ജീവിതവും ആരംഭിച്ചു.

### കടൽ കടക്കാനുള്ള മോഹം

രാജുവിന്റെ പിതാവിന്റെ അനുജന്മാരായ (കത്തോലിക്ക പുരോഹിതന്മാർ ഫാ. മാത്യു കുന്നത്ത്, ഫാ. സെബാസ്റ്റ്യൻ കുന്നത്ത്) എന്നിവരുടെ സ്വാധീനത്താലാണ് വർഷങ്ങൾ പഴക്കമുള്ള, എന്നാൽ തീവ്രമേറിയ യു.എസ്.എയിൽ വരാനുള്ള ആഗ്രഹം അദ്ദേഹം സഫലമാക്കുന്നത്. ഫാ. മാത്യു കുന്നത്ത്, ഫാ. സെബാസ്റ്റ്യൻ കുന്നത്ത് എന്നിവർ വർഷങ്ങൾക്ക് മുൻപേ അമേരിക്കയിൽ മിഷനറി ജീവിതം തുടങ്ങിയതായിരുന്നു. ആധ്യാത്മിക ജീവിതത്തിനുപുറമെ ഹോസ്പിറ്റൽ ചാപ്ലൈന്മാരായി പ്രവർത്തിച്ചിരുന്നു ഇവർ. നിരവധി മലയാളി കുടുംബങ്ങളെ ഫാ. മാത്യു കുന്നത്ത് അമേരിക്കയിലെത്തിക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു. ഏതാണ്ട് അഞ്ഞൂറിലധികം ആളുകളെ അദ്ദേഹം അമേരിക്കയിൽ എത്തിച്ചിട്ടുണ്ട്. ഇപ്പോൾ അവരുടെ ഫാമിലി തന്നെ നോക്കിയാൽ ആയിരങ്ങൾ ഉണ്ടാകും അമേരിക്കയിൽ എന്ന് രാജു പറയുന്നു. അമേരിക്കയിലെ നേഴ്സിംഗ് മേഖലയിലെ സാധ്യതകൾ ഫാ. മാത്യു കുന്നത്ത് നിരന്തരം പറയുമായിരുന്നു. അങ്ങനെയാണ് അമേരിക്ക എന്ന മോഹം തനിക്കും ഉണ്ടായതെന്നും സാധ്യതകളെ ഉപയോഗിക്കേണ്ടതാണെന്നു തീരുമാനിച്ചതും ടെക്സ്റ്റൈൽ ഡിഗ്രി ഉണ്ടായിരുന്നുവെങ്കിലും ബി.എസ്.സി നേഴ്സിംഗ് പഠിക്കുവാൻ തീരുമാനിച്ചത്. 1980–കളിൽ പുരുഷന്മാർ ഇന്ത്യയിൽ നഴ്സിംഗ് പ്രോഗ്രാമുകളിൽ ചേരുന്നത് സാധാരണമായിരുന്നില്ല. നേഴ്സിംഗ് ജോലി തന്നെ സ്ത്രീകൾക്ക് വേണ്ടിയുള്ളതാണെന്ന ചിന്തയായിരുന്നു സമൂഹത്തിൽ നിലനിന്നിരുന്നത്. എന്നാൽ തന്റെ ലക്ഷ്യം കൃത്യമായത് കൊണ്ട് തന്നെ അദ്ദേഹം മുന്നോട്ടു നടന്നു.

ആദ്യം ബാംഗ്ളൂർ രാമയ്യയിലാണ് രാജു അഡ്മിഷന് ശ്രമിച്ചത്. എന്നാൽ പതിവ് മറുപടി പോലെ ആൺകുട്ടികളെ എടുക്കില്ല എന്ന അറിയിപ്പാണ് അവരിൽ നിന്ന് ലഭിച്ചത്. തുടർന്നാണ് രാജു മണിപാലിലേക്ക് പോകുന്നത്. എന്നാൽ അവിടെനിന്നും നിരാശാജനകമായ ഇതേ മറുപടി തന്നെയാണ് കിട്ടിയത്. സമൂഹത്തിന്റെ ചിന്തകൾ തന്നെയായിരുന്നു അവിടെ വിലങ്ങുതടി ആയത്. ആൺകുട്ടികളെ നേഴ്സിങ്ങിന് എടുക്കില്ല എന്ന ചിന്ത അന്ന് ഇന്ത്യ മുഴുവൻ വ്യാപിച്ചിരുന്നു. ഇത്രത്തോളം തടസ്സങ്ങൾ ഉണ്ടായിട്ടും ലക്ഷ്യത്തിൽ നിന്നും പിന്മാറാൻ അദ്ദേഹം തയ്യാറായിരുന്നില്ല. മണിപ്പാലിൽ നിന്നും രാജു നേരെ പോയത് മംഗലാപുരം എം.വി. ഷെട്ടി കോളജിലേക്കാണ്. അവിടെനിന്നാണ് അദ്ദേഹത്തിന്റെ ജീവിതത്തിൽ പുതിയൊരു മാറ്റം ഉണ്ടാകുന്നത്.


അഡ്മിഷനുവേണ്ടി ചെന്ന രാജു ജോസഫിനോട് കോളജ് ചെയർമാൻ ഡോ. എം.ആർ. ഷെട്ടി സ്ഥിരം മറുപടി തന്നെ പറഞ്ഞു. അഡ്മിഷൻ ഇല്ല. എന്നാൽ കാരണമായി അദ്ദേഹം പറഞ്ഞത് ആൺകുട്ടികൾക്ക് സീറ്റില്ല എന്നല്ല, രാജു ഓവർ ക്വാളിഫൈഡ് ആണ് അതുകൊണ്ട് പറ്റില്ല എന്നായിരുന്നു. എന്നാൽ രാജു തന്റെ നിലപാടിൽ തന്നെ ഉറച്ചുനിന്നു. അഡ്മിഷൻ നേടിയെ പോകൂ എന്ന മട്ടിലായിരുന്നു അദ്ദേഹം. അപ്പോഴേക്കും ബി.എസ്.സി നേഴ്സിംഗ് ക്ലാസ് തുടങ്ങിയിട്ട് 2 മാസം ആയിട്ടുണ്ടായിരുന്നു. രാജുവിന്റെ വാശി കണ്ടപ്പോൾ, സ്വയം പഠിച്ച് എടുക്കാമോ എന്ന് ചെയർമാൻ അദ്ദേഹത്തോട് ചോദിച്ചു. ഫസ്റ്റ് ക്ലാസിൽ പാസായിക്കൊണ്ടാണ് രാജു കുന്നത്ത് അതിന് മറുപടി നൽകിയത്.

### അമേരിക്കൻ സ്വപ്നം

1993–ൽ വിവാഹിതനായി. ബി.എസ്.സി നേഴ്സിംഗിന് ഒപ്പം പഠിച്ച ജയ എന്ന പെൺകുട്ടിയെയാണ് രാജു കുന്നത്ത് വിവാഹം കഴിച്ചത്. തിരുവല്ല കവിയൂർ സ്വദേശിനിയായിരുന്നു ജയ. അക്കാലത്ത് അമേരിക്കയിലേക്ക് പോകാനുള്ള CGFNS (കൊളംബോ, ശ്രീലങ്ക) പരീക്ഷ പാസായി. അപ്പോഴേക്കും ഫാ. മാത്യു കുന്നത്ത് രാജുവി








# വഴിത്താരകൾ

തയ്യാറാക്കിയത്: **അനിൽ പെണ്ണുക്കര**

നും ജയയ്ക്കും അമേരിക്കയിലേക്ക് വരുന്നതിനുള്ള വഴിയൊരുക്കി.

യു.എസ്.എയിൽ എത്തിയ ഉടനെ തന്നെ ഡോ. രാജു കുന്നത്ത് RN പരീക്ഷ പാസായി ജോലിയിൽ പ്രവേശിച്ചു. രണ്ട് വർഷത്തിനുള്ളിൽ സൂപ്പർവൈസറും അടുത്ത രണ്ട് വർഷത്തിനുള്ളിൽ നഴ്സിംഗ് ഡയറക്ടറുമായി അദ്ദേഹത്തിന് സ്ഥാനക്കയറ്റം ലഭിച്ചു. നഴ്സിംഗ് തൊഴിലിലേക്ക് പ്രവേശിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും പ്രത്യേകിച്ച് പുരുഷന്മാർക്കും രാജു കുന്നത്തിന്റെ ഈ നേട്ടം ഒരു പ്രചോദനമാണ്. നഴ്സിംഗ് ഹോം അഡ്മിനിസ്ട്രേറ്റർ ലൈസൻസ് ലഭിച്ചതിനെ തുടർന്ന് ഡോ. രാജു കുന്നത്ത് തന്റെ കരിയർ നഴ്സിംഗ് വിട്ട് നഴ്സിംഗ് ഹോം അഡ്മിനിസ്ട്രേഷനിലേക്ക് മാറ്റി. 1999-ൽ ന്യൂജേഴ്സിയിലെ ട്രിനിറ്റാസ് ഹോസ്പിറ്റലിന്റെ അഡ്മിനിസ്ട്രേറ്ററായി ജോലി തുടങ്ങി.

നിലവിൽ അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ RN, LNHA (ലൈസൻസ്ഡ് നഴ്സിംഗ് ഹോം അഡ്മിനിസ്ട്രേറ്റർ) ലൈസൻസുകൾ ലഭിച്ചിട്ടുണ്ട്. ഇതിനിടയിലാണ് അമേരിക്കയിൽ വെച്ച് രണ്ടു ബിരുദാനന്തര ബിരുദങ്ങൾ പൂർത്തിയാക്കുന്നത്. ന്യൂജേഴ്സിയിലെ യൂണിയനിലുള്ള കീൻ യൂണിവേഴ്സിറ്റിയിൽ നിന്ന് എംഎസ്എൻ (മാസ്റ്റേഴ്സ് ഇൻ നഴ്സിംഗ്), എം.പി.എ (പബ്ലിക് അഡ്മിനിസ്ട്രേഷനിൽ മാസ്റ്റേഴ്സ്) എന്നിവ കരസ്ഥമാക്കി (2002). തുടർന്ന് മാഡിസണിലെ ഡ്രൂ യൂണിവേഴ്സിറ്റിയിൽ നിന്ന് മെഡിക്കൽ ഹ്യുമാനിറ്റീസ് (ഡി.എം.എച്ച്) 2012-ൽ ഡോക്ടറേറ്റ് ബിരുദവും അദ്ദേഹം നേടി. “യൂണിവേഴ്സൽ ഹെൽത്ത്കെയർ - യു.എസ്.എയിലെ നിലവിലെ ആരോഗ്യ പരിരക്ഷാ പ്രതിസന്ധിക്ക് ഇത് പരിഹാരമാണോ” എന്നതിനെ കേന്ദ്രീകരിച്ചായിരുന്നു രാജു കുന്നത്തിന്റെ ഡോക്ടറൽ തീസിസ്. ഈ വിഷയം ജീവിതകാലം മുഴുവൻ പഠിക്കാനുള്ളതാണ് എന്നാണ് അദ്ദേഹം പറയുന്നത്. ഓരോ നിമിഷത്തിലും മനുഷ്യൻ ഓരോന്ന് പഠിക്കുന്നുണ്ടെന്നും, നിരന്തരമായ പഠനത്തിന് വിധേയമാകാതെ ഒരു മനുഷ്യനും കാലത്തോട് മല്ലിട്ട് നിൽക്കാൻ കഴിയില്ലെന്നും ഡോ. രാജു കുന്നത്ത് പറഞ്ഞു വെക്കുന്നു.

### ഫാ. മാത്യു കുന്നത്ത്, ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ആത്മീയത, ജീവകാരുണ്യ പ്രവർത്തനങ്ങൾ

1980ലാണ് പിതൃ സഹോദരൻ ഫാ. മാത്യു കുന്നത്ത് അമേരിക്കയിലെത്തിയത്. ഇപ്പോൾ അദ്ദേഹത്തിന് 93 വയസുണ്ട്. ആത്മീയ രംഗത്തിനു പുറമെ നാട്ടിൽ നിന്നും നിരവധി കുടുംബങ്ങളെ അമേരിക്കയിൽ എത്തിക്കുവാനും അമേരിക്കയിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു തുടക്കം കുറിക്കുവാനും അദ്ദേഹം ശ്രമിച്ചിരുന്നു. അമേരിക്കയിലെത്തിയ രാജുവിന്റെയും ജയയുടെയും ജീവിതത്തിലും അദ്ദേഹം വെളിച്ചം കൊണ്ടുവന്നു. 1980-കളിലും 1990-കളിലുമായി 500-ഓളം കുടുംബങ്ങളെ അമേരിക്കയിലെത്തിക്കുവാൻ അദ്ദേഹം സഹായിച്ചിട്ടുണ്ട്. ഫാ. മാത്യു കുന്നത്തിനെ തന്റെ വഴികാട്ടിയും ആത്മീയ ഗുരുവുമായി ഡോ. രാജു കുന്നത്ത് കാണുന്നു.

ഫാ. മാത്യു കുന്നത്തിന്റെ സഹോദരൻ ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ആത്മീയ പ്രവർത്തനങ്ങൾക്കു പുറമെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായത് ഡോ. രാജു കുന്നത്തിനെ സ്വാധീനിച്ചു. അദ്ദേഹം വഴി കേരളത്തിലുള്ള പാവപ്പെട്ടവർക്കും അഗതികൾക്കുമായി ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടരാൻ ഒരു വലിയ പദ്ധതി തന്നെ അദ്ദേഹം ആരംഭിച്ചു. കോട്ടയത്ത് ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ചാരിറ്റബിൾ ട്രസ്റ്റ് രൂപീകരിക്കുകയും നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു തുടക്കം കുറിക്കുകയും ചെയ്തു. ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ചെയർമാനും ഡോ. രാജു കുന്നത്ത് വൈസ് ചെയർമാനുമായി പ്രവർത്തിക്കുന്ന ട്രസ്റ്റ് ജാതിയോ മതമോ നോക്കാതെ തന്നെ ആളുകളെ സഹായിക്കുന്നു. വീടുകൾ ഇല്ലാത്ത നിർദ്ധനരായ കുടുംബങ്ങൾക്ക് നൂറിലധികം വീടുകൾ ഒരു പബ്ലിസിറ്റിയും ഇല്ലാതെ ഈ ഒത്തൊരുമയിലൂടെ നിർമിച്ചുനൽകാൻ ട്രസ്റ്റിന് സാധിച്ചു.

ആരോഗ്യ പ്രശ്നങ്ങൾ അനുഭവിക്കുന്ന നിർദ്ധനരായ വ്യക്തികൾക്ക് മെഡിക്കൽ സഹായം, മിടുക്കരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം, ഭക്ഷണം, മരുന്നുകൾ, വിവാഹ ധനസഹായം തുടങ്ങിയ നിരവധി സഹായങ്ങൾ ഈ സംഘടനയ്ക്ക് നൽകാനായി. ഡയാലിസിസ്, കീമോതെറാപ്പി രോഗികൾക്ക് പ്രാദേശിക ആശുപത്രികൾ വഴി സഹായം ട്രസ്റ്റ് ലഭ്യമാക്കുന്നുണ്ട്. ട്രസ്റ്റ് പ്രവർത്തനങ്ങൾക്ക് പുറമെ ചങ്ങനാശേരി, തക്കല, തൃശ്ശൂർ രൂപതകൾക്കും വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും സാമ്പത്തിക സഹായം നൽകുന്നുണ്ട്. ഉള്ളതിൽ നിന്ന് പകുത്തു നൽകുമ്പോൾ ഭൂമിയിൽ എന്തെന്നില്ലാത്ത ആനന്ദം അനുഭവിക്കാൻ കഴിയുമെന്നാണ് അദ്ദേഹം വിലയിരുത്തുന്നത്.

### നേടിയതിൽ നിന്നും നേടാനുള്ളതിലേക്കുള്ള ദൂരം

അമേരിക്കയിലെ ഗ്ലോബൽ ഹെൽത്ത് കെയർ സർവീസ് ഗ്രൂപ്പിന്റെ സ്ഥാപക നേതാക്കളിൽ ഒരാളായ ഡോ. കുന്നത്ത് അവിടെ വൈസ് പ്രസിഡന്റായി പത്തു വർഷത്തോളം ജോലി നോക്കി. ഇരുപത്തിയഞ്ചിൽ അധികം സ്ഥാപങ്ങളിലായി 5000-ത്തിലധികം ജീവനക്കാരെ ഒപ്പം നിർത്തി. തുടർന്ന് വീറ്റ ഹെൽത്ത് കെയർ സർവീസ് ഗ്രൂപ്പിന്റെ ഓപ്പറേഷൻസ് വൈസ് പ്രസിഡന്റായി. ഗ്രേസ്ലാൻഡ് ഗ്രൂപ്പിന്റെ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസറായി പ്രവർത്തിച്ചിരുന്ന ഡോ. രാജു കുന്നത്ത് അടുത്തിടെ അറുപതാം വയസിലാണ് ഈ പദവിയിൽ നിന്ന് വിരമിക്കുന്നത്.

2012-ൽ തന്റെ സ്വന്തം കൺസൾട്ടിംഗ് കമ്പനി (MedApps Inc) ആരംഭിക്കുകയും, അതിന്റെ പ്രസിഡന്റും സിഇഒയും ആയി തുടർന്നും പ്രവർത്തിക്കുകയും ചെയ്യുന്നു. തങ്ങളുടെ ഹെൽത്ത് കെയർ സോഫ്റ്റ്‌വെയർ ആയ StarsForCare (www.starsforcare.com) അമേരിക്കയിലെ ആരോഗ്യ രംഗത്ത് നഴ്സിംഗ് ഹോമുകൾക്ക് ക്വാളിറ്റി അഷ്വറൻസും റെഗുലേറ്ററി സർവേ സഹായവും നൽകുന്നുവെന്ന് അദ്ദേഹം പറയുന്നു. നഴ്സിംഗ് ഹോം രംഗത്ത് ഹെൽത്ത് കെയർ കൺസൾട്ടന്റായി പ്രവർത്തിക്കുന്നത് തുടരുകയും ദേശീയ അന്തർദേശീയ സെമിനാറുകളിൽ സംസാരിക്കുകയും ചെയ്യുക എന്നതാണ് രാജുവിന്റെ വരും കാല ലക്ഷ്യം. ഈ രംഗത്തേക്ക് ഏവരെയും ആകർഷിക്കുകയും ആരോഗ്യരംഗത്തെ സാധ്യതകൾ കേരളത്തിലെ പുതുതലമുറയ്ക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യവും അദ്ദേഹത്തിനുണ്ട്.

ഈ യാത്രയിൽ ഏറ്റവും കൗതുകകരമായ സംഭവം ആൺകുട്ടികൾക്ക് സീറ്റില്ല എന്നുപറഞ്ഞ് ഒരിക്കൽ രാജുവിനെ തിരിച്ചയച്ച എം.വി. ഷെട്ടി കോളജ് അവരുടെ രജതജൂബിലി ആഘോഷിച്ചപ്പോൾ ഡോ. രാജു കുന്നത്തിനെ വിശിഷ്ടാതിഥിയായി ക്ഷണിച്ച് ആദരിച്ചിരുന്നു. അമേരിക്കൻ മലയാളി സമൂഹത്തിൽനിന്നും ആതുര സേവന രംഗത്തു നേതൃത്വപരമായ പങ്ക് വഹിച്ച വ്യക്തി കൂടിയാണ് അദ്ദേഹം. അമേരിക്കയിൽ ലൈസൻസുള്ള നഴ്സിംഗ് ഹോം അഡ്മിനിസ്ട്രേറ്റേഴ്സ് സൊസൈറ്റിയുടെ ബോർഡ് അംഗമായി ദീർഘകാലം അദ്ദേഹം പ്രവർത്തിച്ചു.

ഏകദേശം 50 വർഷത്തെ ചരിത്രത്തിൽ സൊസൈറ്റിയുടെ ആദ്യത്തെയും ഏക ഇന്ത്യൻ വംശജനുമായ പ്രസിഡന്റായിരുന്നു ഡോ.രാജു കുന്നത്ത്. നിരവധി പ്രൊഫഷണൽ ഏജൻസികളിൽ കൺസൽട്ടൻറ്, കൂടാതെ അമേരിക്കൻ കോളജ് ഓഫ് ഹെൽത്ത് കെയർ അഡ്മിനിസ്ട്രേറ്റേർസ് (ACHCA), എൻ.ജെ ഹോസ്പിറ്റൽ അസോസിയേഷൻ (NJHA) തുടങ്ങിയവ ഉൾപ്പെടെ നിരവധി പ്രമുഖ സ്ഥാപനങ്ങൾക്കായി അഡ്വൈസറി ബോർഡിൽ ഇദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ‘കഠിനാധ്വാനം ചെയ്യാനുള്ള ആഗ്രഹവും മനസ്സുമുണ്ടെങ്കിൽ, ആകാശം മാത്രമാണ് പരിധി’, എന്നാണ് ഡോ. രാജു കുന്നത്തിന്റെ തത്വം. അമേരിക്കയിൽ നിങ്ങൾ ആഗ്രഹിക്കുന്ന എന്തും നേടാനും നിങ്ങളുടെ പ്രയത്നങ്ങളും സ്വാഭാവിക കഴിവുകളും ഉപയോഗിച്ച് നിങ്ങളുടെ പരിമിതികളെ മറികടക്കാൻ കഴിയുമെന്നും തന്റെ ജീവിതത്തെ സാക്ഷ്യപ്പെടുത്തി അദ്ദേഹം വ്യക്തമാക്കുന്നു.

### കർമനിരതനായ ഒരു മനുഷ്യന് വിരമിക്കൽ എന്നൊന്നില്ല

പ്രയത്നം കൂടുന്തോറും മഹത്വവും കൂടും, ഇന്നലെ ഞാൻ നടത്തിയ തിരഞ്ഞെടുപ്പുകൾ കൊണ്ടാണ് ഞാൻ ഇന്ന് ഞാനായിരിക്കുന്നതെന്നു തിരിച്ചറിയുന്ന ഡോ. രാജു കുന്നത്ത് ജോലിയിൽ നിന്ന് പാതി വിരമിച്ചുവെങ്കിലും ഭാവിയിൽ പൂർണമായും കേരളത്തിൽ ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ചാരിറ്റബിൾ ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും കൂടുതൽ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു. കൂടാതെ കേരളത്തിലെ കോളജുകൾ, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ മെഡിക്കൽ രംഗം, ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ എന്നീ സാധ്യതകളെകുറിച്ച് ക്ലാസ്സുകൾ എടുക്കുന്നതിനും ശ്രമിക്കും. ഇതിനോടകം തന്നെ നിരവധി സ്ഥാപനങ്ങളിലും, കോളജുകളിലും ഗൂഗിൾ മീറ്റിലും, അല്ലാതെയും അദ്ദേഹം ക്ളാസുകൾ എടുക്കുന്നുണ്ട്. മനുഷ്യരെ സഹായിക്കുക എന്നതല്ലാതെ ജീവിതത്തെ പൂർണ്ണമാക്കാൻ അദ്ദേഹത്തിന് സാധിക്കില്ല എന്ന് ഈ തീരുമാനത്തിൽ നിന്നും വ്യക്തമാണ്.

### കുടുംബം നൽകുന്ന പിന്തുണ

ഡോ. രാജു കുന്നത്തിന്റെ സ്വപ്നങ്ങൾക്ക് കൂടുതൽ നിറം നൽകുന്നത് അദ്ദേഹത്തിന്റെ കുടുംബവും അത് നൽകുന്ന പ്രചോദനവുമാണ്. ഭാര്യ മേരി കുന്നത്ത് (ജയ) ഒർലാൻഡോ വി.എ. ആശുപത്രിയിൽ ആർ.എൻ. ആയി ജോലി ചെയ്യുന്നു. 3 പെൺമക്കളും ജീവിതത്തിലെ സുപ്രധാന തീരുമാനങ്ങളിൽ എല്ലാം തന്നെ അദ്ദേഹത്തിനൊപ്പമുണ്ട്. ആരോഗ്യ മേഖലയിൽ തന്നെയാണ് മൂന്ന് മക്കളും ജോലി ചെയ്യുന്നത്. മൂത്തമകൾ ഡോ. ആഷ്‌ലി കുന്നത്ത്- ന്യൂയോർക്കിലെ ലോങ്ങ് ഐലൻഡ് ജ്യൂവിഷ് ഹോസ്പിറ്റലിൽ സൈക്യാട്രിയിൽ റെസിഡൻസി ചെയ്യുകയാണ്. രണ്ടാമത്തെ മകൾ ഡോ. ആൻസ്‌ലി കുന്നത്ത്- ടെന്നസിയിലെ നാഷ്‌വിലിൽ വൻഡെർബിൽട് യൂണിവേഴ്സിറ്റിയിൽ എം. ഡി/പിഎച്ച്.ഡി പ്രോഗ്രാം ചെയ്യുന്നു. മൂന്നാമത്തെ മകൾ ഡോ. അനിത കുന്നത്ത്- ഒഹായോയിലെ കൊളംബസിലെ ഡോക്ടേഴ്സ് ഹോസ്പിറ്റലിൽ ഫാമിലി മെഡിസിനിൽ റെസിഡൻസി ചെയ്യുന്നു. നല്ല സാമൂഹ്യപ്രവർത്തകൻ എന്നത് പോലെ തന്നെ നല്ല കുടുംബനാഥൻ എന്ന നിലയിലും കുടുംബ ബന്ധങ്ങൾക്കു വലിയ വിലയും കല്പിക്കുന്നു ഡോ. രാജു കുന്നത്ത്.

‘ജീവിതമങ്ങനെ നീണ്ടു പരന്നു കിടക്കുകയല്ലേ, അവിടെ നിറയെ മുത്തും പവിഴങ്ങളും ഒക്കെയുണ്ട്. അവ കണ്ടെടുക്കാൻ കരുണയും സഹാനുഭൂതിയും കൈമുതലായ് ഉണ്ടാകണമെന്ന് മാത്രം’ എന്ന് പറഞ്ഞുകൊണ്ട് ഡോ. രാജു കുന്നത്ത് തന്റെ പ്രവർത്തനങ്ങളിൽ സജീവമാകുമ്പോൾ വിജയത്തിന് രഹസ്യങ്ങളൊന്നുമില്ലെന്നും ഇത് തയ്യാറെടുപ്പിന്റെയും, ദീർഘ വീക്ഷണത്തിന്റെയും, കഠിനാധ്വാനത്തിന്റെയും പരാജയത്തിൽ നിന്നുള്ള പാഠത്തിന്റെയും ഫലമാണെന്നും നമുക്ക് കാട്ടിത്തരികയാണ് ഡോ. കുന്നത്ത്.

വിജയവും പരാജയവും തമ്മിലുള്ള ഒരേയൊരു വ്യത്യാസം പ്രവർത്തിക്കാനുള്ള കഴിവാണ്. വിജയത്തെ അളക്കേണ്ടത് ജീവിതത്തിൽ ഒരാൾ എത്തിച്ചേർന്ന സ്ഥാനത്താലല്ല, വിജയിക്കാൻ ശ്രമിക്കുമ്പോൾ അയാൾക്ക് തരണം ചെയ്യേണ്ടി വന്ന പ്രതിബന്ധങ്ങൾ കൂടിയാണെന്നും ഡോ. രാജു കുന്നത്ത് നമുക്ക് കാട്ടിത്തരുന്നു.

അദ്ദേഹം തന്റെ യാത്ര തുടരട്ടെ. ഈ വഴിത്താരയിൽ കൂടുതൽ കരുത്തായി മുന്നേറട്ടെ പ്രാർത്ഥനകൾ.







© Kerala Express

# HISTORIC ST. VINCENT DE PAUL CHURCH REDEDICATED AS ST. ALPHONSA SYRO-MALABAR CATHOLIC CHURCH OF MINNESOTA

St. Paul, Minnesota – On July 27, 2024, the historic St. Vincent de Paul Church was rededicated as St. Alphonsa Syro-Malabar Catholic Church of Minnesota in a solemn ceremony led by Bishop Mar Joy Alappatt of the Syro-Malabar Catholic Diocese of Chicago. This rededication marks a significant chapter in the history of the St. Alphonsa Catholic communities, merging their rich legacies to support and sustain the faith, religious culture, and traditions of the Syro-Malabar faithful who migrated to Minnesota.





### St. Vincent de Paul Church: A Historic Pillar

Founded in 1887, St. Vincent de Paul Church has been a spiritual center for generations of Catholics in St. Paul. Originally serving the Frogtown neighborhood's growing Catholic population, particularly German and Irish immigrants, the church began in a modest wooden structure. The current Gothic Revival building, designed by George J. Ries and completed in 1907, features intricate stained-glass windows, a grand altar, and an impressive steeple that has become a local landmark.

Over the decades, St. Vincent de Paul Church has been a cornerstone of the community, providing not only a place of worship but also a hub for social and educational activities. The parish school, established in 1891, educated generations of children until its closure in the late 20th century. Reflecting the spirit of its patron saint, the church has actively engaged in social and charitable initiatives, aiding the poor and marginalized.

### St. Alphonsa Catholic Community: Growth and Dedication

The Syro-Malabar Catholic community began migrating to Minnesota in the early 1960s, with pioneers including Mrs. Pennamma and Mr. Babu Cherucheril. In 1963, Bishop Antony Padiyara from India, who would later become the first Major Archbishop and Cardinal of the Syro-Malabar Church, visited Minnesota, fostering relationships that facilitated the arrival of more Syro-Malabar priests.





The first Syro-Malabar Catholic priest, Fr. Thomas Chathaparampil, arrived in 1969, and with his help, two religious sisters from India began their service at St. Therese Parish in Deephaven in 1970. The Syro-Malabar Catholic Mission of Minnesota was established in 1995 under Rev. Fr. Xavier Thelakkatt at St. Richard's Catholic Church in Richfield. The mission evolved over the years, culminating in its renaming to 'St. Alphonsa Syro-Malabar Catholic Church, Minnesota' in 2009 by Rev. Fr. Joseph Arackal. The late Rev. Fr. George Thoomkuzhy served as mission director for five years, and Fr. Antony Skaria has been the mission director since 2014.

### The Rededication Ceremony

The rededication ceremony was a grand and solemn affair, attended by Archbishop Bernard Hebda of St. Paul and Minneapolis, Bishop Emeritus Jacob Angadiath, Chorbishop Sharbel Maroun of Minneapolis, along with many priests, nuns, and numerous faithful, all participating in the traditional Kerala liturgy. The event featured a Holy Qurbana in Malayalam, with beautiful songs and liturgy that reflected the rich cultural heritage of the Syro-Malabar community. The ceremony also included the celebration of the Feast of St. Alphonsa, the patron saint, as well as first communion and confirmation rites for the children followed by reception and lunch.

This rededication signifies a new era for St. Alphonsa Syro-Malabar Catholic Church of Minnesota, now elevated to the status of a parish within the St. Thomas Syro-Malabar Catholic Diocese of Chicago, with Rev. Fr. Antony Skaria appointed as the first Vicar. The church will continue to nurture faith, ethnic culture, and religious traditions, engaging with the community and honoring its dual heritage while embracing its future as a vibrant center for the Syro-Malabar faithful in Minnesota.

**(Event Report collected and written by Photojournalist Dr. Sunny Augustine)**

## ഫോമാ കൺവൻഷനിൽ 'ചിരിയരങ്ങ്' രാജു മൈലപ്ര നയിക്കും



രാജു മൈലപ്രയും ഫോമാ പ്രസിഡണ്ട് ഡോ. ജേക്കബ് തോമസും

ചിക്കാഗോ: ഡൊമിനിക്കൻ റിപ്പബ്ലിക്കിലെ പുന്റാക്കാനായിൽ ഓഗസ്റ്റ് 8 മുതൽ 11 വരെ നടക്കുന്ന ഫോമാ കൺവൻഷനിലെ ഒരു പ്രധാന ഇനമായി നടത്തുന്ന 'ചിരിയരങ്ങ്' അമേരിക്കൻ മലയാളികളുടെ ജനപ്രിയ സാഹിത്യകാരനായ രാജു മൈലപ്ര നയിക്കുമെന്ന് ഫോമാ പ്രസിഡണ്ട് ഡോ. ജേക്കബ് തോമസ് അറിയിച്ചു.

ഫൊക്കാനയുടെ തുടക്കം മുതലും പിന്നീട് ഫോമയിലും തുടർച്ചയായി രാജു മൈലപ്ര നേതൃത്വം നല്കുന്ന 'ചിരിയരങ്ങിന്' വലിയ ജനപങ്കാളിത്തമാണുള്ളത്.

പ്രത്യേക തയ്യാറെടുപ്പുകളൊന്നുമില്ലാതെ അവതരിപ്പിക്കുന്ന ഈ പരിപാടിയിൽ കാണികൾക്കും പങ്കെടുക്കാം. നിർദ്ദോഷമായ ഫലിതങ്ങൾ കൊണ്ട്, ചിരിയുടെ പൊടിപൂരം തീർക്കുന്ന ഈ പരിപാടി 9-ാം തീയതി വൈകുന്നേരം പ്രധാന ഓഡിറ്റോറിയത്തിലാണ് അരങ്ങേറുന്നത്.

കൺവൻഷനിൽ പങ്കെടുക്കുന്ന എല്ലാവർക്കും എല്ലാംമറന്ന്, മനസ്സ് തുറന്നു ചിരിക്കുവാൻ അവസരം ഒരുക്കുന്ന 'ചിരിയരങ്ങ്' നയിക്കുന്ന രാജു മൈലപ്രയ്ക്ക് പ്രസിഡണ്ട് ഡോ. ജേക്കബ് തോമസ്, സെക്രട്ടറി ഓജസ് ജോൺ, ട്രഷറർ ബിജൂ തോണിക്കടവിൽ, വൈസ് പ്രസിഡണ്ട് സണ്ണി വള്ളിക്കുളം, ജോ. സെക്രട്ടറി ഡോ. ജയ്മോൾ ശ്രീധർ, ജോ. ട്രഷറർ ജെയിംസ് ജോർജ്, കൺവൻഷൻ ചെയർമാൻ തോമസ് സാമുവേൽ (കുഞ്ഞു മാലിയിൽ) എന്നിവർ ആശംസകളറിയിച്ചു.

# കാരുണ്യത്തിന്റെ കൈത്താങ്ങായി ചിക്കാഗോ സെന്റ് മേരീസ് ദൈവാലയത്തിലെ മിഷൻ ലീഗ് കുട്ടികൾ

**സ്വന്തം ലേഖകൻ**

ചിക്കാഗോ: ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ദൈവാലയത്തിലെ ചെറുപുഷ്പ മിഷൻ ലീഗ് കുട്ടികൾ ഭിന്നശേഷിയുള്ള കുട്ടികളുടെ സംരക്ഷണ നിയോഗാർത്ഥം സമാഹരിച്ച തുകയുടെ ഒരു വിഹിതം ഉപയോഗിച്ച് കോട്ടയം ജില്ലയിലെ ഉഴവൂർ പട്ടണത്തിൽ സ്ഥിതിചെയ്യുന്ന സീനായ് സ്പെഷ്യൽ സ്കൂളിലെ കുട്ടികളുടെ ഗതാഗത ആവശ്യത്തിനായി ഒരു



വാഹനം നൽകി അവർക്ക് ഒരു കൈത്താങ്ങായി. ഡാനിയൽ തേക്കുനിൽക്കുന്നതിൽ പ്രസിഡണ്ടായുള്ള 2023-യിലെ CML എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് കുട്ടികളുടെ സംരക്ഷണം ലക്ഷ്യംവെച്ചുകൊണ്ട് അഞ്ച് ഡോളറിന്റെ റാഫിൾ ടിക്കറ്റുകൾ വിറ്റഴിച്ച് ചാരിറ്റി ഫണ്ട് സമാഹരിച്ചത്. ഇതിനോടകം രണ്ട് പ്രോജക്റ്റുകൾ കുട്ടികൾ ചെയ്തുകഴിഞ്ഞു. ജൂലൈ 26-ന് വെള്ളിയാഴ്ച ഉഴവൂർ സീനായ് സ്പെഷ്യൽ സ്കൂൾ അങ്കണത്തിൽവെച്ച് നടന്ന ഹ്രസ്വ ചടങ്ങിനു മധ്യേയാണ് 2024 മോഡൽ മഹീന്ദ്ര ബൊലേറോ വാഹനത്തിന്റെ വെഞ്ചരിപ്പും താക്കോൽ ദാനവും നടത്തപ്പെട്ടത്. ചിക്കാഗോ സെന്റ് മേരീസ് ഇടവക വികാരി ഫാ. സിജു മുടക്കോടിയിൽ ഉഴവൂർ ഫൊറോന പള്ളി വികാരി അലക്സ് ആക്കപ്പറമ്പിൽ അച്ചന്റെയും മറ്റ് സഭാ സമുദായ സാംസ്കാരിക നേതാക്കൻമാരുടെയും സ്കൂൾ കുട്ടികളുടെയും സാന്നിധ്യത്തിൽ വാഹനവെഞ്ചരിപ്പും താക്കോൽദാനവും നിർവഹിച്ചു. സിജു അച്ചനും ചിക്കാഗോ സെന്റ് മേരീസ് സിഎംഎൽ യൂണിറ്റിനെ പ്രതിനിധീകരിച്ച് ചടങ്ങിൽ പങ്കെടുത്ത കുട്ടികൾക്കും വളരെ ഹൃദ്യമായ സ്വീകരണമാണ് സീനായി സ്പെഷ്യൽ സ്കൂൾ അധികൃതർ ഒരുക്കിയത്.

ഉഴവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് തങ്കച്ചൻ ഇലവുങ്കലിന്റെ അധ്യക്ഷതയിൽ ചേർന്ന ഹ്രസ്വസമ്മേളനത്തിൽ ഉഴവൂർ ബ്ലോക്ക് വൈസ്പ്രസിഡണ്ട് ഡോ. സിന്ധുമോൾ ജേക്കബ്, ഉഴവൂർ സെന്റ് സ്റ്റീഫൻസ് ഫൊറോന വികാരി ഫാ. അലക്സ് ആക്കപറമ്പിൽ, സജീവ് കുരുവിള, ക്നാനായ റീജിയണൽ സിഎംഎൽ ഡയറക്ടർ സിജോയി പറപ്പള്ളിൽ, വാർഡ് മെമ്പർ മേരി സജി, സെ. മേരീസ് സിഎംഎൽ യൂണിറ്റ് ട്രഷറർ ഫിലിപ്പ് നെടുംതുരുത്തിയിൽ, ജോയിന്റ് സെക്രട്ടറി ഡാനിയേൽ കിഴവള്ളിൽ എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. സീനായി സ്പെഷ്യൽ സ്കൂൾ പ്രിൻസിപ്പൾ രാധാമണി എല്ലാർക്കും ഹാർദ്ദവമായി സ്വാഗതം അർപ്പിക്കുകയും മിഷൻ ലീഗ് സംഘടന നടത്തുന്ന ചാരിറ്റി പ്രവർത്തനങ്ങളെ അത്യധികം പ്രശംസിക്കുകയും തക്കസമയത്ത് കുട്ടികളുടെ ആവശ്യം മനസ്സിലാക്കി നൽകിയ ഈ വലിയ ഉപകാരത്തിന് ഹൃദയത്തിന്റെ ഭാഷയിൽ ഏവരോടും നന്ദി അർപ്പിച്ചു. അതോടൊപ്പം ഈ സംരംഭത്തിന് ചുക്കാൻപിടിച്ച സെ. മേരീസ് സിഎംഎൽ ഡയറക്ടർ ജോജോ ആനാലിയെ പ്രത്യേകം പ്രശംസിക്കുകയും സീനായ് സ്കൂളിന്റെ പേരിലുള്ള നന്ദിയും കടപ്പാടും അറിയിക്കുകയും ചെയ്തു.

ഉഴവൂർ ഗ്രാമത്തിന്റെ കാരുണ്യത്തിന്റെ മുഖമായ സീനായി സ്കൂളിൽ വരാനും ഇവിടെയുള്ള കുട്ടികളുടെ കൂടെ ആയിരിക്കുവാനും ഇവരുടെ വളർച്ചയിൽ പങ്കുചേരാൻ സാധിച്ചതിലും സന്തോഷമുണ്ടെന്നും ദൈവത്തിന്റെ സ്വന്തം മക്കളാണ് ഈ സ്ഥാപനത്തിൽ ഉള്ളത് എന്നും ഈ കുഞ്ഞുങ്ങൾക്കുവേണ്ടി ഈ സ്ഥാപനത്തിലെ പ്രിൻസിപ്പൾ രാധാമണി ഉൾപ്പെടെ ഓരോരുത്തരും ത്യാഗപൂർവ്വം ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളെയും പ്രത്യേകം അഭിനന്ദിക്കുന്നു എന്നും ഫാ. സിജു മുടക്കോടി തന്റെ മുഖ്യപ്രഭാഷണത്തിൽ പരാമർശിച്ചു. അർഹിക്കുന്ന സ്ഥാപനത്തിന് ആവശ്യസമയത്ത് കൈത്താങ്ങാകുന്നതിൽ ചിക്കാഗോ ചെറുപുഷ്പ മിഷൻ ലീഗ് യൂണിറ്റ് വിജയം കണ്ടെത്തിയെന്ന് ഓർമ്മക്കൂട്ട് ചാരിറ്റബിൾ സൊസൈറ്റി പ്രസിഡണ്ട് സജീവ് കുരുവിള തന്റെ ആശംസ പ്രസംഗത്തിൽ പറയുകയുണ്ടായി. വ്യത്യസ്തങ്ങളായ കഴിവുകൾ ഉള്ള വളരെ മിടുക്കരായ ഇവിടുത്തെ കുട്ടികൾക്ക് ചിക്കാഗോ സെന്റ് മേരീസ് സിഎംഎൽ യൂണിറ്റ് നൽകുന്ന വലിയ ഒരു അംഗീകാരമായി ഞാൻ ഇതിനെ കാണുന്നു എന്ന് ഉഴവൂർ ബ്ലോക്ക് വൈസ് പ്രസിഡണ്ട് ഡോ. സിന്ധുമോൾ ജേക്കബ് പറഞ്ഞു.

കുട്ടികളുടെ ചെറിയ കലാപരിപാടികൾ സമ്മേളനത്തിനു മാറ്റുകൂട്ടി. സമ്മേളനത്തിനു ശേഷം സ്കൂൾ അധികൃതർ ഒരുക്കിയ സ്നേഹവിരുന്നിൽ കുട്ടികളോടൊപ്പം എല്ലാവരും പങ്കുചേർന്നു.

സിഎംഎൽ സെന്റ് മേരീസ് യൂണിറ്റിനെ പ്രതിനിധീകരിച്ച് സൈബു കിഴക്കേക്കുറ്റ്, ഷാൻ തോട്ടുങ്കൽ, മാത്യു കിഴവള്ളിൽ, ഏബ്രഹാം നെടുംതുരുത്തിയിൽ എന്നിവരാണ് പ്രസ്തുത ചടങ്ങിൽ പങ്കുചേർന്നത്.




# ട്രൈസ്റ്റേറ്റ് കേരളാഫോറം: കർഷകരത്നം അവാർഡ് 2024

**ജോർജ് ഓലിക്കൽ**

ഫിലാഡൽഫിയ: വിളവെടുപ്പിന്റെ ഉത്സവം കൂടിയായ ഓണാഘോഷത്തോടനുബന്ധിച്ച് കേരളാഫോറം ട്രൈസ്റ്റേറ്റ് ഏരിയായിലെ മികച്ച കർഷകനെ കണ്ടെത്താനുള്ള മത്സരം സംഘടിപ്പിക്കുന്നു. ഫിലാഡൽഫിയയിലും പരിസര പ്രദേശത്തുമുള്ള മലയാളി കുടുംബങ്ങളെ ജൈവകൃഷിയിലേക്ക് ആകർഷിക്കുവാനും കേരളത്തിന്റെ തനതായ പച്ചക്കറികളും പഴവർഗ്ഗങ്ങളും അമേരിക്കൻ മണ്ണിൽ വികസിപ്പിച്ചെടുക്കുന്നവരെ പ്രോത്സാഹിപ്പിക്കുവാനുമുള്ള ശ്രമത്തിന്റെ ഭാഗമായാണ് ട്രൈസ്റ്റേറ്റ് കേരളാഫോറം കർഷകരത്നം അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്. വിത്തുല്പാദനം മുതൽ വിളവെടുപ്പുവരെയുള്ള പ്രക്രിയകൾ സൂക്ഷ്മമായി പരിശോധിച്ച ശേഷമാണ് വിധിനിർണ്ണയം നടത്തുന്നത്. കർഷകരത്നം അവാർഡ് ജേതാവിന് ഏവോൺ ഹോം കെയർ നൽകുന്ന കാഷ് അവാർഡും ട്രൈസ്റ്റേറ്റ് കേരളാഫോറം ഏർപ്പെടുത്തിയിരിക്കുന്ന എവർ റോളിംഗ് ട്രോഫിയും സമ്മാനിക്കും. രണ്ടാം സമ്മാനം അലക്സ് തോമസ് (ന്യൂയോർക്ക് ലൈഫ്), മൂന്നാം സമ്മാനം ജോർജ് ഓലിക്കൽ എന്നിവർ നൽകുന്ന കാഷ് അവാർഡും മറ്റ് ആകർഷകമായ സമ്മാനങ്ങളും നൽകുന്നു. കൂടാതെ മത്സരാർത്ഥികളേവരെയും സ്റ്റേജിൽ ആദരിക്കുന്നു.

മത്സരാർത്ഥികൾ തങ്ങളുടെ കൃഷിയിടങ്ങളുടെ സവിസ്തരമായ വീഡിയോ വാട്സ്ആപ്പിൽ (2158734365) അല്ലെങ്കിൽ Oalickal7@gmail.com ഇ-മെയിൽ വിലാസത്തിലോ അയച്ചു തരണം. തെരഞ്ഞെടുക്കപ്പെടുന്ന അടുക്കളതോട്ടങ്ങൾ ട്രൈസ്റ്റേറ്റ് കേരളാഫോറം ജഡ്ജിങ് പാനൽ പരിശോധിച്ച് വിജയികളെ തീരുമാനിക്കും. മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ആഗസ്റ്റ് 15-ാം തീയതിക്കുള്ളിൽ വീഡിയോകൾ അയയ്ക്കുക. സെന്റ് തോമസ് സീറോ മലബാർ ചർച്ച് ആഡിറ്റോറിയത്തിലാണ് (608 Welsh Road, Philadelphia, PA 19115) ട്രൈസ്റ്റേറ്റ് കേരളഫോറത്തിന്റെ ഈ വർഷത്തെ ഓണാഘോഷം അരങ്ങേറുന്നത്. ആഗസ്റ്റ് 31-ന് ശനിയാഴ്ച ഉച്ചയ്ക്ക് 12.00 മുതൽ രാത്രി 8.00 വരെയുള്ള സമയത്താണ് ആഘോഷങ്ങൾ നടക്കുക.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക

ജോർജ്ജുകുട്ടി ലൂക്കോസ് (കോ-ഓർഡിനേറ്റർ) - 267 469 8586, ജോർജ് ഓലിക്കൽ - 215 873 4365, അലക്സ് തോമസ് - 215 850 5268, തോമസ് പോൾ - 267 825 5183, മോഡി ജേക്കബ് - 215 667 0801, അഭിലാഷ് ജോൺ (ട്രൈസ്റ്റേറ്റ് കേരളാഫോറം ചെയർമാൻ) - 267 701 2623



# അമേരിക്കൻ മുൻ പ്രസിഡന്റ് ട്രംപിന്റെ ദൈവവിശ്വാസവും ദൈവീക സംരക്ഷണവും

രാജു തരകൻ

അമേരിക്കൻ മുൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് പെൻസിൽവേനിയിൽ തന്റെ ഇലക്ഷൻ പ്രചരണത്തിനിടയിൽ നടന്ന വധശ്രമത്തിൽ വലിയപരുക്കുകളില്ലാതെയാണ് രക്ഷപ്പെട്ടത്. മനോധൈര്യം വീണ്ടെടുത്ത ട്രംപ് വീണ്ടും പ്രചരണത്തിനിറങ്ങിയപ്പോൾ തന്റെ പ്രഭാഷണത്തിൽ ഉദ്ധരിച്ച വാക്കുകൾ ഏറെ ശ്രദ്ധേയമാണ്. അത് ഇങ്ങനെയാണ്. ദൈവത്തിന്റെ കൃപയാണ് എന്നെ മരണത്തിൽ നിന്ന് രക്ഷപ്പെടുത്തിയത്.

മാനുഷീക സംരക്ഷണത്തേക്കാൾ അതീതമാണ് ദൈവം നൽകുന്ന സംരക്ഷണം. മനുഷ്യന്റെ പദവിക്കനുസരിച്ചാണ് സംരക്ഷണത്തിന്റെ ഘടന നിശ്ചയിക്കുന്നത്.


ലേഖകൻ

ഇന്ത്യയുടെ പ്രധാനമന്ത്രിക്ക് ലഭിക്കുന്ന സംരക്ഷണമല്ല ഒരു പാർലമെന്റ് അംഗത്വത്തിന് ലഭിക്കുന്നത്. സംരക്ഷണം എത്രമാത്രം വിപുലീകരിച്ചാലും അത് വിജയിക്കണമെന്നില്ല. അതിനുദാഹരണമാണ് ഇന്ത്യയുടെ മുൻ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാ ഗാന്ധിയുടെ വധം. അവർ വധിക്കപ്പെട്ടത് അവരെ സംരക്ഷിക്കുന്നതിനായി നിയോഗിച്ചിരുന്ന അംഗരക്ഷകരാൽ ആണന്നുള്ളത് ഒരു വിരോധാഭാസമാണ്. മനുഷ്യന്റെ പദവിക്കും സമ്പത്തിനും അനുസരിച്ച് ശത്രുക്കൾ വർദ്ധിക്കുന്ന കാരണത്താൽ സംരക്ഷകരുടെ ആവശ്യകത വർദ്ധിക്കുകയും ചെയ്യും. സ്വജീവനെ ഭയമുള്ളവർ ആണ് യാത്ര ചെയ്യുമ്പോഴും സ്വന്തം ഭവനത്തിലും തോക്ക് ഒഴിച്ചുകൂടാൻ കഴിയാത്ത അവശ്യഘടകമായ് കരുതുന്നത്.

അമേരിക്കയിൽ ഭൂരിപക്ഷം കുടുംബങ്ങളിലും തോക്കുകൾ സൂക്ഷിക്കപ്പെടാറുണ്ടെന്നാണ് പറയപ്പെടുന്നത്. കൊള്ളക്കാരിൽ നിന്ന് രക്ഷപ്പെടുന്നതിനും ഭവനത്തിൽ ഉള്ളവരുടെ സംരക്ഷണവുമാണ് ഇതുകൊണ്ട് ലക്ഷ്യമാക്കുന്നത്. പെന്തെക്കോസ്ത് വിശ്വാസികളുടെ ഭവനങ്ങളിലും ഇപ്പോൾ തോക്ക് സൂക്ഷിക്കാറുണ്ടെന്നാണ് പറയപ്പെടുന്നത്.

അമേരിക്കയിൽ നിലവിലുള്ള 50 സംസ്ഥാനങ്ങളിൽ 26 സംസ്ഥാനങ്ങളിൽ സ്കൂൾ ജീവനക്കാർക്കും, അദ്ധ്യാപകർക്കും സ്കൂൾ ഗ്രൗണ്ടിൽ തോക്ക് കൈവശം വെക്കുന്നതിന് നിയമം അനുവദിക്കുന്നുണ്ട്. സംരക്ഷണത്തിന് വേണ്ടി തോക്കുകൾ സൂക്ഷിക്കുന്ന ഭവനങ്ങളിൽ അവിചാരിതമായി സംഭവിക്കുന്ന കുടുംബ കലഹം മൂലം ഭാര്യയ്ക്ക് ഭർത്താവും, മക്കൾക്ക് മാതാപിതാക്കളും നഷ്ടപ്പെട്ട സംഭവങ്ങൾ നിരവധിയാണ്. ക്രിസ്തീയ കുടുംബങ്ങൾ ആയിട്ടും ആരാധനയും, പ്രാർത്ഥനയും ഇല്ലാത്ത ഭവനങ്ങളിലാണ് ഇത്തരം സംഭവങ്ങൾ അരങ്ങേറുന്നത്.

ദൈവ വിശ്വാസികളായ നമ്മുടെ സംരക്ഷണം ദൈവത്തിലാണ് നിലകൊള്ളുന്നത്. യഹോവ ഒരു ദോഷവും തട്ടാത്തവണ്ണം നിന്നെ പരിപാലിക്കും അവൻ നിന്റെ പ്രാണനെ പരിപാലിക്കും (സങ്കീർത്തനം 121:8) എന്നതാണ് ദൈവത്തിന്റെ വാഗ്ദാനം.


ഡോണൾഡ് ട്രംപ്

ദൈവത്തിലാശ്രയിക്കുന്നവർക്കാണ് തന്റെ സംരക്ഷണം ലഭിക്കുന്നത്. ദൈവീക സംരക്ഷണം നഷ്ടമാകുമ്പോഴാണ് മാനുഷിക സംരക്ഷണത്തിലും സഹായത്തിലും ആശ്രയിക്കുന്നത്. ഭക്തനായ ഇയ്യോബിന്റെ ജീവിതവിജയത്തിന്റെ അടിസ്ഥാനഘടകം ദൈവീക സംരക്ഷണമായിരുന്നു. ഇത് മനസ്സിലാക്കിയ സാത്താൻ ദൈവത്തോട് വാദിക്കുകയാണ്, വെറുതെയോ ഇയ്യോബ് ഭക്തനായിരിക്കുന്നത്? നീ അവനും അവന്റെ വീടിനും അവനുള്ള സകലത്തിനും ചുറ്റും വേലികെട്ടിയിട്ടില്ലയോ? വേലി സംരക്ഷണത്തെയാണ് ഇവിടെ അർത്ഥമാക്കുന്നത്.

സാത്താന്റെ ആവശ്യപ്രകാരം ഇയ്യോബിനെയും തന്റെ സർവ്വതും അല്പ സമയത്തേക്ക് സാത്താന് വിട്ടുകൊടുത്തു (ഇയ്യോബ് 1:10-12 വരെയുള്ള വാക്യങ്ങൾ). പരിശോധനകൾ അനവധി വന്നപ്പോഴും ഇയ്യോബിന്റെ ദൈവ വിശ്വാസത്തിന് ഒരു കുറവും സംഭവിച്ചില്ല. അവൻ എന്നെ കൊന്നാലും ഞാൻ അവനെ തന്നെ കാത്തിരിക്കും ഞാൻ എന്റെ നടപ്പ് അവന്റെ മുമ്പാകെ തെളിയിക്കും (ഇയ്യോബ് 13:15).


(ശേഷം 24-ാം പേജിൽ)

# ആൾക്കൂട്ടത്തിൽ തലയെടുപ്പോടെ ചാക്കോച്ചായൻ

രാജു മൈലപ്ര

എന്നെ വളരെയധികം സ്നേഹിച്ചിരുന്ന, ഞാൻ വളരെയധികം ബഹുമാനിച്ചിരുന്ന ചാക്കോച്ചായന്റെ (ടി.എസ്. ചാക്കോ) വിയോഗ വാർത്ത കേട്ടപ്പോൾ ഞാൻ ഞെട്ടിയില്ല. കാരണം, കഴിഞ്ഞ കുറേ നാളായി അദ്ദേഹം ഗുരുതര രോഗബാധിതനായിരുന്നു എന്ന സത്യം എന്റെ മനസ്സിൽ വേരുറച്ചു കഴിഞ്ഞിരുന്നു.

ആരേയും ആകർഷിക്കുന്ന ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. കാപട്യമില്ലാത്ത ഒരു നിറഞ്ഞ ചിരിയോടെയാണ് അദ്ദേഹം ഓരോരുത്തരോടും ഇടപെട്ടിരുന്നത്.



വെള്ള മുണ്ടും ഷർട്ടും, തോളിൽ ഒരു കസവു നേര്യതുമണിഞ്ഞുകൊണ്ട് 'ഫൊക്കാന' യുടെ പ്രധാന കൺവൻഷൻ വേദികളിലെല്ലാം ഒരു കാരണവരുടെ തലയെടുപ്പോടെ ചാക്കോച്ചായൻ നിറഞ്ഞു നിന്നിരുന്നു.

പ്രധാന ഭാരവാഹികളെ സ്റ്റേജിൽ ഇരുത്തിക്കൊണ്ട്, അവരുടെ പ്രവർത്തന പോരായ്മകളെ സദസ്യരുടെ മുന്നിൽവെച്ചു വിമർശിക്കുന്നതിന് അദ്ദേഹം ഒരു വിമുഖതയും കാണിച്ചിരുന്നില്ല. അതുകേട്ടു ഉള്ളുതുറന്നു ചിരിക്കുകയല്ലാതെ അവർക്കാർക്കും അദ്ദേഹത്തോട് ഒരു പരിഭവവും തോന്നിയിരുന്നില്ല- അതായിരുന്നു അദ്ദേഹത്തിന്റെ പ്രത്യേക വ്യക്തി പ്രഭാവം.

ബഹുമാനപ്പെട്ട കളത്തിൽ പാപ്പച്ചൻ 'ഫൊക്കാനാ' പ്രസിഡണ്ടായിരുന്നപ്പോൾ, ടി.എസ്. ചാക്കോ ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാനായിരുന്നു. ന്യൂയോർക്ക് റീജിയണൽ വൈസ് പ്രസിഡണ്ട് ചുമതല എനിക്കായിരുന്നു. സൂം മീറ്റിംഗുകൾ പോയിട്ട്, സെൽഫോണുപോലും പ്രചാരത്തിലില്ലാതിരുന്ന ആ കാലത്തു ഞാനും ചാക്കോച്ചായനും ഒരുമിച്ചായിരുന്നു പലപ്പോഴും കമ്മിറ്റി മീറ്റിംഗുകളിൽ പങ്കെടുക്കുവാനുള്ള യാത്ര- ഒരുപാട് ജീവിതാനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട്.


ലേഖകൻ

ഇരവിപേരൂരിലെ വീട്ടിൽ ഒറ്റയ്ക്കു താമസമാക്കിയപ്പോഴും ചാക്കോച്ചായൻ ആൾക്കൂട്ടത്തിന്റെ നടുവിലായിരുന്നു.

ആഘോഷങ്ങൾക്ക് ഒരു കുറവും വരുത്തിയില്ല. സാമുദായിക, സാംസ്കാരിക, രാഷ്ട്രീയ രംഗത്തുള്ളവരെല്ലാമായി നല്ല ബന്ധം പുലർത്തിയിരുന്നു. ഓരോ ഗ്രൂപ്പിനു വേണ്ടിയും പ്രത്യേക സ്വീകരണ സൽക്കാരങ്ങളാണ് ഒരുക്കിയിരുന്നത്. മാർത്തോമ്മ വലിയ മെത്രാപ്പോലീത്താ മാർ ക്രിസോസ്റ്റം തിരുമേനി, ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി, മനോരമ എഡിറ്റോറിയൽ ഡയറക്ടർ തോമസ് ജേക്കബ് തുടങ്ങിയവർ പങ്കെടുത്തിട്ടുള്ള പരിപാടികളിൽ ഒരു സാന്നിദ്ധ്യമാകുവാൻ അദ്ദേഹം എന്നെയും ക്ഷണിച്ചിരുന്നു എന്നുള്ള കാര്യം സ്നേഹത്തോടെ ഓർക്കുന്നു.

ഒരുപാടു നല്ല ഓർമ്മകൾ നൽകി യാത്രയാകുന്ന ചാക്കോച്ചായന്റെ പൊട്ടിച്ചിരിക്കുന്ന മുഖചിത്രം മനസ്സിന്റെ ഭിത്തിയിൽ സൂക്ഷിക്കുവാനാണ് എനിക്കിഷ്ടം.


ആദരാഞ്ജലികൾ

# ചാക്കോച്ചായന് ഫൊക്കാനയുടെ കണ്ണീർ പ്രണാമം

ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂജേഴ്സി: ഫൊക്കാനയുടെ അഡ്വൈസറി ബോർഡ് ചെയർമാനും സഹയാത്രികനും ആരംഭകാലം മുതൽ ഫൊക്കാനയുടെ കൂടെ സഞ്ചരിച്ച ഫൊക്കാനായ്ക്ക് വേണ്ടി എന്നും പ്രവർത്തിച്ചിരുന്ന നമ്മുടെ സ്വന്തം ചാക്കോച്ചായന് (ടി.എസ്. ചാക്കോ) ഫൊക്കാനയുടെ കണ്ണീർ പൂക്കൾ. അദ്ദേഹത്തിന്റെ നിര്യാണം ഓരോ ഫൊക്കാനക്കാരെയും ദുഃഖത്തിൽ ആക്കിയിരിക്കുകയാണ്.

സാമൂഹിക സേവനം തന്റെ ജീവിതലക്ഷ്യമായി തുടർന്ന വ്യക്തിയായിരുന്നു ടി.എസ്. ചാക്കോ. കേരളത്തിലെ ഇരവിപേരൂർ തറുവേലിമണ്ണിൽ നിന്നും അമേരിക്കയിൽ കുടിയേറിയിട്ടും തന്റെ സാമൂഹ്യപ്രവർത്തനം അമേരിക്കയിൽ വ്യാപിപ്പിക്കുകയാണ് ഉണ്ടായത്. അമേരിക്കൻ മലയാളികളുടെ പൊതുവായ പ്രശ്നങ്ങളിൽ അദ്ദേഹം എന്നും മുന്നിൽ ഉണ്ടായിരുന്നു. അമേരിക്കയിൽ OCI കാർഡ് ഉൾപ്പെടെ പല പ്രശ്നങ്ങൾ വന്നപ്പോഴും അതിനുവേണ്ടി സമരം ചെയ്യുവാനും ആവശ്യങ്ങൾ നേടിയെടുക്കാനും മുന്നിൽനിന്ന് നയിക്കാനും ചാക്കോച്ചായൻ എന്നും നമ്മളോടൊപ്പം ഉണ്ടായിരുന്നു. അങ്ങനെ അമേരിക്കൻ മലയാളികളിൽ ഒരുവനായി നമ്മുടെയൊക്കെ ആവശ്യങ്ങൾക്ക് അദ്ദേഹം എപ്പോഴും നമ്മളോടൊപ്പം ഉണ്ടായിരുന്നു. അങ്ങനെ സഫലമായ ജീവിതത്തിന്റെ ഓർമ്മകൾ പകർന്നു നൽകിയാണ് അദ്ദേഹം വിടവാങ്ങുന്നത്. അദ്ദേഹത്തിന് ഫൊക്കാനയുടെ കണ്ണീർ പ്രണാമം.



ചാക്കോച്ചായന്റെ മരണവാർത്ത വിശ്വസിക്കാൻ കഴിഞ്ഞില്ലെന്നും കുറച്ചു ദിവസം മുൻപും അദ്ദേഹത്തോട് സംസാരിക്കുകയും ഫൊക്കാന തെരഞ്ഞെടുപ്പിനെപറ്റി വിശദമായി ചോദിച്ചു അറിയുകയും ചെയ്തിരുന്നതായി പ്രസിഡണ്ട് സജിമോൻ ആന്റണി അറിയിച്ചു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അഗാധ ദുഃഖം അറിയിക്കുന്നു. ഞാൻ മത്സരിക്കാൻ തയാർ എടുത്തപ്പോൾ എന്നെ ആദ്യം എൻഡോസ് ചെയ്ത വ്യക്തി അദ്ദേഹമാണ്. ഒരു സഹപ്രവർത്തകനെക്കാൾ ഉപരി ഒരു മകനെപ്പോലെയാണ് അദ്ദേഹം എന്നെ കരുതിയിരുന്നത്.

ന്യൂജേഴ്സിയിലെ കേരളാ കൾച്ചറൽ ഫോറത്തിൽ ഞങ്ങൾ ഒരുമിച്ചാണ് പ്രവർത്തിച്ചിരുന്നത്. കേരളത്തിലെ ട്രേഡ് യൂണിയൻ രംഗത്ത് ശോഭിച്ച അദ്ദേഹം അമേരിക്കയിൽ എത്തിയ ശേഷവും പ്രവർത്തനമേഖല സാമൂഹ്യ പ്രവർത്തനത്തിലേക്ക് തിരിഞ്ഞു. കേരളാ കൾച്ചറൽ ഫോറത്തിന്റെ എല്ലാം എല്ലാം ആയിരുന്നു അദ്ദേഹം. അമേരിക്കൻ മലയാളികളുടെ ഏത് പ്രശ്നത്തിലും അദ്ദേഹം മുന്നിൽ തന്നെ കാണുമായിരുന്നു. എനിക്ക് സ്വന്തം സഹോദരനെ നഷ്ടപ്പെട്ട പ്രതീതിയാണ് എന്ന് ട്രഷറർ ജോയി ചാക്കപ്പൻ അറിയിച്ചു. ചാക്കോച്ചായന് ഫൊക്കാനയുടെ കണ്ണീർ പ്രണാമം.

ഫൊക്കാന അഡ്വൈസറി ബോർഡ് ചെയർമാന്റെ നിര്യാണത്തിൽ അഗാധ ദുഃഖം രേഖപ്പെടുത്തുന്നതായി ട്രസ്റ്റീ ബോർഡ് ചെയർമാൻ സജി പോത്തൻ അറിയിച്ചു. എല്ലാ ഫൊക്കാനക്കാരുമായി നിരന്തര ബന്ധം പുലർത്തിയിരുന്ന അദ്ദേഹത്തിന്റെ നിര്യാണം വിശ്വസിക്കാൻ കഴിയുന്നില്ലെന്നും ട്രസ്റ്റീ ചെയർ അറിയിച്ചു.

മുൻ ഫൊക്കാന പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ അഡ്വൈസറി ബോർഡ് ചെയർമാൻ ചാക്കോച്ചായന്റെ നിര്യാണത്തിൽ ദുഃഖം രേഖപ്പെടുത്തുകയും ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നതായും അറിയിച്ചു.

# സഹായഹസ്തവുമായി അമേരിക്കൻ ക്രിസ്ത്യൻ ചാരിറ്റബിൾ മിഷൻ മാനേജിംഗ് ട്രസ്റ്റി ജോസഫ് ചാണ്ടി

പി.പി. ചെറിയാൻ

ഡാളസ്: വയനാട്ടിൽ ജീവൻ പൊലിഞ്ഞവർക്ക് ആദരാഞ്ജലിയും കുടുംബാംഗങ്ങൾക്കും ദുരിതത്തിലായവർക്കും പ്രാർത്ഥനയും സഹായഹസ്തവുമായി അമേരിക്കൻ ക്രിസ്ത്യൻ ചാരിറ്റബിൾ മിഷനും ഇന്ത്യൻ ജീവകാരുണ്യ ട്രസ്റ്റും.


ജോസഫ് ചാണ്ടി

ജീവിക്കാനായി വർഷങ്ങൾക്കു മുൻപ് സമീപജില്ലകളിൽ നിന്നും കുടിയേറിപ്പാർത്തവർക്കും തുച്ഛമായ വേതനത്തിന് തേയിലത്തോട്ടങ്ങളിൽ തൊഴിൽ തേടിയെത്തിയവരുമാണ് ഉരുൾപൊട്ടലിൽ സർവ്വതും നശിച്ച കുടുംബങ്ങൾ. വയനാട്ടിലെ 23 ഗ്രാമപഞ്ചായത്തുകളിലെ 35 സ്കൂളുകൾക്കും 3 കോളജുകൾക്കും കഴിഞ്ഞ 28 വർഷമായി ഇന്ത്യൻ ജീവകാരുണ്യ ട്രസ്റ്റ് സ്കോളർഷിപ് നല്കിവരികയാണ്. ഈ വർഷവും വയനാട് ജില്ലയിലെ വിദ്യാർത്ഥികൾക്കും മറ്റ് അർഹതപ്പെട്ടവർക്കും ധനസഹായം നല്കുമെന്ന് ഡാളസിൽ നിന്നും മാനേജിംഗ് ട്രസ്റ്റി ജോസഫ് ചാണ്ടി അറിയിച്ചു.

# വേൾഡ് മലയാളി കൗൺസിലിന്റെ ബിസിനസ് കോൺക്ലേവ് ലണ്ടനിൽ സമാപിച്ചു







ലണ്ടൻ: വേൾഡ് മലയാളി കൗൺസിൽ ബിസിനസ് ഫോറം സംഘടിപ്പിച്ച ഇന്റർനാഷണൽ ബിസിനസ് കോൺക്ലേവിന് ലണ്ടനിൽ പ്രൗഢഗംഭീരമായ സമാപനം. ഡോക്ലാൻസിലുള്ള ഹിൽറ്റൺ ഡബിൾ ട്രീയിൽ സംഘടിപ്പിച്ച കോൺക്ലേവിൽ ബിസിനസ്, സാംസ്കാരിക മേഖലയിലെ പ്രമുഖർ പങ്കെടുത്തു. കോൺക്ലേവിന്റെ ഭാഗമായി ഇൻവെസ്റ്റേഴ്സ് മീറ്റ്, മികച്ച സംരംഭകർക്കുള്ള പുരസ്കാര വിതരണം, വിവിധ ചർച്ചകൾ എന്നിവ സംഘടിപ്പിച്ചു. സ്പൈസ്ഗ്രൂപ്പ് ചെയർമാൻ ഡോ. വിജു ജേക്കബ് ആമുഖപ്രഭാഷണം നടത്തി. വേൾഡ് മലയാളി കൗൺസിലിൽ ഗ്ലോബൽ ബിസിനസ് ഫോറം ചെയർമാൻ ജെയിംസ് കൂടൽ, ഗ്ലോബൽ പ്രസിഡണ്ട് തോമസ് മൊട്ടയ്ക്കൽ എന്നിവർ നേതൃത്വം നല്കിയ ബിസിനസ് കോൺക്ലേവ് കെ. സുധാകരൻ എംപി ഉദ്ഘാടനം ചെയ്തു. ചാണ്ടി ഉമ്മൻ എംഎൽഎ, ഡോ. ബാബു സ്റ്റീഫൻ, മുൻ എംഎൽഎ വി.പി. സജീന്ദ്രൻ, കെപിസിസി ജനറൽ സെക്രട്ടറി എം.എം. നസീർ, റിങ്കു ചെറിയാൻ, മുൻ മേയർ ഫിലിയോ ഏബ്രഹാം, മഞ്ജു ഷാഹുൽ ഹമീദ്, ചേംബർ ഓഫ് കൊമേഴ്സ് ചെയർപേഴ്സൺ ജൂലി അക്ബൗ, മുൻ മേയർ സ്റ്റുവേട്ട് കോളിംഗ്സ്, ലോയേഴ്സ് ഫോറം ചെയർ അഡ്വ. ചന്ദ്രശേഖരൻ എന്നിവർ പ്രസംഗിച്ചു.

ബിസിനസ്സിന്റെ വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച വ്യക്തിത്വങ്ങൾക്കുള്ള പുരസ്കാരങ്ങൾ ചടങ്ങിൽ വിതരണം ചെയ്തു. വിദ്യാഭ്യാസ ഐക്കൺ-ഡോ. ആനന്ദ് ജെ. വർഗീസ്, ഹിന്ദുസ്ഥാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ബിസിനസ് വുമൺ ഓഫ് ദി ഇയർ-ഷൈനു മാത്യൂസ്, ബിസിനസ് ലീഡർ 2024-സുകേഷ് 10 എക്സ് പ്രോപ്പർട്ടീസ്, ഷാൻ ഹൻസ്റോഡ്, റോണി ജേക്കബ്, അനീഷ് കുമാർ, ശ്രീധരൻ, ജോഷി മാത്യു, ജോർജ് ഫ്രാൻസിസ്, (ശേഷം 24-ാം പേജിൽ)

## സന്തോഷ് നായർ ഫൊക്കാന മിഡ്വെസ്റ്റ് റീജിയൻ വൈസ് പ്രസിഡണ്ട്

ചിക്കാഗോ: ഫൊക്കാന മിഡ്വെസ്റ്റ് റീജിയൻ വൈസ് പ്രസിഡണ്ടായി സന്തോഷ് നായരെ ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി പ്രഖ്യാപിച്ചു. ചിക്കാഗോയിൽ റീജിയണൽ വൈസ് പ്രസിഡണ്ട് ഫ്രാൻസിസ് കിഴക്കേക്കുറ്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സൂം മീറ്റിങ്ങിലൂടെയാണ് സന്തോഷ് നായരെ എതിരില്ലാതെ തെരഞ്ഞെടുത്തത്. കഴിഞ്ഞ രണ്ടുവർഷം തനിക്ക് സഹകരണം



തന്ന എല്ലാ ഫൊക്കാന നേതാക്കളോടും പ്രവർത്തകരോടും സ്ഥാനമൊഴിയുന്ന റീജിയണൽ വൈസ് പ്രസിഡണ്ട് ഫ്രാൻസിസ് കിഴക്കേക്കുറ്റ് നന്ദി പറഞ്ഞു. വിദേശ മലയാളികളുടെ ഏറ്റവും വലിയ സംഘടനയായി ഫൊക്കാനയെ വളർത്തിയെടുക്കുവാൻ മിഡ്വെസ്റ്റ് റീജിയൻ എന്നും പരിശ്രമിച്ചിട്ടുണ്ടെന്നും തുടർന്നും തന്റെ എല്ലാ സഹകരണവും ഫൊക്കാന നാഷണൽ കമ്മിറ്റിക്ക് ഉണ്ടാകുമെന്നും ഫ്രാൻസിസ് കിഴക്കേക്കുറ്റ് പറഞ്ഞു.

അടുത്ത രണ്ടു വർഷം ഫൊക്കാനയെ പുതിയ ദിശയിലേക്ക് നയിക്കുവാൻ വലിയ കർമ്മപദ്ധതികളാണ് ഡ്രീം ടീം ഉദ്ദേശിക്കുന്നതെന്നും അതിനു തുടക്കം കുറിച്ചിരിക്കുകയാണെന്നും പുതുതായി തെരഞ്ഞെടുക്കപ്പെട്ട എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് പ്രവീൺ തോമസ് അറിയിച്ചു, വയനാട് ദുരന്തത്തിൽപ്പെട്ടവർക്ക് ഫൊക്കാനയുടെ സഹായം ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. ഫൊക്കാനയുടെ പ്രവർത്തനങ്ങൾക്ക് ട്രസ്റ്റീ ബോർഡിന്റെ പൂർണ്ണസഹകരണം ഉറപ്പാണെന്ന് പുതിയ ട്രസ്റ്റീ ബോർഡ് മെംബർ സതീശൻ നായർ അറിയിച്ചു. തുടർന്ന് മുൻ എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് ജെയ്ബു മാത്യു കുളങ്ങര, യൂത്ത് പ്രതിനിധി വരുൺ നായർ, അനിൽകുമാർ പിള്ള, മുൻ അഡീഷണൽ അസോസിയേറ്റ് ട്രഷറർ ഡോ. മാത്യു വർഗീസ്, മുൻ വനിതാഫോറം ചെയർപേഴ്സൺ ബ്രിജിറ്റ് ജോർജ്, നാഷണൽ കമ്മിറ്റി മെംബറായിരുന്ന വിജി എസ്. നായർ, മുൻ റീജിയണൽ വൈസ് പ്രസിഡണ്ടായിരുന്ന സിറിയക് കൂവക്കാട്ടിൽ, ടോമി അംബേനാട്ട്, ലീല ജോസഫ്, കേരളാ അസോസിയേഷൻ പ്രസിഡണ്ട് ആന്റോ കവലയ്ക്കൽ തുടങ്ങിയവർ ആശംസാപ്രസംഗങ്ങൾ നടത്തി. മീറ്റിംഗിൽ നിരവധി ഫൊക്കാനാ നേതാക്കളും പ്രവർത്തകരും പങ്കെടുത്തു. പുതുതായി തൈരഞ്ഞെടുക്കപ്പെട്ട വൈസ് പ്രസിഡണ്ട് സന്തോഷ് നായർ നന്ദി പറഞ്ഞു.


## പിതൃതുല്യമായ സ്നേഹത്തോടെ എന്നെ ചേർത്തുനിർത്തിയ ചാക്കോച്ചൻ വിടവാങ്ങുമ്പോൾ

**ജോർജ് തുമ്പയിൽ**

അസാധാരണമായ അടുത്ത ബന്ധങ്ങളും സൗഹൃദനിർഭരമായ പുഞ്ചിരിയോടു കൂടിയ പ്രോത്സാഹനവും ശുദ്ധമായ ധന്യജീവിതവും കൊണ്ട് എല്ലാവർക്കും പ്രാപ്യനായിത്തീർന്ന, പ്രത്യേകിച്ച് എനിക്കുണ്ടായിരുന്ന വ്യക്തിപരമായ നഷ്ടബോധവും രേഖപ്പെടുത്തട്ടെ. ജീവിത മരുഭൂയാത്രയിൽ മായാത്ത കാല്പ്പാടുകൾ ഇട്ടിട്ടു പോയവരുടെ പട്ടികയിൽപ്പെടുന്നു എനിക്കേറെ പ്രിയങ്കരനായ ചാക്കോച്ചന്റെ (ടി.എസ്. ചാക്കോ) യുടെ മരണവാർത്തയും.

നാട്ടിൽനിന്നുള്ള വാർത്തകളോർത്ത് മനസ്സേറെ വിങ്ങുന്ന സമയത്തു തന്നെയാണ് ഈ മരണവാർത്തയും കടന്നുവന്നിരിക്കുന്നത്. ഷിരൂരിൽ അർജുനെ മണ്ണിടിച്ചിലിൽ കാണാതായ വാർത്തയ്ക്കു പിന്നാലെ വയനാട്ടിലെ ദുരന്തവാർത്തയുമെത്തിയത് മനസ്സ് അക്ഷരാർത്ഥത്തിൽ മടുപ്പിച്ചുകളഞ്ഞിരുന്നു. അതിനൊപ്പം തന്നെയാണ് പുത്രനിർവിശേഷമായ കരുതലുമായി എന്റെ വളർച്ചയിൽ സ്നേഹം പകർന്ന് എന്നും ഒപ്പംനിന്ന ചാക്കോച്ചന്റെ വിയോഗവാർത്തയുമെത്തുന്നത്.

തൊണ്ണൂറുകളുടെ തുടക്കത്തിൽ അമേരിക്കയിൽ വന്നകാലത്ത് മലയാളം പത്രത്തിൽ പ്രവർത്തിക്കുന്ന സമയം. അന്ന് ജോൺ ഏബ്രഹാം ടീനക്ക്



മേയർ സ്ഥാനത്തേക്ക് ആദ്യമായി മത്സരിക്കുന്നു. ജോൺ ഏബ്രഹാമിന്റെ സ്ഥാനാർത്ഥിത്വത്തെക്കുറിച്ച് മലയാളം പത്രത്തിൽ ഞാൻ ഒരു ഐറ്റം ചെയ്തത് കണ്ടിട്ട് വർഗീസ് ചാണ്ടി സാർ (അദ്ദേഹവും മൺമറഞ്ഞു) എന്നെ കോൺടാക്ട് ചെയ്തു. അത് വലിയൊരു സൗഹൃദത്തിന്റെ തുടക്കമായി. അദ്ദേഹമാണ് ചാക്കോച്ചനുമായി എന്നെ അടുപ്പിക്കുന്നത്. ആ പത്രറിപ്പോർട്ടിൽ തുടങ്ങി ചാക്കോച്ചനുമായി അടുത്ത സൗഹൃദം ഇത്രകാലവും തുടർന്നു.

ചാക്കോച്ചന്റെ പിന്തുണയിൽ ടീനക്കിൽ നിരവധി പരിപാടികളിൽ പങ്കെടുക്കുന്ന സാഹചര്യമുണ്ടായി. എന്റെ സ്വന്തം ഇടം അല്ലാതിരുന്നിട്ടും അന്നുമുതൽ ടീനെക്ക് എന്റെ പ്രവർത്തനകേന്ദ്രമായി. മേയർ ജോൺ ഏബ്രഹാമും ചാണ്ടിസാറും ലിയോണിയ രാജുവുമായൊക്കെ നല്ല അടുപ്പം നിലനിന്നിരുന്നു. അങ്ങനെ മലയാളം പത്രത്തിന്റെയും ചാക്കോച്ചന്റെയും ഈ സൗഹൃദങ്ങളുടെയുമൊക്കെ പേരിലാണ് കേരള കൾച്ചറൽ ഫോറത്തിന്റേതായി ആദ്യമായി ഒരു അവാർഡ് എനിക്കു ലഭിച്ചത്. അതിനുശേഷം ഫൊക്കാനയുടെയും മറ്റുമായി വന്ന 20-ൽപരം പുരസ്കാരങ്ങൾക്കും ഒക്കെ കേരളാ കൾച്ചറൽ (ശേഷം 24-ാം പേജിൽ)







KERALA EXPRESS | പ്രവാസി താളുകൾ

# കാര്യവിചാരത്തിന്റെ കണക്ക് ബോധിപ്പിക്കണമല്ലോ

**ഏലിയാമ്മ ലൂക്കോസ്**

ദൈവം മനുഷ്യനെ ഭയങ്കരവും അതിശയവുമായി സൃഷ്ടിച്ചു. മനുഷ്യനു വേണ്ടതെല്ലാം ഭൂമിയിൽ ഉണ്ടാക്കിയതിനു ശേഷമാണ് ദൈവം മനുഷ്യസൃഷ്ടി നടത്തിയത്. എല്ലാത്തിന്റെമേലും വാഴുവാനുള്ള അധികാരവും തന്ന് നമ്മെ കാര്യവിചാരകന്മാരാക്കിയിരിക്കുകയാണ്.

നാം ഭവനത്തിൽ മാത്രം ഒതുങ്ങിക്കൂടുന്നവരെങ്കിൽ ഭവനത്തിന്റെ കാര്യവിചാരകത്വം നമുക്കാണ്. വിശ്വസ്തതയോടെ ഭവനത്തിലുള്ളവരെ പാലിക്കുന്നുവോ? ഒരു ഗ്രാമത്തിന്റെ, അല്ല പട്ടണത്തിന്റെ ചുമതലയെങ്കിൽ നാമവിടെ എത്രത്തോളം വിശ്വസ്തരാണ്? ദൈവം നമ്മെ കേവലം നമ്മുടെ വീടിനെ അല്ലെങ്കിൽ ഗ്രാമത്തെ മാത്രമല്ല ലോകത്തിന്റെ മുഴുവൻ കാര്യവിചാരകനാക്കിയിരിക്കുകയാണ്. ലോകത്തിന്റെ ഒരു ചെറിയ ഭാഗമാണ് നാമോരോരുത്തരും.

വിശുദ്ധ ബൈബിളിൽ ഒരു യജമാനൻ തന്റെ കാര്യസ്ഥനെ വിളിച്ചു കാര്യവിചാരകത്തിൽ നിന്നു നീക്കാൻ പോകുന്നു എന്നറിയിച്ചു. അവൻ ആകെ ഭയന്നു. 'കിളപ്പാൻ എനിക്കു വശമില്ല, ഇരപ്പാൻ ഞാൻ നാണിക്കുന്നു' അവൻ സ്വയം പറഞ്ഞു. അവൻ അവിശ്വസ്തത കാണിച്ച വിവരം യജമാനന്റെ പക്കൽ എത്തിയിരിക്കുന്നു. അവൻ ബുദ്ധിയോടെ പ്രവർത്തിപ്പാനിടയാക്കി. നൂറു കടപ്പെട്ടിരിക്കുന്ന വ്യക്തിയുടെ കടച്ചീട്ട് വാങ്ങി അമ്പത് എന്നെഴുതി എല്ലാ കടച്ചീട്ടുകളും തിരുത്തി ഇളച്ചുകൊടുത്തു. കടക്കാർക്ക് ആശ്വാസമായി. യജമാനൻ വിവരം അറിഞ്ഞു സന്തോഷിച്ചു. "അനീതിയുള്ള മാമോനെക്കൊണ്ട് സ്നേഹിതരെ ഉണ്ടാക്കുക" എന്ന തത്വമാണിവിടെ ഉണ്ടായത്. അനീതിയുള്ള മാമോൻ എന്നത് ധനം, പണം, സമ്പത്ത് തുടങ്ങിയവയാണല്ലോ. അത് സ്വരൂപിച്ച് ശത്രുക്കളെ ഉണ്ടാക്കാതെ അവ വിതരണം ചെയ്തു ശത്രുക്കളെ മിത്രങ്ങളാക്കുക. അഴിമ



ലേഖിക

തിയും അന്യായവും ചെയ്തു പണം നേടാൻ ശ്രമിക്കല്ലേ. നമുക്കുള്ളവ അർഹരായവർക്ക് നല്കി സമാധാനം കൈവരിക്കുക. നല്ല കാര്യവിചാരകന്മാരായി മാറാൻ ഇടയാകട്ടെ.

വിശ്വസ്തന്മാർ ഭൂമിയിൽ കുറഞ്ഞിരിക്കുന്നു. നമ്മുടെ ഓട്ടവും അദ്ധ്വാനവും ഇവിടെ ജീവിച്ചുതീർക്കാൻ മാത്രമല്ല, നിത്യസൗഭാഗ്യത്തിൽ എത്താൻ കൂടിയല്ലയോ? വാല്മീകി മഹർഷിയെക്കുറിച്ച് നാം കേട്ടിട്ടുണ്ട്. അദ്ദേഹം പിടിച്ചുപറിച്ചും മോഷ്ടിച്ചും ജീവിതം കഴിച്ചുവരവേ ഒരു ദിവസം തന്റെ ഭാര്യയോട് ചോദിച്ചു: "ഞാൻ ചെയ്യുന്ന ഈ പാപത്തിന്റെ ഫലം നീയും കൂടെ അനുഭവിക്കുമോ?" അവളുടെ മറുപടിയോ "അവനവൻ ചെയ്യുന്നതിന്റെ ഫലം അവനവൻ തന്നെ അനുഭവിക്കണം" എന്നായിരുന്നു. വാല്മീകി ഞെട്ടിപ്പോയി. പാപമാണെന്നറിഞ്ഞുകൊണ്ട് തന്നെയാണ് അദ്ദേഹം അത് ചെയ്തത്. ഭാര്യയുടെ മറുപടിയിൽ അവന് വീണ്ടുവിചാരമുണ്ടായി. വാല്മീകി തപസ്സ് ചെയ്യാൻ തീരുമാനിച്ചു. തപസ്സിരുന്ന് അതൊരു ചിതൽപ്പുറ്റായി മാറിയെന്ന് നാം കൊച്ചുക്ലാസിൽ പഠിച്ചിട്ടില്ലയോ? അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു എന്ന് വിശുദ്ധ പൗലോസ് ശ്ലീഹാ എഴുതി.

നാം വിശ്വസ്തരോ? 'വിശ്വസ്തത ഭൂമിയിൽനിന്നു മുളയ്ക്കുന്ന നീതി സ്വർഗ്ഗത്തിൽനിന്നു നോക്കുന്നു' സങ്കീർത്തനക്കാരന്റെ ശബ്ദമാണിത്. സ്വർഗ്ഗത്തിൽ നിന്നു നീതിമാനായ ദൈവം നോക്കിക്കൊണ്ടിരിക്കുകയാണ്. വിശ്വസ്തത നമ്മിലുണ്ടോ നീതി നമുക്കു ലഭിക്കും. ദൈവത്തിന്റെ കണ്ണ് വിശ്വസ്തത നോക്കിക്കൊണ്ടിരിക്കുന്നു. വിശ്വസ്തത ഭൂമിയിൽ നിന്നു മുളയ്ക്കുന്നുവല്ലോ. നീതിയോ സ്വർഗ്ഗത്തിൽ നിന്നുതന്നെ. 'ഞാൻ നീതിയിൽ നിന്റെ മുഖത്തെ കാണും.' ദൈവമുഖം കാണാം സ്നേഹിതരെ. വിശ്വസ്തതയോടെ ജീവിക്കണമേയെന്ന് ഓരോരുത്തരോടും യാചിക്കുകയാണ്.

ദൈവം മോശയെക്കുറിച്ച് 'എന്റെ ദാസനായ മോശയോ അവൻ എന്റെ ഗൃഹത്തിലൊക്കെയും വിശ്വസ്തനാകുന്നു.' ദൈവം പറയുന്ന സാക്ഷ്യമാണിത്. ദൈവം നമ്മെ ഓരോരുത്തരെയും നോക്കിക്കൊണ്ടിരിക്കുന്നു. മോശയോട് ദൈവം കല്പിച്ചതു പോലെയൊക്കെ ചെയ്തു. മോശ അങ്ങനെയൊക്കെ ചെയ്തു എന്നു പലവട്ടം രേഖപ്പെടുത്തിയിട്ടുണ്ട്. നാം വിശ്വസ്തരെങ്കിൽ ദൈവം അത്ഭുതം പ്രവർത്തിക്കും. നെപ്പോളിയനുള്ള കത്തുമായി ഒരു രാജാവ് സന്ദേശവാഹകനെ അയച്ചതും കത്തുമായി കുതിരപ്പുറത്ത് യാത്രചെയ്യവേ കിടങ്ങിൽ വീണ് കുതിര ചത്തുപോയ കഥയും ഒക്കെ നാം വായിച്ചിട്ടുണ്ടല്ലോ. സന്ദേശവാഹകൻ ആകെ ഭാരപ്പെട്ടു. ഈ വിവരം നെപ്പോളിയനെ അറിയിക്കാൻ വേണ്ടി അയാൾ ഓടിയും നടന്നും നെപ്പോളിയന്റെ അടുത്തെത്തി സന്ദേശം കൈമാറി. ലോകപ്രസിദ്ധനായ നെപ്പോളിയൻ അദ്ദേഹത്തോട് നീ എങ്ങനെ വന്നു, നിന്റെ കുതിര എവിടെ എന്നൊക്കെ ചോദിച്ചപ്പോൾ സത്യങ്ങൾ അയാൾ വിവരിച്ചു പറഞ്ഞു. അദ്ദേഹത്തിന്റെ വിശ്വസ്തത മനസ്സിലാക്കി 'എന്റെ കുതിര നിനക്കിരിക്കട്ടെ' എന്നു നെപ്പോളിയൻ പറഞ്ഞു. ഒരു ലോകമനുഷ്യൻ ഇപ്രകാരം ചെയ്തുവെങ്കിൽ ദൈവം എത്രയധികമായി നമ്മെ സഹായിക്കും. പൗലോസിന്റെ ചോദ്യം: 'നാഥാ ഞങ്ങൾ സകലതും വിട്ട് നിന്നെ പിൻപറ്റിയല്ലോ, ഞങ്ങൾക്ക് എന്തു കിട്ടും?' യേശു ഈ ലോകത്തിൽ പല മടങ്ങും നിത്യജീവനെയും ലഭിക്കും. നമ്മുടെ ഓട്ടം നിത്യരാജ്യം അഥവാ സ്വർഗ്ഗരാജ്യത്തിനായി തന്നെയല്ലോ. അതു കൈവശമാക്കുവാൻ നല്ല കാര്യവിചാരകനായി മാറാം.

ദൈവം നമുക്കെല്ലാം ഓരോ താലന്തുകൾ ഏല്പിച്ചിട്ടുണ്ട്, അഥവാ വരങ്ങൾ തന്നിട്ടുണ്ട്. ഇവയെ നാം ഉപയോഗിക്കണം. വിശ്വസ്തതയോടെ ഉപയോഗിക്കുന്നവനെ ദൈവം അനുഗ്രഹിക്കും. യജമാനൻ നല്കിയ അഞ്ച് താലന്ത്, രണ്ട് താലന്ത്, ഒരു താലന്ത് എപ്രകാരം ഉപയോഗിച്ചുവെന്ന് വായിച്ചിട്ടുണ്ടാകാം. വളരെ പ്രതീക്ഷയോടെയാണ് യജമാനൻ ഈ താലന്തുകൾ തന്റെ ദാസന്മാർക്ക് നല്കിയത്. അഞ്ച് ലഭിച്ചവർ അഞ്ചുകൂടി നേടി. രണ്ട് ലഭിച്ചവൻ രണ്ടുകൂടി നേടി.

(ശേഷം 30-ാം പേജിൽ)

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 84.07 |
| യൂറോ | 92.01 |
| സ്റ്റെർലിംഗ്പൗണ്ട് | 107.24 |
| സ്വിസ് ഫ്രാങ്ക് | 99.02 |
| സിംഗപ്പൂർ ഡോളർ | 63.63 |
| കനേഡിയൻ ഡോളർ | 60.67 |
| ഒമാൻ റിയാൽ | 218.43 |
| ബഹ്റൈൻ ദിനാർ | 223.07 |
| സൗദി റിയാൽ | 22.40 |
| യു.എ.ഇ. ദിർഹം | 22.89 |
| കുവൈത്ത് ദിനാർ | 275.37 |

## രാഹുൽ ഗാന്ധി തുന്നിയ ചെരിപ്പിന് 10 ലക്ഷം

സുൽത്താൻപുർ: രാഹുൽ ഗാന്ധി തുന്നിയ ചെരിപ്പിന് മോഹവില 10 ലക്ഷം രൂപ! എന്നാൽ, ആ ലക്ഷങ്ങൾ വേണ്ടെന്നു വെക്കുകയാണ് ചെരിപ്പുകുത്തിയായ റാം ചേത്. പകരം ആ ചെരിപ്പ് ചില്ലുകൂട്ടിൽ സൂക്ഷിക്കും.



രാഹുൽ ഗാന്ധി റാംചേതിന്റെ കടയിൽ ചെരിപ്പു നന്നാക്കുന്നു

ജൂലൈ 26-നാണു റാമിന്റെ ജീവിതം മാറിയത്. സുൽത്താൻപുരിലെ കോടതിയിൽ ഹാജരായി മടങ്ങുംവഴിയാണ് രാഹുൽ വഴിയരികിൽ ചെരിപ്പു തുന്നുന്ന ചെറിയ കട കണ്ടത്. അവിടെയിറങ്ങിയ രാഹുൽ വീട്ടിലെ വിശേഷങ്ങളും തൊഴിൽപ്രശ്നങ്ങളുമെല്ലാം ചോദിച്ചറിഞ്ഞു.

ചെരിപ്പു തുന്നാനും ഒട്ടിക്കാനുമെല്ലാം കൂടെക്കൂടി. അങ്ങനെ രാഹുൽ ശരിയാക്കിയ ചെരിപ്പു വാങ്ങാൻ താൽപര്യം പ്രകടിപ്പിച്ച് ഒട്ടേറെപ്പേർ എത്തുന്നുണ്ട്. 10 ലക്ഷമാണ് ഇതുവരെ വാഗ്ദാനം ചെയ്യപ്പെട്ട ഉയർന്ന തുക.

തനിക്കൊപ്പമിരുന്നു ചെരിപ്പു തുന്നിയതോടെ രാഹുലും കടയുടെ പങ്കാളിയായെന്നു റാം പറയുന്നു. നാട്ടിൽ റാം താരമായതോടെ ഉദ്യോഗസ്ഥരും പ്രശ്നങ്ങൾ ചോദിച്ചെത്താൻ തുടങ്ങി.

2018 മേയിൽ ആഭ്യന്തരമന്ത്രി അമിത് ഷായ്ക്കെതിരെ നടത്തിയ പരാമർശങ്ങളുടെ പേരിലുള്ള മാനനഷ്ട കേസിൽ ഹാജരാകാനാണ് രാഹുൽ സുൽത്താൻപുരിലെത്തിയത്.



# വിലയില്ലാത്ത മനുഷ്യജന്മങ്ങൾ

ഡോ. മാത്യു ജോയിസ്

എന്താണ് പ്രക്ഷുബ്ധരായ മലയാളിക്ക് സംഭവിച്ചുകൊണ്ടിരിക്കുന്നത്? അവന്റെ പ്രതികരണശേഷിയും വന്ധ്യംകരിക്കപ്പെട്ടു പോയോ?

അലഞ്ഞുതിരിഞ്ഞു നടക്കുന്ന ആയിരക്കണക്കിന് തെരുവുനായ്ക്കളെ വന്ധ്യംകരിച്ചതായി പത്രമാധ്യമങ്ങളിൽ തലക്കെട്ടെഴുതിയാൽ, പ്രശ്നങ്ങളെല്ലാം പരിഹരിച്ചെന്ന് അഹങ്കാരത്തോടെ പറഞ്ഞുനടക്കുന്ന കുറെ ഭരണാധികാരികളും കേരളത്തിൽ ഉണ്ടല്ലോ.

അവർ നാട്ടിൽ വിഹരിക്കുന്ന തെരുവുനായ്ക്കൾക്കും വീടുകളും കൃഷിയും ഒത്താൽ മനുഷ്യനെയും കുത്തി മലർത്താൻ യഥേഷ്ടം നാട്ടിലേക്ക് ഇറങ്ങിവരുന്ന കാട്ടാനക്കൂട്ടങ്ങൾക്കും പെരുകിക്കൊണ്ടിരിക്കുന്ന വിഷപ്പാമ്പുകൾ, പുലി തുടങ്ങിയ വന്യമൃഗങ്ങൾക്കും തുണയായിരിക്കും.

ഇതുപോലെ തെരുവ്നായ്ക്കളുടെയും വന്യജീവികളുടെയും ആക്രമണങ്ങൾ കേരളത്തിലായിരിക്കാം ഏറ്റവും കൂടുതൽ എന്നു പറയപ്പെടുന്നു. അത് വാസ്തവമെങ്കിൽ ജനസുരക്ഷയ്ക്കു പ്രാധാന്യം കല്പിക്കാത്ത സർക്കാരും പ്രതികരിക്കാതെ കുത്തിയിരിക്കുന്ന പൊതുജനമെന്ന കഴുതകളും ഒരുപോലെ ഉത്തരവാദികൾ തന്നെയെന്ന് ഓർത്തിരിക്കുക!

2022-23-ലെ സാമ്പത്തിക അവലോകനപ്രകാരം 2022-23-ൽ 8,873 മനുഷ്യ-വന്യജീവി സംഘർഷങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 48 പേർ പാമ്പുകടിയേറ്റും 27 പേർ ആനയുടെ ആക്രമണത്തിലും ഏഴ് പേർ കാട്ടുപന്നി ആക്രമണത്തിലും ഓരോരുത്തർ കാട്ടുപന്നിയുടെയും കടുവയുടെയും ആക്രമണത്തിലും 14 പേർ മറ്റ് മൃഗങ്ങളുടെ ആക്രമണത്തിലും മരിച്ചു.


വ്യവസ്ഥാപരമായ പരിഹാരങ്ങൾ അവഗണിക്കപ്പെടുന്നതിനാൽ തെരുവ് നായക്കളുടെ ആക്രമണം കേരളത്തിൽ തുടരുകയാണ്. 2022-23 കാലയളവിൽ, ജനുവരി വരെയുള്ള കണക്കിൽ 2,44,807 നായ്ക്കളുടെ കടിയും 3,29,554 പൂച്ച കടിയും റിപ്പോർട്ട് ചെയ്യപ്പെട്ടതായും വിവരാവകാശ മറുപടിയിൽ പറയുന്നു 2024-ലെ കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ലെങ്കിലും മുൻവർഷങ്ങളേക്കാൾ കൂടുതൽ ആകാനാണ് സാദ്ധ്യത.

ഇന്ന് മനുഷ്യജീവന് ഇവിടെ പുല്ലുവില പോലുമില്ല. രാവിലെ ഇന്റർവ്യൂവിനു പോകാൻ ട്രെയിൻ കാത്തു നിൽക്കുന്ന ഒരു യുവാവിനെ പ്ലാറ്റ്ഫോമിൽ വെച്ച് പേപ്പട്ടി കടിക്കുന്നു. വഴിയിൽക്കൂടെ സ്കൂട്ടറിൽ പോകുന്ന മറ്റൊരാളെ തെരുവ് നായ ആക്രമിച്ചപ്പോൾ സ്കൂട്ടർസഹിതം അതിലെ നടന്നു പോകുന്ന വിദ്യാർത്ഥിനിയുടെമേൽ മറ്റൊരു അത്യാഹിതം സംഭവിക്കുന്നു. കൂടി നിൽക്കുന്ന നായ്ക്കൂട്ടങ്ങളെ ഭയന്ന് സ്കൂൾകുട്ടികളും മറ്റ് കാൽനടക്കാരും പ്രാണരക്ഷാർത്ഥം ഓടിയകലുന്നു.

പട്ടിശല്യം കാരണം വീട്ടമ്മമാർക്ക് പുറത്തേക്കിറങ്ങാൻ വയ്യാതായിരിക്കുന്നു. കുട്ടികൾക്ക് പുറത്തിറങ്ങി കളിക്കാൻ ഭയം, അതിരാവിലെയും വൈകുന്നേരവും ജോലിക്കുപോയി മടങ്ങാൻ, തനിയെ നടന്നുപോകാൻ ദൂരെ ജോലിക്കു പോകുന്ന യുവതീയുവാക്കൾക്ക് അതിലും ഭയം.

മലയോരപ്രദേശങ്ങളിൽ വന്യമൃഗശല്യം രൂക്ഷം. കൃഷിയെല്ലാം നശിപ്പിച്ചു, സ്വൈരം കെടുത്തി വിഹരിക്കുന്ന വന്യജീവികൾ. സ്കൂൾകുട്ടികൾ ഉൾപ്പെടെ എല്ലാവരും ഭീതിയിൽ. ഇവിടെ ജീവിക്കാൻ ഭയമായിട്ട് പലരും എല്ലാം ഉപേക്ഷിച്ച് പടിയിറങ്ങുന്നു.

വീട്ടിൽ വളർത്തുന്ന ആടുകളെ ഇരുട്ടിന്റെ മറവിൽ കൊന്നു തിന്നുന്ന പുലികൾ, ചക്ക തേടി വരുന്ന ആനക്കൂട്ടം. ചക്ക കിട്ടിയില്ലെങ്കിൽ പ്ലാവും തെങ്ങും വാഴകളും ചവുട്ടി അരച്ച് മുടിപ്പിച്ച് ഭയാനകാന്തരീക്ഷം സൃഷ്ടിച്ചു



ലേഖകൻ

കടന്നുപോകുമ്പോൾ നോക്കുകുത്തികളായി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ്.

നാല്പതും അമ്പതും വർഷങ്ങളിൽ കഷ്ടപ്പെട്ട് സ്വരുക്കൂട്ടിയ സകലതും ഉപേക്ഷിച്ചു ഓടേണ്ട ഗതികേടിലാണ് പാവം ജനങ്ങൾ.

മനുഷ്യജീവന് ആപത്തു വരുമെന്ന് തോന്നുന്നതെന്തും ചോദ്യം ചെയ്യപ്പെടണം. ജനങ്ങളെ ഭയത്തിലാക്കുന്ന ജീവികളെ ഉന്മൂലനാശം വരുത്തണം. പണ്ട് പേപ്പട്ടികളെ നാട്ടുകാർ ഓടിച്ചിട്ട് തല്ലിക്കൊല്ലുമായിരുന്നു. കടിച്ച മൂർഖൻ പാമ്പിനെ തെരഞ്ഞുപിടിച്ചു കൊന്നാലേ നാട്ടുകാർ അന്ന് ഉറങ്ങുമായിരുന്നുള്ളൂ. കാരണം, പൊതുജീവിതത്തിൽ കുട്ടികളും സ്ത്രീജനങ്ങളും ഭയമില്ലാതെ വീടിനു പുറത്തിറങ്ങാനുള്ള സാഹചര്യം അനിവാര്യമാണ്. സുരക്ഷിതത്വം മനുഷ്യന്റെ അടിസ്ഥാനപരമായ ആവശ്യവും അവകാശവുമാണ്. മൃഗങ്ങളോട് ക്രൂരത ഒരിക്കലും കാട്ടരുത്.

പക്ഷേ, മൃഗങ്ങൾ മനുഷ്യരോട് ക്രൂരത കാട്ടിക്കൊണ്ടിരിക്കുമ്പോൾ, കൈയുംകെട്ടി സഹിച്ചിരിക്കണമോ? അതെന്തു ന്യായം, അതെന്തു നീതി, ജനങ്ങളുടെ സർക്കാരേ...?

ഒരു മേനകയോ ഹരിദാസോ റഹീമോ ഡാനിയേലോ വെറുതെ മൃഗസ്നേഹം കാണിച്ചാൽ, അതിനു മാത്രം പ്രാധാന്യം നല്കുന്ന ചട്ടങ്ങൾ ഉയർത്തിപ്പിടിക്കാതെ, അതെല്ലാം തിരുത്തിക്കുറിക്കേണ്ട സമയം വൈകിയിരിക്കുന്നു. അല്ലെങ്കിൽ ജയ്‌വിളിക്കാനോ പ്രതികരിക്കാനോ ആരുമുണ്ടാവില്ല.


കാരണം ഇന്ത്യയിലെ നിയമം അനുശാസിക്കുന്നത് ശ്രദ്ധിച്ചാലും: ‘പത്തു രൂപയോ അതിൽ കൂടുതലോ വിലയുള്ള ഏതെങ്കിലും മൃഗങ്ങളെ കൊല്ലുകയോ വിഷം കലർത്തുകയോ അംഗഭംഗം വരുത്തുകയോ ഉപയോഗശൂന്യമാക്കുകയോ ചെയ്താൽ, രണ്ടു വർഷം വരെ നീണ്ടുനിൽക്കുന്ന തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടെയോ ശിക്ഷ വിധിക്കേണ്ടതാണ്.’ (ഐപിസി സെക്ഷൻ 428-ഇന്ത്യൻ പീനൽ കോഡ്)

അപ്പോൾ മനുഷ്യജീവിക്ക് മാത്രം വിലയില്ല, അല്ലേ? അതോ പത്തു രൂപയിൽ കുറവാണോ അവന്റെ വില?

കേരളത്തിൽ മനുഷ്യന് ആപത്തു വരുത്തുന്ന ജീവികൾ ദൈനംദിനം പെരുകിക്കൊണ്ടേയിരിക്കുന്നു. മറ്റു പല രാജ്യങ്ങളിലും നിലവിലുള്ളതു പോലെ, പെരുകുന്ന വന്യജീവികളുടെയും അലഞ്ഞു നടക്കുന്ന തെരുവ് നായ്ക്കളുടെയും എണ്ണം നിയന്ത്രിക്കാൻ നിയമവും നടപടികളും കൊണ്ടുവന്നില്ലെങ്കിൽ മനുഷ്യത്വം മരവിച്ചുപോകുന്ന നാളുകൾക്കു നാം സാക്ഷിയാകാൻ ബാക്കിയുണ്ടാകുമോ?


സമൂഹത്തോട് ഉത്തരവാദ ബോധമുള്ള സംസ്ഥാന സർക്കാരും നടപ്പിലാക്കേണ്ട വകുപ്പ് ഉദ്യോഗസ്ഥരും അതിന് ഉപയുക്തമായ ആർജ്ജവം കാട്ടാൻ തയ്യാറാകണം. മനുഷ്യൻ കഴിഞ്ഞിട്ടേ മറ്റു മൃഗങ്ങൾക്കു വിലയുള്ളൂ. അങ്ങനെയാകണം നമ്മുടെ കാഴ്ചപ്പാടും നീതിശാസ്ത്രവും!

## തുമ്പപ്പൂ



ജെയിംസ് ചെട്ടിയാത്ത്

തുമ്പപ്പൂ മണമുള്ള പെണ്ണേ
നിന്റെ കാർമുടിക്കുള്ളിലെ ഗന്ധം
എത്രയോ വർഷങ്ങൾ ആയി-ഇപ്പോഴും
എൻ നാസികാതുമ്പിനകത്ത്
പാവാടപ്രായത്തിൽ നീ വിട്ട അമ്പ്
എൻ ചങ്കിന്റകത്ത് ഇപ്പോഴുമുണ്ട്
മാവിൻ ചുവട്ടിൽ കക്കാ കളിച്ചപ്പോൾ
കാൽതെറ്റി വീണതു എൻ മേനിയിലല്ലേ?
മഴയുള്ള നേരത്തു ഒരു കുടക്കീഴിൽ
മുട്ടിഉരുമ്മി പോയത് ഓർക്കുന്നു
ഇടിമിന്നലുള്ള രാത്രികാലങ്ങളിൽ
മൂടിപ്പുതച്ചു നീ നേരം വെളുപ്പിക്കും
പുഞ്ചപ്പാടത്ത് വൈക്കോലിനുള്ളിൽ
സാറ്റുകളിച്ചത് ഓർമ്മയിലുണ്ടോ?
നിൻമേനി മുഴുവനും ചൊറിഞ്ഞു
തടിച്ചപ്പോൾ
എന്തിന് എന്നെ നീ കോപിച്ചു നോക്കി
ചന്തിമറഞ്ഞ കാർമുടിക്കുള്ളിൽ
ചെമ്പരത്തിപ്പൂ എന്തൊരു ഭംഗി
മഞ്ഞപാവാട കാൽച്ചിലങ്കമേലിൽ
ചിന്തിച്ചു ചിന്തിച്ചു ഓർത്തുകിടക്കും ഞാൻ.



## തിരുവനന്തപുരത്ത് മസ്തിഷ്കജ്വരം സ്ഥിരീകരിച്ചു

നെയ്യാറ്റിൻകര: കുളത്തിൽ കുളിച്ചശേഷം മസ്തിഷ്ക ജ്വരം ബാധിച്ചു യുവാവ് മരിച്ചതിനു പിന്നാലെ ഇതേ കുളത്തിൽ ഇറങ്ങിയവരിൽ നാലു പേർക്കു കൂടി കടുത്ത പനി. മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ഇവരിൽ ഒരാൾക്ക് മസ്തിഷ്കജ്വരം സ്ഥിരീകരിച്ചതായി ആശുപത്രി അധികൃതർ അറിയിച്ചു. ആരോഗ്യവകുപ്പ് വെള്ളത്തിന്റെ സാമ്പിൾ ശേഖരിച്ചു പരിശോധനയ്ക്ക് അയച്ചു. ആരോഗ്യവകുപ്പ് നിർദേശത്തെ തുടർന്ന് കുളത്തിൽ ഇറങ്ങുന്നത് കർശനമായി വിലക്കി. ഇതു സംബന്ധിച്ച് നോട്ടീസ് ബോർഡും സ്ഥാപിച്ചിട്ടുണ്ട്.

## ഡൽഹി സർക്കാരിനു തിരിച്ചടി

ന്യൂഡൽഹി: ഡൽഹി മുനിസിപ്പൽ കോർപ്പറേഷനിൽ (എംസിഡി) നോമിനേറ്റ് ചെയ്യുന്ന അംഗങ്ങളെ തീരുമാനിക്കുന്നതിന് ഡൽഹി സർക്കാരിന്റെ അനുമതി ലഫ്റ്റനന്റ് ഗവർണർക്ക് ആവശ്യമില്ലെന്ന് സുപ്രീം കോടതി. ഡൽഹി സർക്കാരും ലഫ്. ഗവർണറും തമ്മിൽ നടക്കുന്ന അധികാര വടംവലിയിൽ സർക്കാരിനേറ്റ തിരിച്ചടിയാണ് സുപ്രീം കോടതിയുടെ ഉത്തരവ്.

എംസിഡിയിൽ തെരഞ്ഞെടുക്കപ്പെട്ട 250 അംഗങ്ങളും നോമിനേറ്റ് ചെയ്യപ്പെടുന്ന പത്ത് അംഗങ്ങളുമുണ്ട്. സംസ്ഥാന മന്ത്രിസഭയോട് ചോദിക്കാതെയാണ് ഇത്തവണ പത്ത് പേരെ എംസിഡിയിലേക്ക് ലഫ്. ഗവർണർ വി.കെ. സക്സേന നാമനിർദേശം ചെയ്തത്. 2022- ഡിസംബറിലെ തെരഞ്ഞെടുപ്പിൽ 134 വാർഡുകളിൽ ആം ആദ്മി പാർട്ടി ജയിച്ചിരുന്നു. 15 വർഷം നീണ്ട ബിജെപിയുടെ ഭരണത്തിന് അന്ത്യം കുറിച്ചായിരുന്നു ഈ വിജയം. ബിജെപിക്ക് 104 സീറ്റുകൾ മാത്രമേ നേടാനായുള്ളു. കോൺഗ്രസിന് ഒൻപത് അംഗങ്ങളുണ്ട്.

## ഷെയ്ഖ് ഹസീന രാജിവെച്ചു

(3-ാം പേജിൽനിന്നും)

റെക്കോർഡ് ചെയ്യാൻ ഹസീന ആഗ്രഹിച്ചിരുന്നെങ്കിലും സാധിച്ചില്ലെന്ന് അവരോട് അടുത്ത വൃത്തങ്ങളെ ഉദ്ധരിച്ച് റിപ്പോർട്ടുകൾ പുറത്തുവരുന്നുണ്ട്.

സർക്കാർ ജോലിയിലെ സംവരണ വിഷയത്തിൽ തുടങ്ങിയ പ്രക്ഷോഭം സർക്കാരിനെതിരായ സമരമായി മാറുകയായിരുന്നു. സംവരണ വിഷയത്തിൽ നേരത്തെ നടന്ന സംഘർഷങ്ങളിൽ ഇരുനൂറിലധികം പേർ കൊല്ലപ്പെട്ടിരുന്നു. ഇതു കെട്ടടങ്ങിയതിനു പിന്നാലെയാണ് സർക്കാരിനെതിരെ പ്രക്ഷോഭം ആരംഭിച്ചത്. രാജ്യത്തെ 13 ജില്ലകളിൽ കലാപം വ്യാപിച്ചിട്ടുണ്ട്. പ്രക്ഷോഭം ഉരുക്കുമുഷ്ടി ഉപയോഗിച്ചു അടിച്ചമർത്തുമെന്നു പ്രഖ്യാപിച്ച ഷെയ്ഖ് ഹസീന രാജ്യത്ത് അനിശ്ചിതകാല കർഫ്യൂ പ്രഖ്യാപിച്ചിരുന്നു. സമൂഹമാധ്യമങ്ങൾക്കും വിലക്ക് ഏർപ്പെടുത്തി. ഇന്റർനെറ്റ് സൗകര്യം തടയാൻ മൊബൈൽ കമ്പനികളോട് ആവശ്യപ്പെട്ടിരുന്നു.

'വിവേചന വിരുദ്ധ വിദ്യാർത്ഥി പ്രസ്ഥാനം' എന്ന കൂട്ടായ്മയാണ് നിസ്സഹകരണ സമരം പ്രഖ്യാപിച്ചത്. നികുതിയും വിവിധ സർക്കാർ ബില്ലുകളും അടയ്ക്കരുതെന്നു സമരക്കാർ ആഹ്വാനംചെയ്തിരുന്നു. സമരത്തിൽ അണിചേരാൻ സർക്കാർ-സ്വകാര്യ ജീവനക്കാരെയും ആഹ്വാനം ചെയ്തതോടെ ഓഫീസുകളുടെ പ്രവർത്തനം സ്തംഭിച്ചു. പ്രധാനമന്ത്രി ഷെയ്ഖ് ഹസീന ചർച്ചയ്ക്ക് വിളിച്ചെങ്കിലും പ്രക്ഷോഭകർ തയ്യാറായില്ല. ഇതിനു പിന്നാലെയാണ് വിദ്യാർത്ഥികളല്ല, ഭീകരപ്രവർത്തകരാണ് പ്രക്ഷോഭത്തിനു പിന്നിലെന്നും ഉരുക്കുമുഷ്ടി ഉപയോഗിച്ച് അടിച്ചമർത്തുമെന്നും ഷെയ്ഖ് ഹസീന പ്രഖ്യാപിച്ചത്. രാജ്യത്തെ ശിഥിലമാക്കാൻ ശ്രമിക്കുന്ന ഭീകരരെ അടിച്ചമർത്താൻ ജനങ്ങളോട് ഹസീന ആവശ്യപ്പെട്ടതിനു പിന്നാലെയാണ് പാർട്ടി പ്രവർത്തകർ രംഗത്തിറങ്ങിയത്. ഇതു സാഹചര്യങ്ങൾ കൂടുതൽ വഷളാക്കി.

1971-ൽ ബംഗ്ലാദേശിനെ പാക്കിസ്ഥാനിൽ നിന്നു സ്വതന്ത്രമാക്കിയ വിമോചന യുദ്ധത്തിൽ പങ്കെടുത്ത സ്വാതന്ത്ര്യസമര സേനാനികളുടെ മക്കൾക്കും കൊച്ചുമക്കൾക്കും ഉൾപ്പെടെ രാജ്യത്തെ ഉന്നത സർക്കാർ ജോലികളിൽ സംവരണം നല്കുന്നതിനെതിരെയാണ് ബംഗ്ലാദേശിൽ പ്രക്ഷോഭം ആരംഭിച്ചത്.

ഇത് പിന്നീട് സർക്കാരിനെതിരായ പ്രക്ഷോഭമായി മാറി. ബംഗ്ലാദേശിൽ സംഘർഷം വ്യാപിക്കുന്ന സാഹചര്യത്തിൽ ഇന്ത്യൻ പൗരന്മാർക്ക് കേന്ദ്ര സർക്കാർ ജാഗ്രതാ നിർദേശം നല്കിയിട്ടുണ്ട്.

## നിയമസാധുത പരിശോധിക്കുന്നു

(3-ാം പേജിൽനിന്നും)

2014-ലെ കേസ് കഴിഞ്ഞമാസം 29-ന് പരിഗണിച്ചപ്പോൾ 1886-ലെ കരാർ ഭരണഘടനാപരമായി പരിഗണനാർഹമാണോ എന്നും തമിഴ്നാടിന് ഇത്തരത്തിൽ ഹർജി നൽകാൻ അവകാശമുണ്ടോ എന്നും തുടങ്ങിയ ചോദ്യങ്ങൾ സുപ്രീംകോടതി ഉന്നയിച്ചു. ബ്രിട്ടീഷ് പ്രസിഡൻസിയും തിരുവിതാംകൂർ മഹാരാജാവും തമ്മിലുണ്ടാക്കിയ കരാർ ഇപ്പോഴത്തെ സാഹചര്യത്തിൽ നിലനിൽക്കുന്നതാണോ, ആയതിന്റെ യഥാർത്ഥ അനന്തരാവകാശി കേന്ദ്ര സർക്കാരാണോ എന്നും കോടതി ആരാഞ്ഞിട്ടുണ്ട്.

1956-ലെ സംസ്ഥാന പുനഃസംഘടന ആക്ട് പ്രകാരം കരാറിന് നിലനിൽപ്പുണ്ടോ എന്ന കാര്യം ഉൾപ്പെടെ 11 ചോദ്യങ്ങളാണ് സുപ്രീംകോടതി പരിഗണനാവിഷയമാക്കിയിരിക്കുന്നത്. കേസ് സെപ്റ്റംബർ 30-ലേക്കു പോസ്റ്റ് ചെയ്തിരിക്കുകയാണ്. 1886-ലെയും 1970-ലെ സപ്ലിമെന്ററി കരാറിലെയും വ്യവസ്ഥകൾ ലംഘിച്ച് കേരളം തമിഴ്നാടിന്റെ കരാർ ഭൂമിയിൽ കടന്നുകയറ്റം നടത്തിയിട്ടുണ്ടോ എന്നതും പരിഗണിക്കുന്നുണ്ട്.

1886-ൽ ഉണ്ടാക്കിയ കരാറിൽ ഉൾപ്പെട്ട സ്ഥലത്ത് കേരളം അനധികൃതമായി കടന്നു കയറി നിർമാണം (മെഗാ പാർക്കിംഗ് കോംപ്ലക്സ്) നടത്തുകയാണെന്നാണ് തമിഴ്നാടിന്റെ പരാതി. കരാറിന്റെ നിയമ സാധുത പരിശോധിക്കുന്നത് മുല്ലപ്പെരിയാർ ഡാം വിഷയം ഡാമിന്റെ സുരക്ഷ എന്ന വിഷയത്തിനപ്പുറത്തേക്കു കാര്യങ്ങൾ എത്തിക്കും. പെരിയാറും മുല്ലയാറും ചേർന്ന് കേരളത്തിന്റെ പടിഞ്ഞാറോട്ട് ഒഴുകിയിരുന്ന നദി ഉത്ഭവ സ്ഥാനത്തുനിന്ന് കിലോമീറ്ററുകൾ മാറി കേരളത്തിൽ മല ഇടുക്കിൽ ഡാം നിർമിച്ച് കിഴക്കോട്ട് തമിഴ്നാട്ടിലേക്ക് ഒഴുക്കി അവിടെ ഇപ്പോഴത്തെ അഞ്ചു ജില്ലകളിൽ കൃഷിയും കുടിവെള്ളവും എത്തിക്കുന്നതിനുള്ളതാണ് 1886-ലെ മാതൃ കരാർ.

ഈ വെള്ളം ഉപയോഗിച്ച് തമിഴ്നാട്ടിലെ ലോവർക്യാമ്പിൽ ജലവൈദ്യുത പദ്ധതി ഉണ്ടാക്കി തമിഴ്നാടിന് വൈദ്യുതി ഉത്പാദിപ്പിക്കാൻ അനുവാദം നൽകുന്നതാണ് 1970-ലെ സപ്ലിമെന്ററി കരാർ. ഇതു രണ്ടും സംബന്ധിച്ച വാദമാണ് ഇനിയും നടക്കേണ്ടത്.

കരാറുകൾ സംബന്ധിച്ച് ഇരു സംസ്ഥാനങ്ങളും തമ്മിൽ ധാരണ ഉണ്ടാക്കാതെ വന്നാൽ പ്രസ്തുത പ്രദേശം കേന്ദ്ര സർക്കാരിന്റെ അധീനതയിലാക്കാൻ ഇന്ത്യയിൽ നിയമം ഉണ്ടാക്കിയിട്ടുണ്ട്. ഇന്ത്യൻ ഭരണഘടന നിലവിൽ വന്നതിനുശേഷം അതിനു മുമ്പ് ഉണ്ടാക്കിയിട്ടുള്ള കരാറുകൾ നിലനിൽക്കുമോ എന്നതാണ് മുഖ്യ വിഷയം. 1886-ലെ കരാർ പ്രകാരം കേരളത്തിലെ 8000 ഏക്കറിലെ വെള്ളം തമിഴ്നാടിന് ഉപയോഗിക്കാം. സ്ഥലം കേരളത്തിന്റെ അധീനതയിലായിരിക്കും.

കേസ് സങ്കീർണമായാൽ വിഷയത്തിൽ കേന്ദ്ര സർക്കാരിനു ഇടപെടാം. നിലവിലെ സാഹചര്യത്തിൽ തെക്കേ ഇന്ത്യയിൽ സ്വാധീനം കുറവുള്ള ബിജെപി സർക്കാരിനു തമിഴ്നാട്, കേരള സർക്കാരിനുമേൽ സ്വാധീനമുപയോഗിക്കാനുള്ള വിഷയമായി മുല്ലപ്പെരിയാർ മാറിയേക്കാം.

## അതിപിന്നാക്കക്കാർക്ക് മുൻഗണന

(4-ാം പേജിൽനിന്നും)

സുപ്രീം കോടതിയുടെ അഞ്ചംഗ ഭരണഘടനാ ബെഞ്ച് 2020 ഓഗസ്റ്റിൽ നിരീക്ഷിച്ചിരുന്നു. അതു 2004-ൽ അഞ്ചംഗ ബെഞ്ച് തന്നെ നൽകിയ വിധിക്കു വിരുദ്ധമായതിനാലാണ് വിഷയം ഏഴംഗ ബെഞ്ച് പരിഗണിച്ചത്.

എസ്‌സി വിഭാഗത്തിലെ ഉപസംവരണം ഭരണഘടന ഉറപ്പുനൽകുന്ന തുല്യതയുടെ ലംഘനമാണെന്നും പാർലമെന്റിനു മാത്രമേ ഇത്തരത്തിൽ സംവരണം ഏർപ്പെടുത്താൻ സാധിക്കൂവെന്നുമായിരുന്നു 2004-ലെ ചിന്നയ്യ കേസിലെ വിധി. സംവരണാനുകൂല്യമുള്ള ജാതികൾക്കിടയിൽ ഉപവർഗീകരണം അനുവദിക്കേണ്ടതുണ്ടോ? പട്ടികജാതിയെ സമജാതീയ ഗ്രൂപ്പ് എന്നു വ്യക്തമാക്കിക്കൊണ്ട് അതിൽ ഉപവർഗീകരണം സാധ്യമല്ലെന്ന് പറഞ്ഞ ചിന്നയ്യ കേസ് ശരിയാണോ? എന്നീ വിഷയങ്ങളാണ് ഏഴംഗ ബെഞ്ച് പരിഗണിച്ചത്. ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് തനിക്കും ജസ്റ്റിസ് മിശ്രയ്ക്കും വേണ്ടി എഴുതിയ വിധിന്യായത്തിൽ പട്ടികജാതിക്കാർ ഒരു ഏകീകൃത വർഗമല്ലെന്നു സൂചിപ്പിക്കുന്ന ചരിത്രപരമായ തെളിവുകൾ പരാമർശിച്ചു.

ഉപവർഗീകരണം ഭരണഘടനയുടെ ആർട്ടിക്കിൾ 14 പ്രകാരം പ്രതിപാദിച്ചിരിക്കുന്ന സമത്വത്തിന്റെ തത്വത്തെ ലംഘിക്കുന്നില്ല. കൂടാതെ, ഉപവർഗീകരണം ഭരണഘടനയുടെ ആർട്ടിക്കിൾ 341(2) ലംഘിക്കുന്നില്ല.

ആർട്ടിക്കിൾ 15, 16 എന്നിവയിൽ ഒരു ജാതിയെ ഉപവർഗീകരിക്കുന്നതിൽനിന്ന് ഭരണകൂടത്തെ തടയുന്ന ഒന്നും ഇല്ലെന്ന് അദ്ദേഹം വ്യക്തമാക്കി.

ഇതുൾപ്പെടെ ആകെ ആറ് വിധിന്യായങ്ങളാണ് ജഡ്ജിമാരായ ബി.ആർ. ഗവായ്, വിക്രംനാഥ്, പങ്കജ് മിത്തൽ, മനോജ് മിശ്ര, സതീഷ് ചന്ദ്ര ശർമ എന്നിവർകൂടി ഉൾപ്പെട്ട ബെഞ്ച് പുറപ്പെടുവിച്ചത്. ഉപവർഗീകരണത്തിനായി പഞ്ചാബ്, തമിഴ്നാട് സംസ്ഥാന സർക്കാരുകൾ കൈക്കൊണ്ട നടപടി കോടതി ശരിവെച്ചു.

## ചാക്കോച്ചൻ വിടവാങ്ങുമ്പോൾ

(21-ാം പേജിൽനിന്നും)

ഫോറത്തിന്റെ ഈ അവാർഡ് തുടക്കമിട്ടു എന്നതാണ് യാഥാർത്ഥ്യം.

ആ സൗഹൃദങ്ങൾ ഇന്നും തുടർന്നുകൊണ്ടേയിരിക്കുന്നു. ചാക്കോച്ചൻ ഹാരിസൺ ട്രെയിൻ സ്റ്റേഷനിലുണ്ടായിരുന്നപ്പോൾ ഞാൻ പതിവായി അദ്ദേഹത്തെ പോയി കണ്ടിരുന്നു. പിന്നീട് റിട്ടയർമെന്റായി നാട്ടിൽ പോയിട്ട് ഇവിടെ തിരിച്ചെത്തിയ സന്ദർഭങ്ങളിലെല്ലാം എന്നെ വിളിക്കാനും സ്നേഹം പങ്കിടാനും അദ്ദേഹം മനസ് കാണിച്ചിരുന്നു.

ന്യൂജേഴ്സിയിലെ കൾച്ചറൽ ഫോറത്തിന്റെ എല്ലാം എല്ലാം ആയിരുന്നു ചാക്കോച്ചൻ. അദ്ദേഹവുമായുള്ള അടുപ്പംമൂലം അവരുടെ ഓണപരിപാടിക്കു വേണ്ടി രണ്ട് പ്രാവശ്യം മാവേലിയായിട്ട് ഞാൻ വേഷംകെട്ടുകയും ചെയ്തിട്ടുണ്ട്. ചാക്കോച്ചൻ വഴി പി.ടി. ചാക്കോ (മലേഷ്യ)യുടെയും ഫൈൻ ആർട്സിന്റെയുമൊക്കെ പരിപാടികളിലും പങ്കെടുക്കാൻ അവസരം ലഭിച്ചിരുന്നു.

ഫൊക്കാനയുടെയൊക്കെ ആദ്യകാലം മുതലേ ചാക്കോച്ചന്റെ പ്രവർത്തനങ്ങൾ കാണുന്നതാണ്. ഫൊക്കാനയുടെ ഇന്റർ റിലിജിയസ് സെമിനാറിൽ എല്ലാവർഷവും കാര്യക്കാരൻ ചാക്കോച്ചൻ തന്നെയായിരുന്നു. എല്ലാവരെയും ചേർത്ത് നിർത്താൻ തക്ക നേതൃത്വ മികവുള്ളൊരു വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. എല്ലാറ്റിനുമുപരി നല്ലൊരു മനുഷ്യസ്നേഹിയും. ഫൊക്കാന പിളർന്ന് ഫോമാ ഉണ്ടായപ്പോഴൊക്കെ അദ്ദേഹം വലിയ വിഷമം ഉള്ളിലൊതുക്കിയിരുന്നു എന്ന് മനസ്സിലാക്കാൻ ഇടവന്നിട്ടുണ്ട്. എനിക്ക് ഓർമ്മയുള്ള കാലം മുതൽ അതായത് 91-കാലം മുതലുള്ള ഫൊക്കാന കൺവൻഷനുകളിലൊക്കെയും അദ്ദേഹം നേതൃത്വം നല്കിയിരുന്നു.

വ്യത്യസ്തമായി ചിന്തിക്കുവാനും പ്രവർത്തിക്കുവാനുമുള്ള ആഗ്രഹവും ധൈര്യവും ചാക്കോച്ചനുണ്ടായിരുന്നു. സ്വന്തശക്തിയും നിയോഗവും തിരിച്ചറിഞ്ഞ ചാക്കോച്ചൻ നമുക്കോരോരുത്തർക്കും പാഠമാകട്ടെ. ഏറെ സ്നേഹം പകർന്നു തന്ന ചാക്കോച്ചന്റെ ഓർമ്മകൾക്ക് മുന്നിൽ നിറകണ്ണുകളോടെ പ്രണാമം!

## ബിസിനസ് കോൺക്ലേവ് സമാപിച്ചു

(21-ാം പേജിൽനിന്നും)

ജെജെബി സിപിഎ ഗ്രൂപ്പ്, ശ്രീകുമാർ കെ.എസ്. രാജു കുര്യൻ, കെ. സുരേന്ദ്രൻ, പി.എൻ. മോഹനൻ എന്നിവർക്ക് ബിസിനസ് എക്സലൻസ് അവാർഡുകളും നൽകി.

മറ്റു പുരസ്കാരങ്ങൾ: ഗാർഡിയൻ ഹെൽത്ത് കെയർ, പ്രൊഫഷണൽ മികവ്-ജോർജ് മാത്യു, സി.എ ഫിനാൻഷ്യൽ ജേണലിസ്റ്റ് 2024-ക്രിസ്റ്റീന ചെറിയാൻ, ന്യൂസ് 24, കമ്യൂണിറ്റി സർവീസ് എക്സലൻസ് അവാർഡ്-ചാവറ മാട്രിമോണി, ജ്വല്ലറി ഐക്കൺ അവാർഡ്-അബിൻ ജോസ്, സൈൻകാരാറ്റ്സ്, നിർമ്മാണ ഐക്കൺ 2024-സിബു ചെറിയാൻ, മേരി മാതാ ഗ്രൂപ്പ്, ഗ്ലോബൽ വെൽനസ് അവാർഡ്-ഡോ. രഘുനാഥൻ നായർ, ഗ്ലോബൽ സ്പോർട്ടീവ് ഫോറം, ഹെൽത്ത് കെയർ ഐക്കൺ 2024-ഡോ. ഷിബു സാമുവൽ, ബിസിനസ് ഐക്കൺ 2024-ഡോ. വിജു ജേക്കബ്, സിന്തൈറ്റ് ഗ്രൂപ്പ്, സാമൂഹിക സേവനം-ആർ വിജയൻ, ക്രിയേറ്റീവ് സിൽക്സ്. ചടങ്ങിൽ എ.എം. രാജൻ, പോൾ പാറപ്പിള്ളി, ടോമിൻ ജെ. തച്ചങ്കരി, ബ്ലെസൻ മണ്ണിൽ, ഷാഹുൽ ഹമീദ്, കോശി സാമുവൽ, സക്കീർ ഹുസൈൻ എന്നിവർക്ക് പ്രത്യേക ആദരം നല്കി.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ബിസിനസ് പ്രമുഖർ ചടങ്ങിൽ സാന്നിദ്ധ്യമറിയിച്ചു. വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ ബിസിനസ് ഫോറം ചെയർമാൻ ജെയിംസ് കൂടൽ, ഗ്ലോബൽ പ്രസിഡണ്ട് തോമസ് മൊട്ടയ്ക്കൽ, രക്ഷാധികാരിയും യൂറോപ്പ് റീജിയൻ ചെയർമാനുമായ നജീബ് അർക്കേഡിയ, ഗ്ലോബൽ ട്രഷറർ ഷാജി മാത്യു, ഗ്ലോബൽ വിപി ജോഷി പന്നരക്കുന്നേൽ, പ്രോഗ്രാം കമ്മിറ്റി ചെയർ തങ്കം അരവിന്ദ്, റിസപ്ഷൻ കമ്മിറ്റി ചെയർ ആൻസി ജോയ്, പബ്ലിക് റിലേഷൻസ് ചെയർ സണ്ണി വെളിയത്ത്, ഫുഡ് ആൻഡ് ട്രാൻസ്പോർട്ട് ചെയർ ജോയ് ശിവാജി എന്നിവരുടെ നേതൃത്വത്തിലുള്ള വിപുലമായ കമ്മിറ്റിയാണ് കോൺക്ലേവിന്റെ വിജയത്തിനു പിന്നിൽ.

## ദൈവവിശ്വാസവും ദൈവീക സംരക്ഷണവും

(20-ാം പേജിൽനിന്നും)

ഇയ്യോബിനെപ്പോലെ പ്രതിസന്ധികളുടെ നടുവിൽ പതറിപ്പോകാതെ ദൈവത്തിൽ അടിയുറച്ചു വിശ്വസിക്കുക ദൈവപ്രവൃത്തി വെളിപ്പെടുക തന്നെ ചെയ്യും. മനുഷ്യജീവിതത്തിൽ സംരക്ഷണം ആവശ്യമുള്ള മേഖലകളാണ് തൊഴിലിടങ്ങൾ. സ്വദേശത്തും വിദേശത്തുമുള്ള യാത്രകളിൽ പ്രത്യേകിച്ച് സ്വന്തം വീടും, നാടും, ബന്ധുക്കളെയുമെല്ലാം ഉപേക്ഷിച്ച് അന്യദേശത്ത് പരദേശവാസം നയിക്കുമ്പോൾ നാം എല്ലാവരും ആഗ്രഹിക്കുന്ന ഒന്നാണ് സംരക്ഷണം. ഇവിടെ മാനുഷിക സംരക്ഷണത്തിന് പരിമിതികളുണ്ട്. എന്നാൽ ദൈവീക സംരക്ഷണത്തിന് പരിമിതികളില്ല.

ദൈവീകസംരക്ഷണം ലഭിക്കണമെങ്കിൽ ദൈവത്തെ നിഷ്കളങ്ക ഹൃദയത്തോടെ സ്നേഹിക്കുക, വിശ്വസിക്കുക, ആരാധിക്കുക. ജയത്തിന് കുതിര വ്യർത്ഥമാണ്, ആയതുകൊണ്ട് സൈന്യത്തിലും സ്വന്തം ശക്തിയിലും ആശ്രയിക്കാതെ ദൈവത്തിൽ ആശ്രയിക്കുക. നിശ്ചയമായും ദൈവത്തിന്റെ വിടുതലിന്റെ കരം പ്രവർത്തിക്കും നിത്യതയായിരിക്കട്ടെ നമ്മുടെ ജീവിത ലക്ഷ്യം.

# SEEKING BRIDEGROOM

*USA settled Christian family seeking proposal for their 38-year-old daughter who was born in Sultanate of Oman and moved to US at the age of 10 in 1997. She is 5'3", born again, baptized and in fellowship with a Pentecostal Church in Florida. She has Law degree and currently working with State of Florida government since several years. We are looking for a born again, educated boy from US or Canada. Those who are interested please text, whatsapp at **863-709-6031** or email to: **mathewg1956@gmail.com**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/ PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested, please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email:
**mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDE

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to **jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/ send info with picture. **253 332 0868**. email: **molyvt@yahoo.com.**

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to **hiswillforme01@gmail.com** with recent pictures and details.

*Uncle and aunt settled in USA invites proposals from USA for their nephew, 29 years old, (154 lbs, 5'6") itinerant preacher and prophet, traveling nations, training and equipping next generation leaders for the Kingdom of God. Owner of resort and campsite. Those who are fully committed to ministry, contact WhatsApp **+91 9946477146**

*Well to do, healthy, Christian widower (80) seeking a mature, single, Christian lady or widow. Text me to start the conversation first to get to know each other. Phone number **(830)624-5533.**

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5' 8", born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

*Pentecostal parents invite proposal for their son (September 1996, 5"7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girl*s who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures
WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDEGROOM CONTD.....

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**


*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

# നിര്യാതരായി

## വർഗീസ് ഉലഹന്നാൻ

**തടിയമ്പാട്:** നെടുംപുറത്ത് വർഗീസ് ഉലഹന്നാൻ (86) അന്തരിച്ചു.ഭാര്യ നിരവത്ത് ഏലിക്കുട്ടി. മക്കൾ: മേരി, വത്സ, സിസ്റ്റർ എലിസബത്ത്, സിസ്റ്റർ റോസ് (ഫ്രാൻസ്), സാജു, ബിജു (യുഎസ്), സീജ, സിജു, ലിജു. മരുമക്കൾ: തങ്കച്ചൻ പെരിമറ്റം, ജോസ് വരിക്കമാക്കൽ, മനോജ് കോട്ടയിൽ, ഷൈബി, ബിന്നി, സരിത, ഷെർമി.

## ജോർജ് കുര്യൻ



**ഡാളസ്:** കൊല്ലം മുണ്ടക്കൽ ഷാരോണിൽ ജോർജ് കുര്യൻ (82) ഡാളസിൽ അന്തരിച്ചു. ചെങ്ങന്നൂർ പ്രയാർ പേടിയിൽ കുടുംബാംഗമാണ്. പരേതൻ ഡാളസിലെ സിഎസ്ഐ കോൺഗ്രിഗേഷൻ സ്ഥാപകാംഗങ്ങളിൽ ഒരാളും അറിയപ്പെടുന്ന ഗായകനും ഫോർട്ട് വർത്ത് കുര്യൻ എന്ന് അറിയപ്പെടുന്നയാളുമാണ്. ഭാര്യ ഏലിയാമ്മ കുര്യൻ (തേപ്പു കല്ലുങ്കൽ, ഗൂഡല്ലൂർ). മക്കൾ: അൽജോ കുര്യൻ, ആൽവിൻ കുര്യൻ. മരുമക്കൾ: അൻസു കുര്യൻ (മറ്റത്തിൽ പള്ളം), ഷീബ കുരു (കല്ലുവിള വീട് മുളവന).

**ആലത്തൂർ:** കോൺഗ്രസ് നേതാവും സാമൂഹിക സാംസ്കാരിക പ്രവർത്തകനുമായിരുന്ന മേലാർകോട് കുറ്റിക്കാടൻ കെ.പി. ലോറൻസ് (81) അന്തരിച്ചു.

## മറിയാമ്മ ചാക്കോ

**ചിങ്ങവനം:** കൊണ്ടകശ്ശേരിയിൽ പരേതനായ കെ.എ. ചാക്കോയുടെ ഭാര്യ മറിയാമ്മ ചാക്കോ (85) അന്തരിച്ചു. വാകത്താനം കരോട്ട് പുത്തൻപുരയ്ക്കൽ (പ്ലാക്കുഴിയിൽ) കുടുംബാംഗമാണ്. മക്കൾ: മോളമ്മ, സാബി, സാജു (യുഎസ്). മരുമക്കൾ: കുഞ്ഞുഞ്ഞുകുട്ടി പുല്ലാന്ത്രമലയിൽ ഓതറ വെസ്റ്റ്, ജോസ് കളത്തിൽ പള്ളം, ഷിബി ഒറ്റതെങ്ങിൽ മാന്നാർ (യുഎസ്).

**മീനടം:** വട്ടക്കുന്ന് ചാരോത്ത് നെടുംപൊയ്കയിൽ പരേതനായ എൻ.ടി. വർഗീസിന്റെ ഭാര്യ ഏലിയാമ്മ വർഗീസ് (88) അന്തരിച്ചു.

**വാകത്താനം:** കണ്ണഞ്ചിറ ചാലക്കുഴിയിൽ റിട്ട. സെയിൽസ് ടാക്സ് അസി. കമ്മീഷണർ സി.പി. കുര്യൻ (85) അന്തരിച്ചു.

**കിടങ്ങൂർ:** കടുതോടിൽ (കോച്ചാപ്പള്ളിൽ) അന്നമ്മ തോമസ് (89) അന്തരിച്ചു.

## അന്നമ്മ മർക്കോസ്

**വാകത്താനം:** കണ്ണഞ്ചിറ മംഗലപ്പള്ളിയിലായ കളപ്പുരയ്ക്കൽ അന്നമ്മ മർക്കോസ് (91) അന്തരിച്ചു. നാലുന്നാക്കൽ വയലാറ്റ് കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ സി.ടി. മർക്കോസ്. മക്കൾ: സൂസൻ ജേക്കബ് (യുഎസ്), പരേതയായ ജെസി മർക്കോസ്. മരുമകൻ: സണ്ണി ജേക്കബ് നടയിൽ പുതുപ്പള്ളി (യുഎസ്).

**മൂവാറ്റുപുഴ:** റിട്ട. തഹസിൽദാർ മേക്കടമ്പ് ഇളംബ്ലാശേരി അല്ലത്ത് നീലകണ്ഠൻ ഇളയതി (സുന്ദരപ്പൻ-85) അന്തരിച്ചു.

**തിരുവനന്തപുരം:** മേരിമക്കൾ സന്യാസിനി സഭ സെ. ജോസഫ്സ് പ്രോവിൻസ് അംഗമായ സിസ്റ്റർ പാവന (72) അന്തരിച്ചു.

## സജി വർഗീസ്

**പത്തനംതിട്ട:** തോന്ന്യാമല മലയിൽ വാഹക്കുഴിയിൽ ടി.ടി. വർഗീസിന്റെ മകൻ സജി വർഗീസ് (55) ഹൂസ്റ്റണിൽ അന്തരിച്ചു.

**ചങ്ങനാശേരി:** ദീപികയുടെ ചങ്ങനാശേരി മുൻ ലേഖകൻ കുട്ടംപേരൂർ ചക്കാലയ്ക്കൽ സിറിയക് കുട്ടംപേരൂർ (ഉമ്മച്ചൻ-87) അന്തരിച്ചു.

**കോടിക്കുളം:** കാവുങ്കൽ (ചിലമ്പിക്കുന്നേൽ) കുര്യൻ ജോസഫ് (പാപ്പച്ചൻ-77) അന്തരിച്ചു.

**കൊച്ചി:** ഫുഡ്കോർപ്പറേഷൻ ഓഫ് ഇന്ത്യ റിട്ട. ഉദ്യോഗസ്ഥൻ വെണ്ണല ബാങ്ക് കോളനി മാന്നംകേരി സി. ജോൺ കുട്ടി (79) അന്തരിച്ചു.

## മറിയാമ്മ മത്തായി

**നെടുമ്പ്രം:** കുറിഞ്ഞിക്കാട്ടു തുരുത്തേൽ മറിയാമ്മ മത്തായി (87) അന്തരിച്ചു. കാരയ്ക്കൽ കുന്നങ്കേരിയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ വർക്കി മത്തായി. മക്കൾ: മറിയാമ്മ തോമസ്(ജയ്പൂർ), രാജു (യുഎസ്), റെജി (സൂററ്റ്). മരുമക്കൾ: എം.ജി. തോമസ്, ആലീസ്, ജീന.

**കോട്ടയം:** ഉപ്പൂട്ടിൽ കവലയിൽ നട്ടാശേരിൽ പരേതനായ എ.എം. മാണിയുടെ ഭാര്യ താഴത്തങ്ങാടി മുഹമ്മദൻ ഗവ. യുപിഎസ് റിട്ട. അധ്യാപിക ചാച്ചിയമ്മ മാണി (കുഞ്ഞൂഞ്ഞമ്മ-92) അന്തരിച്ചു.

**ചങ്ങനാശേരി:** കൂനന്താനം (ലിസ്യൂ ജംഗ്ഷൻ) പുല്ലുകാട്ട് ഉഷ ഏബ്രഹാം (55) അന്തരിച്ചു.

**അയർക്കുന്നം:** തെക്കേക്കര തൈപറമ്പിലായ മണ്ണൂംമൂട്ടിൽ തോമസ് പീറ്റർ (ജോയി-85) അന്തരിച്ചു.

**തിരുവല്ല:** പാലിയേക്കര പടിഞ്ഞാറെ കൊട്ടാരത്തിൽ കൃഷ്ണകുമാർ വർമ (72) അന്തരിച്ചു.

**കുറുപ്പുന്തറ:** നാമറ്റത്തിൽ എൻ.ടി. ജോൺ (ഓനച്ചൻ-77) അന്തരിച്ചു.

## അച്ചാമ്മ പോൾ

**വലിയതോവാള:** പുത്തൻപുരയ്ക്കൽ അച്ചാമ്മ പോൾ (98) അന്തരിച്ചു. കരൂർ ഞാവള്ളിൽ വിലങ്ങുപാറ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പോൾ. മക്കൾ: ട്രീസ, ഡേവിസ്, പ്രതാപ്, സാജൻ (നാലുപേരും യുഎസ്), ജോസ്, ലീലാമ്മ, ജോയി, രാജു, ലൈല, റാണി. മരുമക്കൾ: പച്ചടി നരിക്കുഴിയിൽ റോസമ്മ, കോട്ടയം കാലായിൽ കുര്യൻ, വലിയതോവാള കുന്നക്കാട്ട് ജയ്സമ്മ, തൊടുപുഴ കാഞ്ഞിരത്തിങ്കൽ ബിജി, വാഴവര ഒട്ടക്കൽ ഷീജ, കട്ടപ്പന തണ്ടാംപറമ്പിൽ ജോർജുകുട്ടി, കട്ടപ്പന പ്ലാമൂട്ടിൽ ഷീന, ഏറ്റുമാനൂർ സ്രാമ്പിക്കൽ ബിൻസി (യുഎസ്), തുടങ്ങനാട് എരപ്പുഴിക്കര ഡായിച്ചൻ, പച്ചടി മണിയംപ്രായിൽ പരേതനായ ജോർജ്.

**കോരുത്തോട്:** പള്ളിപ്പടി അറയ്ക്കപ്പറമ്പിൽ എം.ജെ. തോമസ് (അപ്പച്ചൻ-64) അന്തരിച്ചു.

**പാലയ്ക്കാട്ടുമല:** എസ്ബിഐആ റിട്ട. ചീഫ് മാനേജർ വരിക്കശേരിൽ സിയഎ. ഔസേപ്പ് (83) അന്തരിച്ചു.

## താന്യ ഷെമി



**ന്യൂജേഴ്സി:** അടിമാലി സ്വദേശികളും ന്യൂജേഴ്സിയിലെ കെൻഡൽ പാർക്ക് നിവാസികളുമായ ഷെമി അന്ത്രു-ജിഞ്ചു ഷെമി ദമ്പതികളുടെ മകൾ താന്യ ഷെമി (20) അന്തരിച്ചു. ഡെലവേർ യൂണിവേഴ്സിറ്റിയിലെ കെമിക്കൽ എഞ്ചിനീയറിംഗ് ബിരുദ വിദ്യാർത്ഥിനിയായിരുന്നു താന്യ. പത്താം ക്ലാസ് വിദ്യാർത്ഥിയായ ആദം ഷെമി സഹോദരനാണ്.

**റാന്നി:** കുന്നം മാർത്തോമ്മാ എച്ച്എസ് റിട്ട. പ്രധാനാദ്ധ്യാപകൻ പുല്ലംപള്ളിൽ പി.എ. മാത്യു (കുട്ടപ്പൻ-92) അന്തരിച്ചു.

## ബി. ലീലാമണി


**തൊടുപുഴ:** ജിഎൽപിഎസ് മുൻ പ്രധാനാദ്ധ്യാപകൻ മണക്കാട് പുക്കുളത്ത് പി.കെ. സുകുമാരന്റെ ഭാര്യ റിട്ട.അദ്ധ്യാപിക ബി. ലീലാമണി(74) അന്തരിച്ചു. മക്കൾ: എസ്. സാവിൻ (പ്രധാനാദ്ധ്യാപകൻ എകെഎൻഎം എച്ച്എസ് കുമാരമംഗലം), എസ്. സാജൻ (യുഎസ്), മരുമക്കൾ: അമ്പിളി പി. കുമാർ, പി.പി. സുചിത്ര(യുഎസ്).

**പാറമ്പുഴ:** കൊല്ലൻകിഴക്കേതിലായ കരിപ്പാൽ ഏലിയാമ്മ ഈപ്പൻ (91) അന്തരിച്ചു.

## മോഹനകൃഷ്ണ പിള്ള

**ഹരിപ്പാട്:** രാമപുരം അനുപമത്തിൽ മോഹനകൃഷ്ണപിള്ള (74) യുഎസിൽ അന്തരിച്ചു. ഭാര്യ തലവടി നടുവിലേപറമ്പിൽ കുടുംബാംഗം പുഷ്പ മോഹൻ. മക്കൾ: അനുപമ മോഹൻ, വിനു മോഹൻ (എല്ലാവരും യുഎസ്).

## മറ്റത്തിൽ സിറിയക്



**ഭരണങ്ങാനം:** റിട്ട. അധ്യാപകൻ മറ്റത്തിൽ സിറിയക് (കുറുവച്ചൻ-89) അന്തരിച്ചു. ഭാര്യ എടത്വാ നാളംപറമ്പിൽ പരേതയായ തങ്കമ്മ. മക്കൾ: സെലിൻ (യുഎസ്), സ്റ്റെല്ല, റെജി, ആൻസി (യുഎസ്), ലൂസി, മാഗി, സെബി (മൂവരും സൗത്ത് ആഫ്രിക്ക). മരുമക്കൾ: കെ.വി. തോമസ് മുട്ടത്ത് (ചെത്തിപ്പുഴ), ടി.എ. ജോർജ് തോട്ടായികടവിൽ (പായിപ്പാട്), ജെയിംസ് കടവിൽ ചങ്ങനാശേരി (യുഎസ്), സജി ജെയിംസ് മറ്റം കുര്യനാട്, സിൽബി മാത്യു നടുവിലേടം ഇത്തിത്താനം, ആൻ ഷെല്ലി പുൽപറമ്പിൽ തൊടുപുഴ (മൂവരും സൗത്ത് ആഫ്രിക്ക).

**അതിരമ്പുഴ:** തുരുത്തേൽപറമ്പിൽ പരേതനായ ടി.ഡി. യോഹന്നാന്റെയും ത്രേസ്യാമ്മയുടെയും മകൻ സോബിൻ ടി. ജോൺ (ബോബൻ-41) (മാന്നാനം സഹ.ബാങ്ക്) അന്തരിച്ചു.

## അന്നമ്മ ജോസഫ്

**പയ്യപ്പാടി:** പൊടിമറ്റത്തിൽ പരേതനായ വി.കെ. ജോസഫിന്റെ ഭാര്യ അന്നമ്മ ജോസഫ് (83) അന്തരിച്ചു. വാകത്താനം കാലായിൽ കുടുംബാംഗമാണ്. മക്കൾ: സൂസി, മോളി (ഇരുവരും യുഎസ്), തങ്കമ്മ, മേഴ്സി, ഷേർലി. മരുമക്കൾ: പാപ്പച്ചൻ പായിക്കാട്ട്വയലിൽ മണർകാട് (യുഎസ്), പരേതനായ മാത്യൂസ് കളപ്പുരക്കുന്നേൽ (ചീരഞ്ചിറ), വർഗീസ് ആലപ്പുഴ (യുഎസ്), സാലു കോട്ടയ്ക്കൽ (താഴത്തങ്ങാടി), ജോണിക്കുട്ടി കുളമക്കാട്ട് (കങ്ങഴ).

**തിരുവല്ല:** തേവലക്കര തൊണ്ടപ്പുറത്ത് പ്രഫ. ടി.കെ. ജോർജ് വൈദ്യൻ (83) അന്തരിച്ചു.

**കോട്ടയം:** മണിപ്പുഴ കാരകാട്ടു ജേക്കബ് സക്കറിയായുടെ ഭാര്യ സിൽവി ജേക്കബ് (64) അന്തരിച്ചു.

**ചെന്നൈ:** മദ്രാസ് മെഡിക്കൽ മിഷൻ സ്ഥാപകാംഗവും ഫൗണ്ടർ സെക്രട്ടറിയുമായ വർഗീസ് ഈപ്പൻ (93) അന്തരിച്ചു.

## മറിയാമ്മ ജോൺ

**പായിപ്പാട്:** പുളിമൂട്ടിൽ ജോൺസ് വില്ലയിൽ മറിയാമ്മ ജോൺ (കുഞ്ഞുഞ്ഞമ്മ-90) അന്തരിച്ചു. കടപ്ര മാന്നാർ കോടാകേരിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി.വി. ജോൺ. മക്കൾ: സണ്ണി, സാജൻ (ഇരുവരും യുഎസ്), സീമ, സിന്ധു (യുഎസ്).

**തൃശൂർ:** കോഴിക്കോട് മെഡിക്കൽ കോളജ് ഡെർമറ്റോളജി വിഭാഗം മുൻ പ്രഫസർ ഡോ. പി. സുഗതൻ (88) അന്തരിച്ചു.

**പാമ്പാടി:** ഉപ്പൂട്ടിൽ മറിയാമ്മ യോഹന്നാൻ (98) അന്തരിച്ചു.

**മണർകാട്:** നടുവിലേടത്തായ കണിയാമ്പറമ്പിൽ ചാക്കോ ഐപ്പ് (കുഞ്ഞുഞ്ഞുകുട്ടി-83) അന്തരിച്ചു.

**മൂട്ടുചിറ:** കർമ്മലീത്താ മഠാംഗം സിസ്റ്റർ മേരി തെരേസ് (74) അന്തരിച്ചു.

## ഏലിക്കുട്ടി വർക്കി

**ചെറുവാണ്ടൂർ:** ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മുൻപ്രസിഡണ്ട് കിഴക്കേ മാന്തോട്ടത്തിൽ ഏലിക്കുട്ടി വർക്കി (87) അന്തരിച്ചു. ആറുമാനൂർ പുളിക്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ വർക്കി കുര്യൻ. മക്കൾ: ബെന്നി, സാം (ഹൂസ്റ്റൺ), ബീന, സോഫി, സോണി (ബ്രിസ്ബെയിൻ), സിബി (സിംഗപ്പൂർ). മരുമക്കൾ: ആനി നായത്തുപറമ്പിൽ (അമ്മഞ്ചേരി), ജെസി പുത്തൻപുരയിൽ (മാൻവെട്ടം), സിറിയക് ഏണിയക്കാട്ട് (മുട്ടുചിറ, ഡീന കോട്ടിരി (തോപ്രാംകുടി), ഡാനിസ് വെട്ടൂർ (കഞ്ഞിക്കുഴി).

**ചങ്ങനാശേരി:** എസ്ഡിസെ. ജോസഫ്സ് പ്രോവിൻസ് അംഗം സിസ്റ്റർ റോസിറ്റ കുഴിക്കാട്ടുമ്യാലിൽ (കെ.സി. റോസി-88) അന്തരിച്ചു.

**പാമ്പാടി:** ചെറുവള്ളി ഗവ. എൽപിഎസ് റിട്ട. പ്രധാനാദ്ധ്യാപിക കടുത്താറ്റ് അന്നമ്മ കോശി (75) അന്തരിച്ചു.

## ഏലിക്കുട്ടി ജോസഫ്

**കൈപ്പുഴ:** പാലത്തുരുത്ത് നരിച്ചിറയിൽ പരേതനായ ചാക്കുണ്ണി ജോസഫിന്റെ ഭാര്യ ഏലിക്കുട്ടി ജോസഫ് (93) അന്തരിച്ചു. അരീക്കര പൂവത്തുംമൂട്ടിൽ കുടുംബാംഗമാണ്. മക്കൾ: ലൂക്കോസ്, ജോയ് (പൂണെ), ജെയിംസ്, ഷേർലി, സുജ (യുഎസ്). മരുമക്കൾ: ആനിയമ്മ ആക്കൽ (നീണ്ടൂർ), ആലീസ് കാടമുറിയിൽ (പുന്നത്തുറ), എത്സമ്മ കല്ലിന്റെകുന്നേൽ (ചേർപ്പുങ്കൽ), സണ്ണി പുതുശേരി (കോതമംഗലം), സണ്ണി കട്ടക്കയത്ത് മാലിൽ (നീണ്ടൂർ).

**നെടുങ്കുന്നം:** മാടക്കാട് പാറയ്ക്കൽ പൊന്നമ്മ (മേരി-68) അന്തരിച്ചു.

**ആലപ്പുഴ:** ഗവ. ടിടിസി റിട്ട. പ്രിൻസിപ്പൽ വെള്ളക്കിണർ നടുവിലേപറമ്പിൽ റോസ് തോമസ് (87) അന്തരിച്ചു.

## ഫാ. ജോൺ ജോസഫ് കുറുവാച്ചിറ

**കടപ്ലാമറ്റം:** ഡോൺബോസ്കോ സഭാംഗം ഫാ. ജോൺ ജോസഫ് കുറുവാച്ചിറ (84) അന്തരിച്ചു. സഹോദരങ്ങൾ: സോഫി ജോസഫ് (കാനഡ), സെലിൻ ജോസഫ്, ആൻസി ജോസ് (യുഎസ്), പരേതരായ സിസ്റ്റർ സിസിലി കുറുവാച്ചിറ (പാലാ), ജെയിംസ് ജോസഫ് (കടപ്ലാമറ്റം), സിസ്റ്റർ മേരി ജോസഫ്, ഫാ. ജോർജ് കുറുവാച്ചിറ, ലില്ലി ജെറോം (കോട്ടയം).

**മണർകാട്:** കെഎസ്ഇബി മൂലമറ്റം റിട്ട. എൻജിനീയർ (പെരുമാനൂർകുളം) തിരുവഞ്ചൂർ മാന്തറയിലായ ചിരവത്തറ കോളച്ചേരിയിൽ മാത്യു ജോസഫ് (കൊച്ചുമോൻ-62) അന്തരിച്ചു.

## റോസമ്മ മാത്യു



**ഡാളസ്:** നാലുകോടി ചങ്ങനാശ്ശേരി തടത്തിൽ മാത്യു സ്കറിയയുടെയും ശോശാമ്മ മാത്യുവിന്റെയും മകൾ റോസക്കുട്ടി മാത്യു (68) ഡാളസിൽ അന്തരിച്ചു. സെ. ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി അംഗമായിരുന്ന പരേത പാർക്ക്ലാൻഡ് ഹോസ്പിറ്റലിൽ നേഴ്സായിരുന്നു. ഭർത്താവ്: പാർക്ക്ലാൻഡ് റേഡിയോളജി വിഭാഗം ജീവനക്കാരനായിരുന്ന തിരുവല്ല ഇരട്ടപ്ലാമൂട്ടിൽ ഇ.സി. മാത്യു. മക്കൾ: റെനു മാത്യൂസ്, റെജു മാത്യു. മരുമക്കൾ: ക്രിസ്റ്റോഫർ ഫിലിപ്പ്, ജിൻസി മാത്യൂസ്.

**ചിങ്ങവനം:** പാറയിൽ ബഥേലിൽ പി.സി. ജോൺ (81) അന്തരിച്ചു.

**അതിരമ്പുഴ:** നെല്ലിപ്പള്ളിൽ പരേതനായ എം.എൻ. മാത്യുവിന്റെ മകൻ രാജു (58) അന്തരിച്ചു.

## പി.പി. ഉമ്മൻ

**വാകത്താനം:** എംആർഎഫ് റിട്ട. ഉദ്യോഗസ്ഥൻ നാലുന്നാക്കൽ പിള്ളച്ചിറ പി.പി. ഉമ്മൻ (കൊച്ച്-76) അന്തരിച്ചു. ഭാര്യ അരീപ്പറമ്പ് ചെന്നിക്കര ഏലിയാമ്മ. മക്കൾ: എബി, നോബി, സോഫി (യുഎസ്). മരുമക്കൾ: മീനടം ചാരോത്ത് സബിത, സൗത്ത് പാമ്പാടി ഐക്കരപടവിൽ ബബിത (സൗദി), കോന്നി കുഴിത്തോട്ടത്തിൽ ബിനു (യുഎസ്).

**മുണ്ടക്കയം:** പ്ലാന്ററും അഭിഭാഷകനുമായിരുന്ന ചാക്കോ ജോസ് കളളിവയലിൽ (ജെയിംസ്-74) അന്തരിച്ചു.

**അറക്കുളം:** കട്ടക്കയം എൽസി ജോസ് (58) അന്തരിച്ചു.

## വസ്തു വില്പനയ്ക്ക്

കോട്ടയം സംക്രാന്തി-ചെമ്മനംപടി ആറ്റുമാലി റോഡരുകിൽ river frontage ഉള്ളതും വെള്ളം കയറാത്തതുമായ 22.5 സെന്റ് വസ്തു മൊത്തമായോ പ്ലോട്ടുകളായോ വില്പനയ്ക്ക്. കോട്ടയം മെഡിക്കൽ കോളജിലേക്ക് 1200 മീറ്റർ മാത്രം.

**ഫോൺ: + 91 7012562340**

**Email - vidya99@yahoo.com**

## HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

## LIVE IN CAREGIVER WANTED IN CT

Looking for live in help in Stamford, CT area for elderly mother. She is healthy but needs help for daily living assistance (meals, bathing, dressing). Have car for use for Dr appointments, driving preferable.

**Call/Text Ann at**

**614-353-5145**

## ഉപകാരസ്മരണ



പരിശുദ്ധ കന്യകേ, രക്ഷകന്റെ മാതാവേ, പാപികളുടെയും രോഗികളുടെയും ദുഃഖിതരുടെയും, ദരിദ്രരുടെയും, അഗതികളുടെയും ആശ്രയമേ, ത്രിയേക ദൈവത്തിനു പ്രസാദിക്കപ്പെട്ട മാതാവേ, ജീവിതത്തിൽ വിവിധ പ്രതിസന്ധികളാലും പ്രശ്നങ്ങളാലും ഏറെ കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. അമ്മയോട് അപേക്ഷിക്കുന്നവരെ ഒരുനാളും ഉപേക്ഷിക്കയില്ലെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. നിന്നെ അഭയംപ്രാപിക്കുന്ന ദുഃഖിതരുടെ ആശ്വാസത്തിനായി, നിന്റെ പ്രിയപുത്രനിൽ നിന്നും നിനക്ക് വിശേഷവിധിയായി കിട്ടിയിട്ടുള്ള വരദാനങ്ങളെ ഈ അവസരത്തിൽ ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ... (ആവശ്യം പറയുക) അമ്മയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. എത്രയും ദയയുള്ള മാതാവേ, ഈ ആവശ്യം അമ്മയുടെ തൃക്കരങ്ങളിൽ സമർപ്പിക്കുന്നു. എന്റെ ഈ ആവശ്യത്തിൽ എന്നെ സഹായിക്കണമെന്ന് വിനയത്തോടും കണ്ണുനീരോടും കൂടി വിശ്വാസപൂർവ്വം ഞാൻ അപേക്ഷിക്കുന്നു. പരിശുദ്ധ അമ്മയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അമ്മയുടെ മഹത്വത്തെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മീൻ.

നന്മ നിറഞ്ഞ മറിയമേ, നിനക്കു സമാധാനം.....

*Inserted by: Firm Believer, Dallas*

## ഉപകാരസ്മരണ



*Inserted by: Firm Believer, Chicago*

## SEEKING A LIVE-IN CAREGIVER IN NASHVILLE, TENNESSEE

Seeking a live-In caregiver in Nashville, Tennessee, for my 75-year-old mother. She is mobile with the help of a walker, and needs help with daily activities and household work including cooking. Accommodation, food and attractive salary offered.

**Please contact**

**shinakp@gmail.com** or

call **615-423-7332**

## LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact:** USA- **630-209-5535,** KERALA- **9447572102**

## LIVE IN CARETAKER (FEMALE) NEEDED IN THE CHICAGO AREA

Needed in the Chicago area: Live in caretaker (female) to care for a 90-year-old mom. Call or text

**317-709-2317**

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New York*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Boston*

**Visit Our Website: www.keralaexpress.com for Classified Advt.**

# കാണാത്ത തീരങ്ങൾ

ജോയ്സി

## കഥ ഇതുവരെ

**പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലായിരുന്നു. വിവാഹാലോചന വന്നപ്പോൾ സന്ദീപിന്റെ അച്ഛൻ ഹൈക്കോടതി ജഡ്ജി ജയദേവൻ നമ്പ്യാർ ജാതകത്തിനു നിർബന്ധം പിടിച്ചു. അല്ലിമ ദത്തുപുത്രിയാണെന്ന് അച്ഛൻ രാജഗോപാലിനു പറയേണ്ടിവരുന്നു. അല്ലിമയുടെ ജനനസമയവും മാതാപിതാക്കളെയും കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. പിന്നീട് ചന്ദ്രബാബുവിനെ കാണാതായി. അഞ്ജനയുടെ ഭർത്താവ് ഡിവൈഎസ്പിയായ ഹേമചന്ദ്രനായിരുന്നു അതിനു പിന്നിൽ. അല്ലിമയുടെ മാതാപിതാക്കളുടെ തിരോധാനവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും സന്ദീപ് പരമ്പരയായി പത്രത്തിൽ പ്രസിദ്ധീകരിച്ചു. അതോടെ കേസ് പുനരന്വേഷണം തുടങ്ങി. ഹേമചന്ദ്രനും ബാലകൃഷ്ണമേനോനുമൊക്കെ കേസിൽ പ്രതിയായി. കല്ലാറ്റുപടിക്കലെ തോട്ടത്തിൽ മണ്ണുമാന്തി ഉപയോഗിച്ചു നടത്തിയ പരിശോധനയിൽ അസ്ഥികളും മറ്റും കണ്ടെടുത്തു. അതു കാണേണ്ടിയിരുന്നില്ലെന്ന് ചന്ദ്രബാബുവിന്റെ അമ്മ രമണി വിലപിക്കുന്നു....**

108

ചിറക്കടവിൽനിന്നു ബ്രഹ്മാനന്ദന്റെ ഫോൺ വന്നപ്പോൾ ഉണ്ണിയാണ് അടുക്കളയിലെ സ്ലാബിൽനിന്നു ഫോൺ എടുത്തു കൊണ്ടുപോയി ഉണ്ണിമായയ്ക്കു കൊടുത്തത്.

ഉണ്ണിമായ കോൾ എടുത്തപ്പോൾ ഹരീന്ദ്രൻ എവിടെ എന്ന ചോദ്യമാണ് ആദ്യം വന്നത്.

“ഹരിയേട്ടൻ കല്ലാറ്റുപടിക്കലോട്ടു പോയല്ലോ.”

“അവിടെ നടക്കുന്ന സംഭവങ്ങൾ വല്ലതും നീ അറിയുന്നൊണ്ടോ?”

“പുതിയതായിട്ട് എന്താ? പോലീസ് വന്ന് അവിടത്തെ തോട്ടത്തിൽ കുഴിച്ചതും അസ്ഥി പെറുക്കിയതും ഒക്കെയല്ലേ...”

“ഇപ്പോ ടിവിയിലെ ഏതെങ്കിലും ന്യൂസ് ചാനൽ വെച്ചുനോക്ക്. ബ്രേക്കിങ് ന്യൂസ്ന്നു പറഞ്ഞിട്ടാ വന്നോണ്ടിരിക്കുന്നത്. എന്നിട്ടു വീട്ടിലേക്കു പോരാൻ റെഡിയായി ഇരുന്നോ. ഞങ്ങളങ്ങോട്ടു വരുന്നൊണ്ട്.”

“ഞാനിവിടുന്ന് എങ്ങോട്ടു പോരാൻ?”

“പോലീസ് കേറി നിരങ്ങും ഇനിയവിടെ. അവരച്ഛനും മകനുംകൂടെ അനുഭവിക്കട്ടെ.”

“ഞാനിതൊക്കെ പ്രതീക്ഷിച്ചതാ. വരുന്നപോലെ വരട്ടെ.”

“നീ ന്യൂസ്ചാനൽ കണ്ടുനോക്ക്. അച്ഛൻ അങ്ങോട്ടു വരാൻ നിൽക്കാ. നിന്നേം ഉണ്ണിയേം കൂട്ടിക്കൊണ്ടു പോരാൻ.”

ഉണ്ണിമായ ഫോൺ നിർത്തിയിട്ട് ചെന്നു ടിവി ഓൺ ചെയ്ത് ന്യൂസ്ചാനൽ വെച്ചു.

ബ്രേക്കിങ് ന്യൂസ് തന്നെ.

മണിമലയിലെ കൊലപാതകം.

നിഗൂഢതയുടെ ചുരുളഴിയുന്നു –

– ഇരുപത്തിരണ്ടു വർഷം മുൻപു നടന്ന അതിക്രൂരമായ കൊലപാതകത്തിന്റെ രഹസ്യങ്ങൾ... മനുഷ്യമനസ്സാക്ഷിയെ ഞെട്ടിക്കുന്ന സംഭവങ്ങൾ!

സ്ക്രോളിങ്ങിൽ വരുന്ന വാർത്തയ്ക്കു പുറമേ ചില ശീർഷകങ്ങളും. ഇതിനെല്ലാമിടയിൽ ദൃശ്യങ്ങളും മാറിമാറി വരുന്നുണ്ട്.

തോട്ടത്തിൽ ജെസിബി മണ്ണുമാന്തിക്കുഴിക്കുന്നു. ഒരാൾ കുഴിയിലിറങ്ങി നിന്നു പിക്കാക്സുകൊണ്ടു കൊത്തുന്നു.

കുഴിയിൽനിന്നു പുറത്തെടുത്ത മണ്ണു പുതഞ്ഞ ഭാണ്ഡക്കെട്ട്.

എവിടെയോ ഒരു മേശയിൽ വിരിച്ച വെള്ളത്തുണിയിൽ മനുഷ്യാസ്ഥിപഞ്ജരത്തിന്റെ പൂർണരൂപത്തിൽ അടുക്കിച്ചേർത്ത അസ്ഥികളും തലയോട്ടിയും.

മറ്റൊരു മേശയിൽ അസ്ഥികളോടൊപ്പം കണ്ടെടുത്ത വസ്തുക്കൾ. തുരുമ്പെടുത്ത സ്റ്റീൽ ചെയിൻ, ഏലസ്, റിസ്റ്റ് വാച്ച്, ബെൽറ്റിന്റെ ചില ഭാഗങ്ങൾ, മോതിരം തുടങ്ങിയവ.

ഇവയെല്ലാം വർഷങ്ങൾക്കു മുൻപു കാണാതായ ചന്ദ്രബാബു എന്ന യുവാവിന്റേതാണെന്നു പോലീസ് സംശയിക്കുന്നുവെന്നും ഫൊറൻസിക് പരിശോധനകൾക്കു ശേഷംമാത്രമേ അതു സ്ഥിരീകരിക്കാൻ കഴിയൂ എന്നും മറ്റുമുള്ള വാർത്താവിശകലനങ്ങൾ!

ചന്ദ്രബാബുവിനെ കാണാതായ കേസിൽ ഈയടുത്ത കാലത്ത് അറസ്റ്റിലാവുകയും പിന്നീടു ജാമ്യത്തിലിറങ്ങുകയും ചെയ്തവരുടെ പേരുവിവരങ്ങൾ.

വോക്കിങ് സ്റ്റിക് നിലത്തു മുട്ടുന്ന ശബ്ദം കേട്ട് ഉണ്ണിമായ തലതിരിച്ചു നോക്കി.

അതു മല്ലികയായിരുന്നു.

അവർ ചുവടിടറി വരുന്നതു കണ്ട് ഉണ്ണിമായയ്ക്കു തെല്ലൊരു പരിഭ്രമം ഉണ്ടായി.

മല്ലിക വന്ന് ഉണ്ണിമായ നിൽക്കുന്നതിന്റെ പിൻഭാഗത്ത് ടിവി കാണത്തക്കവിധം നിന്നു.

“കാണാനൊള്ള കാഴ്ചകളൊക്കെയൊണ്ട്. അസ്ഥികൂടം മാന്തിയെടുക്കുന്നതും പത്തിരുപതു വർഷം മുൻപ് കൊന്നു കുഴിച്ചുമൂടിയ മകനെ തിരിച്ചറിയാനെത്തിയ പെറ്റമ്മയും അച്ഛനും, തെളിവിനായി കണ്ടെടുത്ത തൊണ്ടിവസ്തുക്കളും എല്ലാം കാണേണ്ടതു തന്നെയാ...”

ഉണ്ണിമായ അമർത്തിപ്പിടിച്ചു പറഞ്ഞു.

“ഉപ്പു തിന്നവര് വെള്ളം കുടിക്കട്ടെ.” മല്ലികയുടെ സ്വരത്തിൽ നൈരാശ്യം നിറഞ്ഞു.

“ഉപ്പു തിന്നവര് മാത്രമാണോ, തിന്നാത്തവരും കുടിക്കണമല്ലോ വെള്ളം. ആരെങ്കിലും രക്ഷപ്പെട്ടോ ഇതീന്ന്. തീർന്നിട്ടില്യ. മകൾടെ അസ്ഥികൂടം ഇനി കണ്ടെടുക്കാനിരിക്കുന്നതേയൊള്ളൂ.” മല്ലികയുടെ മുഖത്തൊരു നടുക്കം പ്രകടമായി.

“ആരടെ....?”

“മാളുവിന്റെ – അല്ലാതാരാ നിങ്ങൾക്ക് മകൾ?”

“അവൾ... അവളില്ലെന്നാരു പറഞ്ഞു. ആരെങ്കിലും പറഞ്ഞെങ്കി അത് നൊണയാ. അവളൊണ്ട്.”

“നമുക്ക് കാണാം... താമസിയാതെ പോലീസ് ഇങ്ങെത്തും. അച്ഛനേം മോനേം അറസ്റ്റ് ചെയ്യാൻ. ഇത്രയും കാലം പറഞ്ഞുനടന്ന കള്ളങ്ങളൊക്കെ അപ്പോ പൊളിയും...” ഉണ്ണിമായ തറപ്പിച്ചു പറഞ്ഞു.

“ഇതൊന്നും കാണാണ്ട് നേരത്തേ പോയാ മതിയാരുന്നു.” മല്ലിക വിലപിച്ചു.

ജഗന്നാഥക്കുറുപ്പ് ഹാളിലേക്കു വന്ന് ഷോകെയ്സിലും ടിവിയുടെ തട്ടിലും ധൃതിയിൽ എന്തോ തെരയുന്നുണ്ടായിരുന്നു.

“ആ കാറിന്റെ കീ എവിടെപ്പോയി?” അയാൾ ആരോടെന്നില്ലാതെ ചോദിച്ചു.

ആരും മറുപടി പറഞ്ഞില്ല.

“കേട്ടില്ലേ ചോദിച്ചത്?”

ജഗന്നാഥക്കുറുപ്പിനു ദേഷ്യം വന്നു.

“കാർ ഹരിയേട്ടൻ കൊണ്ടുപോയി.” ഉണ്ണിമായ പറഞ്ഞു.

“മറ്റേ കാറിന്റെ കീയാ ചോദിച്ചത്.”

ഉണ്ണിമായ ഉത്തരം പറയാതെ ഊണുമുറിയുടെ നേർക്കു പിന്തിരിഞ്ഞു പോയി.

“എങ്ങോട്ടു പോകാൻ വേണ്ടിയാ?” മല്ലിക മുന്നോട്ടു ചെന്നു ചോദിച്ചു.

“എങ്ങോട്ടെങ്കിലും പോണം...”

“ഇനി രക്ഷപ്പെടാൻ പറ്റ്വോ? ഇത്രേം കാലം കുഴിച്ചിട്ടതൊക്കെ പുറത്തു വന്നില്ലേ.” മല്ലിക ഭർത്താവിന്റെ മുഖത്തേക്ക് ഉറ്റുനോക്കി. “മാളുവിനെ എല്ലാരും കൂടെ എവിടെയാ കുഴിച്ചിട്ടത്?”

“മല്ലികേ...” ജഗന്നാഥക്കുറുപ്പ് അന്ധാളിപ്പിൽ വിളിച്ചു.

“എന്നോടെങ്കിലും സത്യം പറ. പോലീസ് വന്നു ചോദിക്കുമ്പ പറയണല്ലോ. ഇനീം കള്ളം പറഞ്ഞു പറ്റിക്കാൻ നോക്കിയാ നടക്കോ?”

“അവള് ജീവിച്ചിരിപ്പൊണ്ട്.” ജഗന്നാഥക്കുറുപ്പ് പറഞ്ഞു.

“ഒണ്ടോ?” മല്ലിക ഉദ്വിഗ്നയായി.

“എവിടെയാ?”

“അതെനിക്കറിഞ്ഞുകൂടാ. ഹരിക്കേ അറിയൂ...”

“പിന്നെ എന്ത് ഒറപ്പിലാ പറഞ്ഞത് അവൾ ജീവനോടെ ഒണ്ടെന്ന്.”

“അവളൊണ്ട്, തീർച്ചയൊള്ളതു കൊണ്ടാ പറഞ്ഞത്. ഹരി വരുമ്പോ നീ അവനോടു ചോദിക്ക്.”

“ഇല്ല. ഇനിയെനിക്ക് പത്രത്തീന്നും ടീവീന്നും അറിഞ്ഞാ മതി.” മല്ലിക ഇനി ഒന്നും ചോദിക്കാനും പറയാനുമില്ലെന്ന മട്ടിൽ തലയാട്ടിക്കൊണ്ടു പിന്തിരിഞ്ഞു. ജഗന്നാഥക്കുറുപ്പ് താക്കോൽ തിരയുന്നതു തുടർന്നു.

*** *** ***

ബാലകൃഷ്ണപ്പണിക്കരും അഞ്ജനയും മാത്രമേ ഉണ്ടായിരുന്നുള്ളൂ വീട്ടിൽ.

ഏതു നിമിഷവും പോലീസ് എത്തുന്നതു കാത്തിരിക്കുകയാണ് രണ്ടുപേരും. ചന്ദ്രബാബു കൊല്ലപ്പെട്ടതാണെന്ന് അസന്ദിഗ്ധമായി തെളിഞ്ഞ നിലയ്ക്ക് ഇതിനകം പോലീസ് എത്തിച്ചേർന്നു ബാക്കി നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

രാത്രിയായിട്ടും പോലീസ് വന്നില്ല.

അച്ഛനും മകളും കുറേനേരം ടിവി ന്യൂസ് കണ്ടുകൊണ്ടിരുന്നു.

ഇടയ്ക്ക് ബാലകൃഷ്ണമേനോൻ ജഗന്നാഥക്കുറുപ്പിനെ ഫോണിൽ വിളിച്ച് പോലീസ് അവിടെ ചെന്നോ എന്നു തിരക്കി.

ഇല്ലെന്നായിരുന്നു മറുപടി.

ശരി എന്നു പറഞ്ഞ് ബാലകൃഷ്ണമേനോൻ ഫോൺ വെച്ചു.

എന്തോ തീരുമാനിച്ചുറപ്പിച്ചതുപോലെ അച്ഛന്റെ മുഖത്തൊരു കഠിനഭാവം കണ്ട് അഞ്ജനയ്ക്കു വേവലാതിയായി.

“അച്ഛൻ ഹേമചന്ദ്രനെക്കൊണ്ട് ചെയ്യിച്ചതാണോ എല്ലാം. അതോ മറിച്ചാണോ?”

ബാലകൃഷ്ണമേനോൻ മകളുടെ, ചോദ്യം സ്ഫുരിക്കുന്ന കണ്ണുകളിലേക്കു നോക്കി നിമിഷങ്ങളോളം നിന്നു.

“ഞാനാരേം പഴിക്കാൻ തയാറല്ല. മല്ലികേടെ മോളെ തട്ടിയെടുത്തവൻ ജീവിച്ചിരിക്കരുതെന്ന് ഹേമചന്ദ്രൻ മാത്രമല്ല, ഞാനും ഹരിയും അവന്റച്ഛനും ആഗ്രഹിച്ചു. അത് ക്ഷമിക്കാൻ പറ്റാത്ത സംഗതിയാരുന്നു.”

“എന്നാലും തെറ്റാണെന്ന് അച്ഛനറിയാരുന്നില്ലേ. എല്ലാരുംകൂടെ നടത്തിയത് ദുരഭിമാനക്കൊലയല്ലേ...”

“തെറ്റാണെന്നല്ല – ശരിയാണെന്നാ അന്നു തോന്നിയത്.”

“ഇപ്പഴോ? കുറ്റം തെളിഞ്ഞാൽ അച്ഛനീ വയസ്സുകാലത്ത് ജയിലിൽ കിടക്കേണ്ടിവരില്ലേ?”

“ഞാനാരേം കൊന്നിട്ടില്ല.”

“കൂട്ടുനിന്നില്ലേ അച്ഛാ, അച്ഛന്റെ കാറിലല്ലേ ഡെഡ്ബോഡി കൊണ്ടുവന്നത്. അച്ഛന്റെ എരുത്തിലിലെ പോത്തിനെയല്ലേ കൊന്നത്. അതിന്റെ മറവിൽ അച്ഛന്റെ പേരിലുള്ള തോട്ടത്തിലല്ലേ ചന്ദ്രബാബുവിനെ കുഴിച്ചുമൂടിയത്. അല്ലെന്നു തെളിയിക്കാൻ പറ്റ്വോ അച്ഛന്?”

# നോവൽ

ബാലകൃഷ്ണമേനോൻ ബുദ്ധിമാന്ദ്യം ബാധിച്ചപോലെ അൽപസമയം വിദൂരതയിലേക്കെന്നവണ്ണം നോക്കിനിന്നു. പിന്നെ നിഷേധാർഥത്തിൽ തലയാട്ടി.

"മാളുവിന്റെ കാര്യത്തിലും അന്വേഷണം വരില്ലേ അച്ഛാ? അതിനും ഉത്തരം പറയണ്ടേ?" അപ്പോഴും ബാലകൃഷ്ണമേനോൻ നിഷേധാത്മകമായി തലയാട്ടി. ഒരു ഓട്ടോറിക്ഷയുടെ ശബ്ദം മുറ്റത്തുനിന്നു കേട്ടു.


"ആരോ വന്നിരിക്കുന്നല്ലോ-നോക്ക്." ബാലകൃഷ്ണമേനോൻ പറഞ്ഞു. അഞ്ജന എഴുന്നേറ്റുപോയി ജനാലയിൽകൂടി നോക്കി. മധ്യവയസ്സു പിന്നിട്ട രണ്ടു പുരുഷന്മാർ ഓട്ടോറിക്ഷയിൽനിന്ന് ഇറങ്ങി മുറ്റത്ത് നിൽപുണ്ടായിരുന്നു.

"ആരാ, എന്താ വേണ്ടേ?" അഞ്ജന തിരക്കി.

"മുതലാളിയെ ഒന്നു കാണണം."

"നിങ്ങളാരാണെന്നു പറ?"

"എന്റെ പേര് ശിവരാമൻ, ഇത് വർക്കി. വല്യ മുതലാളിയോടു പേര് പറഞ്ഞാ അറിയും."



അഞ്ജന തിരിച്ചുപോയി.

ബാലകൃഷ്ണമേനോനോട് ആഗതരുടെ ആവശ്യം പറഞ്ഞു. അവരുടെ പേര് കേട്ടതും ബാലകൃഷ്ണമേനോന്റെ മുഖം വിളറി.

"ആരാ അച്ഛാ അവരൊക്കെ?"

"പണ്ട് നമുക്കൊരു ഫിനാൻസ് കമ്പനി ഒണ്ടാരുന്നല്ലോ. വണ്ടികളുടെ ബുക്കും പേപ്പറും വാങ്ങിവെച്ച് പണം കടം കൊടുക്കുന്ന ബിസിനസ്. അന്ന് നമുക്കുവേണ്ടി പണം പിരിക്കാൻ നടന്നവരാ."

ബാലകൃഷ്ണമേനോൻ എഴുന്നേറ്റ് ഹാളിന്റെ മുന്നിലെ ഇരിപ്പുമുറിയിലേക്കു നീങ്ങി.

അഞ്ജന പുറകെ ചെന്നു.

"അച്ഛൻ വാതിൽ തുറക്കണ്ട. ആരാണെന്ന് നല്ല നിശ്ചയം പോലും ഇല്ല്യാണ്ട്."

ജനാലയ്ക്ക് അടുത്തുചെന്ന് നോക്കിയശേഷം ബാലകൃഷ്ണമേനോൻ വാതിൽ തുറന്നു.

ശിവരാമനും വർക്കിയും സിറ്റൗട്ടിന്റെ മുന്നിൽ വന്നുനിന്നു.

"നിങ്ങളെന്തിനാ ഇപ്പോ ഇങ്ങോട്ടു വന്നെ?"

"ഞങ്ങളെന്നതാ ചെയ്യേണ്ടതെന്ന് ചോദിക്കാൻ വേണ്ടി വന്നതാ മുതലാളീ."

ബാലകൃഷ്ണമേനോൻ അങ്ങിങ്ങ് നോക്കി.

"എന്താ നിങ്ങളുടെ പ്രശ്നം? ആര് പറഞ്ഞിട്ടാ ഇങ്ങ്ട് വന്നത്. ഹേമചന്ദ്രൻ പറഞ്ഞോ വരണന്ന്... എന്തുകാര്യത്തിനു വന്നു?"

"മൊതലാളീ, പണ്ട് പോത്തിന്റെകൂടെ തോട്ടത്തി മൂടിയിട്ട ശവം പോലീസ് മാന്തിയെടുത്തല്ലോ. ടീവീലൊക്കെ വാർത്ത വന്നോണ്ടിരിക്കുന്നു. കൊന്നവരേം കുഴിച്ചിട്ടവരേം, കൂടെ നിന്നവരേം എല്ലാവരേം പിടികൂടാൻ പോണെന്ന്. രണ്ടു ദിവസത്തിനകത്ത് എല്ലാരേം അറസ്റ്റ് ചെയ്യുമെന്ന്..."

"അതിനു നിങ്ങൾക്കെന്താ? നിങ്ങളോട് ആരു പറഞ്ഞു ഇങ്ങോട്ടുവരാൻ? അതും ഈ രാത്രീൽ?" ബാലകൃഷ്ണമേനോൻ അവരോട് കയർത്തു.

"മൊതലാളീ പോലീസ് പിടിച്ചാ ഞങ്ങളെന്നതാ പറയണ്ടേ?" വർക്കി ചോദിച്ചു.

"നിങ്ങൾക്ക് ഒന്നും അറിഞ്ഞുകൂടാ. അത്രേയുള്ളൂ. നിങ്ങളിങ്ങോട്ട് വരാൻ പാടില്ലാരുന്നു."

"പോലീസുകാര് രണ്ടു തവണ വീട്ടിൽ വന്നിട്ട് പോയി. ഞാനില്ലാത്തപ്പളാ വന്നെ. ഞങ്ങള് രണ്ടുപേരും അന്നേരം മൊതൽക്ക് മുങ്ങി നടക്കുവാ..." ശിവരാമൻ പറഞ്ഞു.

"നിങ്ങടെ ജോലി സിസി അടയ്ക്കാത്ത വണ്ടി പിടിക്കലല്ലായിരുന്നോ? അതുമാത്രം പറഞ്ഞാ മതി പോലീസിനോട്. ഒളിച്ചു നടക്കണ്ട. പോലീസിനു സംശയം കൂടും! കല്ലാറ്റുപടിക്കൽ കമ്പനീന്ന് പിരിഞ്ഞുപോന്നിട്ട് പത്തിരുപത് വർഷമായെന്നു പറ. വേറൊന്നും നിങ്ങൾക്കറിയത്തില്ല."

"കഷ്ടപ്പാടാ മുതലാളീ, ഈയൊരു ഓട്ടോറിക്ഷ ഒള്ളതുകൊണ്ടാ ജീവിച്ചുപോകുന്നെ. ഇത്രേം പ്രായമായില്ലേ. ഒന്നാമതേ പലതരം സൂക്കേടുകളാ. ജയിലിപ്പിടിച്ചിട്ടാ അവടെക്കെടന്ന് ചത്തുപോകത്തേയൊള്ളൂ."

"നിങ്ങള് ധൈര്യമായിട്ട് നിന്നാമതി. ഒരു കൊഴപ്പോം വരില്ല."

"എന്നതെങ്കിലും തട്ടുകേട് പറ്റിയാ മൊതലാളി ഞങ്ങളെ സഹായിക്കുവോ?"

"ആപത്തിൽ സഹായിച്ചവരെ ഉപേക്ഷിക്കരുതെന്നാ ഞാൻ പഠിച്ച പാഠം. ഞാൻ ജീവനോടിരിക്കുമ്പോ നിങ്ങളാരും പേടിക്കണ്ട. പക്ഷേ, ഒരു കാര്യം ഓർത്തോണം. വാവിട്ട് പറയരുത്. ഏതു പോലീസ് ചോദിച്ചാലും..."

"ഞങ്ങടെ കയ്യിലാണെങ്കി വെഷം വാങ്ങിത്തിന്നാൻപോലും കാശില്ല മൊതലാളീ..." വർക്കി ദൈന്യതയോടെ പറഞ്ഞു:

"അവിടെ നിക്ക്. ഞാൻ തരാം..."

ബാലകൃഷ്ണമേനോൻ തിരിച്ച് മുറിയിലേക്കു പോയി. തിരികെ വരുമ്പോൾ അയാളുടെ കയ്യിൽ അഞ്ഞൂറുരൂപ നോട്ടുകൾ കുറേയെണ്ണമുണ്ടായിരുന്നു. അതു പിടിച്ചിരിക്കുന്ന രീതി കണ്ടപ്പോൾത്തന്നെ അഞ്ജനയ്ക്കു മനസ്സിലായി, എണ്ണുകപോലും ചെയ്യാതെ കയ്യിൽ തടഞ്ഞത് എടുത്തുകൊണ്ടുവരികയാണെന്ന്.

"രണ്ട് പേരും കൂടി വെച്ചോ."

ബാലകൃഷ്ണമേനോൻ ആ നോട്ടുകൾ ശിവരാമന്റെ കയ്യിലേക്കു വെച്ചുകൊടുത്തു.

"ഇവിടെ അധികനേരം തങ്ങിനിൽക്കണ്ട. പൊയ്ക്കോ."

"എന്തെങ്കിലും സമ്പവിച്ചാ മൊതലാളി നോക്കിക്കോണേ..."

ശിവരാമൻ അപേക്ഷിച്ചു.

"ങാ, ചെല്ല്."

വർക്കി, മേനോന്റെ നേരെ കൈ കൂപ്പിയിട്ട് പിന്തിരിഞ്ഞു. ശിവരാമൻ ഓട്ടോ സ്റ്റാർട്ടാക്കി. വർക്കി ചെന്ന് അതിൽ കയറിയിരുന്നു. ഓട്ടോ മുറ്റത്തിട്ടു തിരിച്ച് ഗേറ്റിലേക്ക് ഓടി.

"അച്ഛാ" അഞ്ജന വിളിച്ചു.

"കഷ്ടകാലംന്നല്ലാതെ എന്തു പറയാനാ..." മേനോൻ പിറുപിറുത്തു.

"അവർക്കും അതിലൊക്കെ പങ്കുണ്ടായിരുന്നോ അച്ഛാ?"

"നീയതൊന്നും അറിയണ്ട..."

"അച്ഛന് അവരെ രക്ഷിക്കാൻ പറ്റ്വോ? അവർക്ക് പോലീസിന്റെ മുൻപിൽ പിടിച്ചുനിൽക്കാൻ സാധിക്ക്വോ?" ബാലകൃഷ്ണമേനോൻ ഒന്നും മിണ്ടാതെ അകത്തു കടന്ന് വാതിൽ അടച്ചു. സിറ്റൗട്ടിലെ ലൈറ്റ് കെടുത്തി.

"പോയിക്കിടന്ന് ഉറങ്ങിക്കോ." അയാൾ മകളോടു പറഞ്ഞു. അതിനുശേഷം തന്റെ മുറിയിലേക്കു പോയി. അർധരാത്രിക്കുശേഷം ഒരു ഫോൺകോൾ വന്നു. ജഗന്നാഥക്കുറുപ്പ് വിളിക്കുകയാണ്. അയാൾക്ക് ഇന്നു രാത്രി ഉറങ്ങാൻ കഴിയില്ലെന്നു മനസ്സിലായ മേനോൻ ഫോണെടുത്തു.

"എന്താടോ?"

ചോദ്യം അൽപം പരുഷമായി.

"ഉറക്കം വരുന്നില്ല. ഹരീടെ ഒരു വിവരോം ഇല്ല."

"സാരമില്ല നാളെ അറിയാം."

"ബാലേട്ടൻ ഒറങ്ങിയാരുന്നോ?"

"ഇല്ലെടോ ഇന്നത്തെ രാത്രി ഇങ്ങനെ പോട്ടെ. നാളെ ഒരു തീരുമാനത്തിലെത്താം."

"ഒന്നും വേണ്ടായിരുന്നു അല്ലേ ബാലേട്ടാ..."

"ഇതൊക്കെ ഇപ്പഴാലോചിച്ചാ മതിയോ? അന്നു പറയാരുന്നല്ലോ."

"പോലീസ് നാളെ വന്നേക്കുമെന്നു തോന്നുന്നു."

"ഉം, വരട്ടെ. താൻ ഫോൺ വെച്ചിട്ട് കിടക്ക്." മേനോൻ കോൾ കട്ട് ചെയ്തു. ഉറക്കമില്ലാതെ ദീർഘനേരം കിടക്കയിൽ നീണ്ടുനിവർന്നു കിടന്നു. ഇടയ്ക്ക് എണീറ്റിരുന്നു. മുറിയിൽ കുറച്ചു നടന്നു.

വെളുപ്പാൻകാലത്ത് മയങ്ങി.

രാവിലെ ഫോൺ റിങ് ചെയ്യുന്നതു കേട്ടാണ് ബാലകൃഷ്ണമേനോൻ കണ്ണുതുറന്നത്. ചുറ്റും മിഴിച്ചുനോക്കി. കോടതി മുറിയല്ല, ജഡ്ജിയില്ല, വക്കീലന്മാരില്ല, പോലീസുകാരില്ല, വിചാരണയുമില്ല.

തന്റെ കിടപ്പറയാണ്.

ഫോൺ എടുത്ത് ഹലോ പറഞ്ഞു.

"ബാലേട്ടാ..." മല്ലികയുടെ പരിഭ്രാന്തമായ ശബ്ദം. ബാലകൃഷ്ണമേനോന്റെ നട്ടെല്ലിലൂടെ തണുപ്പരിച്ചു കയറി.

"ഇവിടെ പോലീസ് വന്നിരിക്കുന്നു."

"ങ്ഹാ... വന്നോ?"

"അവരുടെ ചോദ്യം ചെയ്യല് നടക്കുവാ... ബാലേട്ടൻ ഇങ്ങോട്ടൊന്നു വര്വോ?"

"അതിന്റെ ആവശ്യം വരില്ല. പോലീസ് ഇങ്ങോട്ട് എത്തിക്കൊള്ളും."

"ഞങ്ങളെന്താ ബാലേട്ടാ ചെയ്യണ്ടെ?"

"ഒന്നും ചെയ്യണ്ട. ഫോൺ വെച്ചിട്ട് മിണ്ടാതിരിക്കുക. ഓക്കെ?"

കോൾ കട്ട് ചെയ്തിട്ടാണ് അയാൾ സമയം നോക്കിയത്. മണി ഏഴേമുക്കാൽ ആയിരിക്കുന്നു. വാതിലിൽ തട്ടുന്ന ശബ്ദം കേട്ടപ്പോൾ നെഞ്ചിലൊരു നടുക്കമുണ്ടായി.

അയാൾ എഴുന്നേറ്റ് വാതിൽ തുറന്നു.

അഞ്ജന! കയ്യിൽ ചായക്കപ്പ്!

"അച്ഛനെന്താ എണീക്കാൻ വൈകിയേ."

"ഉറങ്ങിയപ്പോ ഒരുപാട് ലേറ്റായി."

"ഉണ്ണിമായ വിളിച്ചിരുന്നു. മാങ്ങോട്ടുശേരീൽ പോലീസ് എത്തിയെന്ന്."

"ങ്ഹാ, ഇവിടേം വരും..."

"അച്ഛനെന്തു ചെയ്യും?"

ബാലകൃഷ്ണമേനോൻ കൈനീട്ടി ചായക്കപ്പ് വാങ്ങി.

"നീ പോയി റെഡിയായിക്കോ. എനിക്ക് പോലീസിന്റെ കൂടെ പോകേണ്ടിവന്നാ നീയിവിടെ ഒറ്റയ്ക്കായിപ്പോകും."

"ഞാനെങ്ങോട്ടുപോകാൻ?"

"മാങ്ങോട്ടുശേരീലേക്ക്. അവിടെ മല്ലികേം ഉണ്ണിമായേം ഉണ്ണീം മാത്രമേയൊള്ളൂ. ചെലപ്പോ മായേം മോനേം ചിറക്കടവുകാർ വന്നു കൊണ്ടുപോകും. മല്ലികയ്ക്ക് ആരെങ്കിലും കൂട്ടുവേണ്ടേ?"

"അപ്പോ ഹേമചന്ദ്രനും ഹരീന്ദ്രനും?"

"അവർക്കും പിടികൊടുക്കാതിരിക്കാൻ പറ്റില്ല."

ബാലകൃഷ്ണമേനോൻ ചായ കുടിച്ചുകൊണ്ടു കട്ടിലിലേക്ക് ഇരുന്നു. അരമണിക്കൂറിനകം പോലീസ് വാഹനങ്ങൾ കല്ലാറ്റുപടിക്കൽ വീട്ടുമുറ്റത്ത് എത്തി. ആരും വിളിക്കാതെതന്നെ ബാലകൃഷ്ണമേനോൻ സിറ്റൗട്ടിലേക്ക് ഇറങ്ങിച്ചെന്നു.

(ശേഷം 30-ാം പേജിൽ)

# വയനാട് ദുരന്തം; പിഞ്ചോമനകൾക്ക് മുലയൂട്ടാൻ ഉപ്പുതറയിൽനിന്ന് ഒരമ്മ

കട്ടപ്പന: വയനാട്ടിലെ ഉരുൾപൊട്ടലിൽ അമ്മമാരെ നഷ്ടമായ പിഞ്ചോമനകൾക്കു മുലയൂട്ടാൻ ഉപ്പുതറയിൽനിന്നൊരു അമ്മ.



ഉപ്പുതറ ഈറ്റക്കാനം പാറേക്കര സജിൻ വർഗീസിന്റെ ഭാര്യ ഭാവനയാണ് വയനാട്ടിലെ കുരുന്നുകൾക്കു മാതൃസ്നേഹത്തിന്റെ മുലപ്പാൽ നൽകാനെത്തിയത്.

രണ്ടു കുട്ടികളുടെ അമ്മയും ഇരുപത്തേഴുകാരിയുമായ ഭാവന വാർത്തകളിലൂടെയാണ് വയനാട്ടിലെ കുരുന്നുകളുടെ ദുരവസ്ഥ അറിഞ്ഞത്. ഏറ്റുമാനൂർ ഇലവുങ്കൽ കുടുംബാംഗമായ ഭാവനയ്ക്ക് അമ്മ ഷിജി പകർന്നു നൽകിയ മാതൃസ്നേഹത്തിന്റെ ഓർമകളാണ് വയനാട്ടിലെ പിഞ്ചോമനകൾക്കു കരുതലേകാൻ പ്രേരണ നൽകിയത്.

പിക്കപ് ഡ്രൈവറും യൂത്ത് കോൺഗ്രസ് ഉപ്പുതറ മണ്ഡലം മുൻ പ്രസിഡണ്ടുമായ ഭർത്താവ് സജിനോട് ഇക്കാര്യം പറഞ്ഞപ്പോൾ പൂർണപിന്തുണയാണ് ലഭിച്ചത്. തുടർന്ന് സമൂഹമാധ്യമങ്ങൾ വഴി വിവരം പങ്കുവെച്ചു.

"എനിക്കും കുഞ്ഞുമക്കളാണ് ഉള്ളത്. വയനാട്ടിലെ ക്യാംപിൽ കുഞ്ഞുമക്കൾ ഉണ്ടെങ്കിൽ അവരെ മുലപ്പാൽ നൽകി സംരക്ഷിക്കാൻ ഞാനും എന്റെ ഭാര്യയും തയാറാണ്" എന്ന സന്ദേശമാണ് 31-ന് വൈകിട്ട് സമൂഹമാധ്യമങ്ങൾ വഴി പങ്കുവെച്ചത്.

അതോടെ വയനാട്ടിൽ എത്താനാകുമോയെന്ന് അന്വേഷിച്ച് രാഹുൽ മാങ്കൂട്ടത്തിൽ ഉൾപ്പെടെയുള്ളവരുടെ വിളിയെത്തി. ഉടൻതന്നെ എത്താമെന്ന് അറിയിച്ചു.

തുടർന്ന് നാലുമാസം പ്രായമുള്ള എൽജിനെയും നാലുവയസ്സുള്ള ഇവാഞ്ചലീനയെയും കൂട്ടി പിക്കപ് ജീപ്പിൽ വയനാട്ടിലെത്തി.

# മുണ്ടക്കൈയിൽ 350 വീടുകൾ അപ്രത്യക്ഷമായി

ചൂരൽമല: അതിതീവ്ര ഉരുൾപൊട്ടലുണ്ടായ മുണ്ടക്കൈയിലെ നാനൂറോളം വീടുകളിൽ ഇപ്പോൾ അവശേഷിക്കുന്നത് 50 വീടുകൾ മാത്രം. ബാക്കിയുള്ള 350 വീടുകൾക്കും അവിടെ താമസിച്ചിരുന്നവർക്കും എന്തുപറ്റിയെന്ന ചോദ്യം അവശേഷിപ്പിക്കുന്നത് മരണസംഖ്യ ഇനിയും ഉയരുമെന്ന ആശങ്കയാണ്.

മേപ്പാടി പഞ്ചായത്തിലെ രേഖകൾ പ്രകാരം മുണ്ടക്കൈ പ്രദേശത്ത് നാനൂറോളം വീടുകളുണ്ട്. അമ്പതോളം വീടുകളൊഴികെ മറ്റൊന്നും ഇവിടെ കാണാനില്ലെന്ന് ഈ മേഖലയിൽനിന്നു കഷ്ടിച്ചു രക്ഷപ്പെട്ടു കുന്നിൻമുകളിൽ അഭയം തേടിയ ആളുകൾ ചൂണ്ടിക്കാട്ടുന്നു.

# കണക്ക് ബോധിപ്പിക്കണമല്ലോ

(22-ാം പേജിൽനിന്നും)

ഒന്നു ലഭിച്ചവനോ തന്റെ താലന്ത് കുഴിച്ചിട്ടു. യജമാനൻ മടങ്ങി വന്നപ്പോൾ അഞ്ച് ലഭിച്ചവനേയും രണ്ട് ലഭിച്ചവനേയും 'നീ അല്പത്തിൽ വിശ്വസ്തനായി, എന്നു മാത്രമല്ല നല്ലവനും വിശ്വസ്തനുമായ ദാസൻ എന്നു വിളിച്ച് അനുഗ്രഹിച്ചിട്ട് ഞാൻ നിന്നെ അധികത്തിൽ വിചാരകനാക്കും, നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്ക' എന്നു പറഞ്ഞു. ആ സന്തോഷം പ്രാപിക്കാൻ വിശ്വസ്തരായ ദാസർക്കു കഴിഞ്ഞു. ഒരു താലന്ത് ലഭിച്ചവനെ ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്ക് തള്ളിക്കളഞ്ഞു. നമ്മുടെ യജമാനനായ കർത്താവ് നമ്മെ നല്ലവനും വിശ്വസ്തനുമായ ദാസനെയെന്നു വിളിച്ചു സന്തോഷത്തിലേക്ക് നയിക്കേണ്ടതിനായി നമുക്ക് പ്രയത്നിക്കാം, അദ്ധ്വാനിക്കാം, വിശ്വസ്തരായിരിക്കാം. കാര്യവിചാരത്തിന്റെ കണക്ക് ബോധിപ്പിക്കേണ്ടി വരുമെന്ന് അറിഞ്ഞുകൊൾക. അന്ന് നമ്മുടെ കൈകൾ ബലപ്പെട്ടിരിക്കണം. വിശ്വസ്തത ഭൂമിയിൽ നിന്നു മുളയ്ക്കുന്നു. വിശ്വസ്തതയോടെ കാര്യവിചാരത്തിന്റെ കണക്കുമായി കർത്താവിനെ കാത്തിരിക്കാം.

# നോവൽ

(29-ാം പേജിൽ നിന്നും)

പോലീസ് ഉദ്യോഗസ്ഥർ വാഹനങ്ങളിൽനിന്ന് ഇറങ്ങി.

ഇന്നലെ രാത്രി വന്നിട്ടുപോയ ശിവരാമനെയും വർക്കിയെയും പോലീസ് ജീപ്പിൽനിന്ന് ഇറക്കിനിർത്തി. ജഗന്നാഥക്കുറുപ്പിനെ സിറ്റൗട്ടിലേക്കു കൂട്ടിക്കൊണ്ടുവന്നു. പോലീസ് ഓഫീസർ ബാലകൃഷ്ണമേനോനെ അഭിമുഖീകരിച്ചു.

"തെളിവുകളെല്ലാം കിട്ടിക്കഴിഞ്ഞു. ഇന്നലെ രാത്രി ഇവിടെ വന്നിട്ടുമടങ്ങിയ വർക്കിയെയും ശിവരാമനെയും മണിമലപ്പാലം കടക്കുംമുൻപേ ഞങ്ങൾ വലയിലാക്കി."

"അത് നിങ്ങളുടെ ഡ്യൂട്ടി."

"ഓക്കെ. അവരും താങ്കളുമായി എന്താ ബന്ധം?"

"പണ്ടെന്റെ ഓഫീസിലെ ജീവനക്കാരായിരുന്നു."

"വേറൊന്നുമില്ലേ?"

"ഇല്ലെന്നാണ് എന്റെ ഓർമ്മ."

"പക്ഷേ, അവർക്ക് നല്ല ഓർമയൊണ്ടല്ലോ മിസ്റ്റർ ബാലകൃഷ്ണമേനോൻ. ചന്ദ്രബാബുവിനെ കാണാതായതിന്റെ പിറ്റേന്ന് തൊഴുത്തിൽ നിന്ന പോത്തിനെ തോട്ടത്തിലെ ചെരിവിൽ കൊണ്ടുകെട്ടിയതും കഴുത്തിൽ കുരുക്കിട്ടു കൊന്നതും അവരാണെന്ന് അവർതന്നെ സമ്മതിച്ചല്ലോ. ജെസിബി കൊണ്ടുവന്ന് തെങ്ങുംപറമ്പിൽ മാന്തിയ വലിയ കുഴിക്കരികെ രാത്രി ചെങ്കല്ലിന്റെ പാളികൾ എത്തിച്ചത് അവരാണെന്നും ഏറ്റുപറഞ്ഞല്ലോ."

ബാലകൃഷ്ണമേനോന്റെ നെറ്റിയിൽ വിയർപ്പുതുള്ളികൾ കുമിളച്ചു.

"അതു മാത്രമല്ല. നിങ്ങൾടെ കാറിന്റെ ഡിക്കിയിൽ വളച്ചാക്കിലും ചണച്ചാക്കിലും പൊതിഞ്ഞുകിടത്തിയിരുന്ന ഡെഡ്ഹോഡി എടുത്ത് പ്ലാസ്റ്റിക്കിനുള്ളിൽ പായപോലെ തെറുത്തു പൊതിഞ്ഞ് കുഴിക്കുള്ളിൽ ഇറക്കിവെച്ച് മണ്ണിട്ടു ബോഡി മൂടിയതും, അതിനുമീതെ ചെങ്കൽപാളി നിരത്തി വീണ്ടും മണ്ണിട്ടുമൂടിയതും അവർ സമ്മതിച്ചുകഴിഞ്ഞു. അതിനുമീതെ ആരും സംശയിക്കാതിരിക്കാൻ വെള്ളം കോരിയൊഴിച്ച് രാത്രി മഴ നനഞ്ഞ മണ്ണുപോലെയാക്കിയതും അവർ തുറന്നു പറഞ്ഞുകഴിഞ്ഞു. ഡെഡ്ബോഡി പൊതിയാൻ ഉപയോഗിച്ച പ്ലാസ്റ്റിക് ഷീറ്റ്, ഇവിടെ പുറംപണിക്കാർക്കു ഭക്ഷണം കൊടുക്കാൻ പിൻവരാന്തയിൽ ഇട്ടിരുന്ന ഡെസ്കിനുമീതെ വിരിച്ചിരുന്നതാണെന്നുകൂടി ഏറ്റുപറഞ്ഞപ്പോ ഞങ്ങൾക്ക് കിട്ടേണ്ട തെളിവുകളൊക്കെ ഏകദേശം പൂർത്തിയായി. ഇനി നിങ്ങൾടെ കുറ്റസമ്മതംകൂടി മതി."

"അത് ഇവിടെവെച്ച് വേണോ? നിങ്ങൾ അറസ്റ്റ് ചെയ്യാൻ വന്നതല്ലേ. കസ്റ്റഡിയിലെടുത്ത് സ്റ്റേഷനിൽ കൊണ്ടുപോയി ചോദ്യംചെയ്യുമ്പോ പോരേ...?"

"മതി ചോദിച്ചെന്നേയുള്ളൂ. നിങ്ങളുടെ സഹോദരീഭർത്താവ് കുറ്റം സമ്മതിച്ചുകഴിഞ്ഞു."

ബാലകൃഷ്ണമേനോൻ ജഗന്നാഥക്കുറുപ്പിനെ നോക്കി. തലതാഴ്ത്തി അപമാനിതനായി നിൽക്കുകയാണ് അയാൾ.

ബാലകൃഷ്ണമേനോൻ പിന്തിരിഞ്ഞ് അകത്തേക്കു നോക്കി വിളിച്ചു.

"മോളേ..."

അഞ്ജന വാതിലിനരികെ നിൽപുണ്ടായിരുന്നു. അവർ സിറ്റൗട്ടിലേക്കിറങ്ങി നിന്നു.

"നീ പോകാനിറങ്ങിക്കോ. ഇപ്പത്തന്നെ. ഞാൻ പോയിക്കഴിഞ്ഞ് ഇവിടാരും വേണ്ട. എനിക്ക് വീട് പൂട്ടണം." അഞ്ജന അച്ഛനെ ദയനീയമായി നോക്കി.

"മോളെ എന്നെ ഇവര് കൊണ്ടുപോകാൻ വന്നിരിക്കയാ പോകാതെ പറ്റില്ല."

അഞ്ജന ബാഗ് ഒരുക്കിവെച്ചിട്ടുണ്ടായിരുന്നു. ബാഗും കാറിന്റെ കീച്ചെയ്നും എടുത്ത് അവൾ സിറ്റൗട്ടിലേക്കു വന്നു. അച്ഛനെ നോക്കി.

"യാത്രയൊന്നും പറയണ്ട. പൊയ്ക്കോ."

അഞ്ജന മുറ്റത്തേക്കിറങ്ങി. കാറിൽ ചെന്നു കയറി. ബാലകൃഷ്ണമേനോൻ പോലീസ് ഓഫീസറോടു പറഞ്ഞു:

"ഞാനീ മേൽവസ്ത്രമൊന്നു മാറ്റിക്കോട്ടെ. അഞ്ചു മിനിറ്റ്."

പോലീസ് ഓഫീസർ ഒന്നു സംശയിച്ചു.

"ഞാനീ എൺപതാം വയസ്സിൽ ഓടിക്കളയുമെന്നു തോന്നുന്നുണ്ടോ?" ബാലകൃഷ്ണമേനോന്റെ സ്വരത്തിൽ പരിഹാസം കലർന്നു.

"ഇല്ല. ഡ്രസ് മാറിക്കോളൂ."

"താങ്ക്യൂ."

ബാലകൃഷ്ണമേനോൻ അകത്തേക്കു പോയി. അഞ്ജനയുടെ കാറിനു കടന്നുപോകാൻ പോലീസ് വാഹനങ്ങൾ മാറ്റി ഒതുക്കുകയായിരുന്നു ഡ്രൈവർമാർ.

അഞ്ജന സാവധാനം കാറോടിച്ചുപോയി. ബാലകൃഷ്ണമേനോൻ ഡ്രസ് മാറി വരുന്നതു കാത്തുനിൽക്കുകയായിരുന്നു പോലീസ് സംഘം.

പെട്ടെന്ന് അന്തരീക്ഷത്തിൽ ഒരു നടുക്കം സൃഷ്ടിച്ചുകൊണ്ട് വീടിനുള്ളിൽനിന്ന് ഒരു വെടിയൊച്ച മുഴങ്ങി.

റബർ മരക്കൊമ്പുകളിലും മതിലിലും ഇരുന്ന കാക്കകൾ പൊടുന്നനെ കരഞ്ഞു പറന്നു.

(തുടരും)

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______
❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS
3425 CLEVELAND ST, SKOKIE, ILLINOIS 60076
630 728 7956 FAX : 773 304 1917

Subscription fee non-refundable

VISA MasterCard DISCOVER


ട്രൈസ്റ്റേറ്റ് കേരളാ ഫോറം
TRISTATE KERALA FORUM ONAM '24
ട്രൈസ്റ്റേറ്റിലെ എല്ലാ മലയാളികളെയും പങ്കെടുപ്പിച്ചുകൊണ്ട്
ട്രൈസ്റ്റേറ്റ് കേരളാ ഫോറം ഒരുക്കുന്ന വമ്പിച്ച ഓണാഘോഷം
ഫിലഡൽഫിയയിൽ
TRISTATE KERALA FORUM • PHILADELPHIA
Syro Malabar Church Auditorium, 608 Welsh Rd,
Philadelphia, P A - 19115
ആഗസ്റ്റ് 31 ശനിയാഴ്ച ഉച്ചക്ക് 12:00 മണി മുതൽ
Saturday, August 31st, 2024 - 12:00 PM
Powered by
KVK TECH
Navaneeth Unnikrishnan
Chief Guest &
Onam Message
FLOWERS
Asianet
pravasi
KAIRALI
Abhilash john Chairman
Binu Mathew General Secretary
Philipose Cherian Treasurer
John Panicker Joint Secretary
Rajan Samuel Joint Treasurer
Joby George Onam Chairman
Vincent Emmanual Program Coordiantor
George Nadavayal Kerala Day Chairman
Suresh Nair
Sajan Varghese
Alex Thomas
George Olikkal
Sudha Kartha
Executive Vice Chair Persons
Sumodh Nellillala PRO
Rony Varghese Award
Georgekutty Lukose Karshaka Rathna
Geemon George Procession Coordinator
Sosamma Cherian
Bridget Vincent
Celine Oalickal
Best couple/ Best Men /Best Women Coordinators:
Arun Kovattu Program Producer
Alex Babu Social Media Coordinator
Asha Augustine Thiruvathira Coordinator
Sara Ipe Reception Cordinator
Sadasivankunji Kerala Coordinator
Chair Persons : Participating Associations : Fr. Modayil Philips (PAMPA) , Sunny Kizhakemuriyil (Kottayam Association), Philipose Cherian (Friends of Thiruvalla), Reji Cherukathara (Friends of Ranni), Suda Kartha (NSS, PA), P K Somarajan (SNDP), Abraham V Joseph (MELA), Sara Ipe (PIANO), Prof. Koshy Thalakal (Philadelphia Malayala Sahithya Vedhi), Chacko Abraham (CIMIO), Lawrance Thomas (PHILMA), Sreejithi Komath (MAP), Shyla Rajan (ORMA), IPCO
Coordinators: Benny Kottaram, Dileep George, Dennis Jacob, John P Varkey, Joseph P Mani, George Joseph, George Mathew, Sunil Lamannil, James Chacko, Mathew George, Jayan Pillai, Thomas Joy, Jomal Thomas, Mody Jacob, K O Varghese, Biju Abraham, Tinu Johnson, Kurian Polachirackal, Jaison Varghese, Aby Mathew, Jaison Thomas, Dominic P Jacob, Jayasree Nair, Jaya Sumodh, Deepa James, Lekha Jayakumar, Kurian Rajan, Thomas Behanan, Thomas Paul
"Serving Community for more than 25 Years"
INJURED in an ACCIDENT?
ATTORNEYS AVAILABLE 24/7
NO RECOVERY - NO FEE
EXPERIENCED CRIMINAL DEFENSE ATTORNEY IN OUR TEAM
LAW OFFICES OF KUNNEL, ORTIZ & THIRUSELVAM
KOT Law
THE KEY TO YOUR DREAM HOME
LIJO GEORGE
REALTOR
EMMANUEL REALTY
MAYURA
INDIAN RESTAURANT
9321-23, krewstown Rd
Philadelphia, PA 19115
2673773250
Best Compliments from...
Chaman Popli
Popli Group LLC
Riya the travel expert!
24X7 1 877 669 7492
WWW.RIYA.TRAVEL
INCREDIBLE DEALS AND PACKAGES ON CHRISTIAN PILGRIMAGE TOURS
HealthcareSTAT
Home Care (HHC)
Compassionate Care For Your Loved Ones
JCAHO, Medicare & Medicaid certified
NURSING SERVICES
HOME HEALTH AIDE SERVICES
THERAPY SERVICES
Angel Star
ADULT DAY CARE
Meals & Free Transportation Provided

# Mukkut Monuments Inc.

mukkutmonuments@gmail.com
www.mukkutmonuments.com

ഒരു മലയാളി സ്ഥാപനം

**Creating unique permanent memories of your departed loved one forever**




We are a family owned caring and compassionate business.

We understand your loss and want to work with you to make the most beautiful tribute to your loved one.

- *Designed and carved in beautiful stones*
- *Delivered and installed anywhere in US with quality that is unmatched and with the lowest price guarantee*

**PH: 972-342-0041**

Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**